# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2018 ഫെബ്രുവരി വോള്യം: 6. ലക്കം: 7

6 കേന്ദ്ര ബജറ്റ്
പ്രഭാത് പട്നായിക്ക്






9 സാമ്പത്തിക സർവേ
പ്രഭാത് പട്നായിക്ക്



12 തൊഴിൽമേഖലയെ തകർക്കുന്ന കേന്ദ്രബജറ്റ്
ഡോ. കെ.എസ്. പ്രദീപ്കുമാർ

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്
പി. നന്ദകുമാർ
കെ ചന്ദ്രൻപിള്ള

അച്ചടി
പി.കൃഷ്ണപിള്ള മെമ്മോറിയൽ
പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി,
തിരുവനന്തപുരം




കേന്ദ്ര നീക്കം സമ്പൂർണ സ്വകാര്യവൽക്കരണത്തിന് 14
എളമരം കരീം

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് 19
ടി.പി. രാമകൃഷ്ണൻ

റെയിലാഫീസറുടെ പെട്ടി എടുക്കാത്തതെന്ത്? 22
അഡ്വ. എ.സമ്പത്ത്

കേരള ബജറ്റ് ഒരു ബദൽ മാതൃക 28
ജോസ് ടി. എബ്രഹാം

പഞ്ചാബ് നാഷണൽ ബാങ്ക് തട്ടിപ്പ് 42

കോർപറേറ്റുകളുടെ സമ്പത്ത് വർധിപ്പിക്കുന്ന ബജറ്റ് 50
എൻ. പത്മലോചനൻ

എഡിറ്റോറിയൽ

# അസമത്വം വർധിക്കുന്നു...!

വർധിച്ചുവരുന്ന സാമ്പത്തിക അസമത്വത്തിൽ "ആശങ്ക" പ്രകടിപ്പിക്കുന്നതിൽ ലോക നേതാക്കൾ തമ്മിൽ മൽസരമാണ്. അന്തർദേശീയ നാണയനിധി മേധാവി ക്രിസ്റ്റ്യൻ ലെഗാർഡ് മുതൽ, ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോഡി വരെ ഇക്കാര്യത്തിൽ മുൻപന്തിയിലാണ്. എന്നാൽ, ഈ സ്ഥിതിക്ക് ഒരു മാറ്റമുണ്ടാക്കാൻ ഒരു നടപടിയും സ്വീകരിക്കാൻ ഇവരാരും സന്നദ്ധരല്ല. സാമ്പത്തിക അസമത്വത്തിന് പരിഹാരം കാണാൻ കഴിയാത്തതല്ല പ്രശ്നം. സമ്പന്നരിൽ സമ്പത്ത് കുന്നുകൂടുന്ന അവസ്ഥ സൃഷ്ടിക്കുന്ന നയം നടപ്പാക്കാനാണ് ഇക്കൂട്ടർക്കെല്ലാം താൽപര്യം. സാമ്പത്തിക അസമത്വം സൃഷ്ടിക്കുന്ന ക്ലേശകരമായ ജീവിതത്തിന്റെ ഭാരം പേറുന്ന ജനങ്ങൾ രോഷവും, പ്രതിഷേധവും പല രൂപത്തിൽ പ്രകടിപ്പിക്കുന്നു.

കഴിഞ്ഞ ഒരു ദശകക്കാലത്ത് രാജ്യങ്ങൾ തമ്മിലും, ഒരു രാജ്യത്തെ സമ്പന്നരും ദരിദ്രരും തമ്മിലുള്ള അസമത്വം ഭീമമായി വർധിച്ചിരിക്കുകയാണ്. നയരൂപീകരണം നടത്തുന്നവരുടെ സാമ്പത്തിക വിദഗ്ധന്മാർ, ഇന്നത്തെ സ്ഥിതി രൂപം കൊള്ളുന്നതിൽ വലിയ സംഭാവന നൽകിയിട്ടുണ്ട്. സാമ്പത്തിക അസമത്വം സംബന്ധിച്ച "വേൾഡ് ഇൻ-ഇക്വാലിറ്റി റിപ്പോർട്ട് 2018" ഈയിടെ പുറത്തുവന്നു. പ്രസിദ്ധ സാമ്പത്തിക വിദഗ്ധന്മാരായ തോമസ് പിക്കറ്റി, ലൂക്കാസ് ചാൻസൽ എന്നിവരുൾപ്പെടുന്ന ഒരു സംഘമാണ് ഈ റിപ്പോർട്ട് തയാറാക്കിയത് എന്നറിയുമ്പോൾ, അതിന്റെ ആധികാരികതയിൽ ആരും സംശയിക്കില്ല. ഇതേസമയത്ത് തന്നെയാണ് ഓക്സ്ഫാം റിപ്പോർട്ടും പുറത്തുവന്നത്. ലോകത്ത് സാമ്പത്തിക അസമത്വം എത്ര ഭയാനകമായ നിലയിൽ വളർന്നുവന്നു എന്ന് ഈ രണ്ട് റിപ്പോർട്ടുകളും വ്യക്തമാക്കുന്നുണ്ട്.

2017-ൽ ലോകത്ത് സൃഷ്ടിക്കപ്പെട്ട സമ്പത്ത് ഭൂരിപക്ഷവും വൻകിട സമ്പന്നവിഭാഗത്തിന്റെ കയ്യിലേക്കാണ് പോയത്. കോടീശ്വരന്മാരുടെ എണ്ണത്തിൽ വമ്പിച്ച വർധനവാണുണ്ടായത്. രണ്ടു ദിവസങ്ങൾ കൂടുമ്പോൾ ഒരാൾ എന്ന തോതിലാണ് കോടീശ്വരന്മാരുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുന്നത്. ലോകത്താകെ 2043 ശതകോടീശ്വരന്മാരുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഇവരിൽ 10-ൽ ഒൻപതും പുരുഷന്മാരാണ്. കഴിഞ്ഞ ഒരു വർഷത്തിൽ മാത്രം, അതിസമ്പന്നരായ ഒരുപറ്റം ശതകോടീശ്വരന്മാരുടെ സമ്പത്തിൽ 762 ബില്യൻ ഡോളർ വർധിച്ചു. ഈ തുക ലോകത്താകെ മനുഷ്യവികസനത്തിനും, ദാരിദ്ര്യനിർമാർജനത്തിനുമായി ലോകത്താകെ സർക്കാരുകൾ ചെലവഴിച്ച, പൊതുചെലവിനേക്കാൾ പലമടങ്ങ് കൂടുതലാണ്. ലോക ജനതയിലെ മുകൾത്തട്ടിലുള്ള ഒരു ശതമാനത്തിന്റെ സമ്പത്ത്, അവശേഷിക്കുന്ന 99 ശതമാനത്തിന്റെ സമ്പത്തിനേക്കാൾ വളരെ കൂടുതലാണ്. ശതകോടീശ്വരന്മാരുടെ സമ്പത്തിൽ ഭീമമായ വർധനവുണ്ടാവുന്നത് 'ചങ്ങാത്ത മുതലാളിത്ത'ത്തിന്റെ ഫലമായിട്ടാണ്. മുതലാളിത്ത രാജ്യങ്ങളിലെ നയങ്ങളിൽ അനുകൂലമായ മാറ്റം വരുത്തിയാണ് സമ്പത്ത് വാരിക്കൂട്ടാൻ സമ്പന്നവർഗത്തിന് സാധിക്കുന്നത്. ലോകമുതലാളിത്തം പ്രതിസന്ധി നേരിടുന്ന കാലത്തും സ്വകാര്യ കുത്തക കമ്പനി ഓഹരി ഉടമകളും, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരും നേടുന്ന വരുമാനം വർധിക്കുകയാണുണ്ടായത്. ഓക്സ്ഫാം റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച ഒരു ഉദാഹരണം ശ്രദ്ധിക്കുക. വിയറ്റ്നാമിലെ വസ്ത്ര ഉൽപ്പാദന മേഖലയിൽ ജോലി ചെയ്യുന്ന 2.5 ദശലക്ഷം തൊഴിലാളികൾക്ക് ഇപ്പോൾ നൽകുന്ന ശരാശരി വേതനം ജീവിക്കാനാവശ്യമായ വേതനമാക്കി (ലിവിംഗ് വേജസ്) ഉയർത്താൻ ഒരുവർഷം 2.2 ബില്യൻ (1 ബില്യൻ = 100 കോടി) ഡോളർ മതിയാവും. ഈ തുക വസ്ത്ര ഉൽപ്പാദനമേഖലയിലെ അഞ്ച് ബഹുരാഷ്ട്ര കുത്തക കമ്പനികളുടെ ഓഹരിയുമടകൾ ഒരുവർഷം നേടുന്ന ലാഭവിഹിതത്തിന്റെ മൂന്നിലൊന്ന് മാത്രമാണ്.

രാജ്യങ്ങൾക്കുള്ളിലും, രാജ്യങ്ങൾ തമ്മിലുമുള്ള സാമ്പത്തിക അസമത്വം അടുത്ത വർഷങ്ങളിലായി കൂടുതൽ വഷളായി. കോർപറേറ്റുകളുടെ മേലുള്ള നികുതികൾ വെട്ടിച്ചുകൊണ്ടു മാത്രമല്ല, കമ്പനികൾക്ക് നേട്ടമുണ്ടാവുന്ന വിധത്തിൽ ടാക്സുകൾ പരിഷ്കരിക്കാൻ സർക്കാരിന്റെമേൽ

സമ്മർദം ചെലുത്തി അനുകൂലമാക്കാൻ കഴിയുന്നതുകൊണ്ടു കൂടിയാണ് കോടീശ്വരന്മാർ കൈവശപ്പെടുത്തുന്ന കള്ളപ്പണത്തിന്റെ അളവ് കൂടിയത്. "പനാമ പേപ്പർ", "പാരഡൈസ് പേപ്പർ" എന്നീ രേഖകളിലൂടെ പുറത്തുവന്ന വിവരമനുസരിച്ച് ഏകദേശം 7.6 ട്രില്യൻ (1 ട്രില്യൻ = 1 ലക്ഷം കോടി) ഡോളർ കള്ളപ്പണം, സ്വരൂപിക്കപ്പെട്ടിരിക്കുന്നു. പ്രമുഖ സാമ്പത്തിക വിദഗ്ധൻ ഗബ്രിയേൽ സുഖ്മേൻ നടത്തിയ ഗവേഷണത്തിലൂടെ പുറത്തുവന്നത്, ലോകജനസംഖ്യയിലെ മുകൾത്തട്ടിലുള്ള ഒരു ശതമാനം സമ്പന്നർ ഒരുവർഷം നികുതി വെട്ടിപ്പിലൂടെ 200 ബില്യൻ ഡോളർ കരസ്ഥമാക്കുന്നു എന്നാണ്. ഈ തുകയിൽ ഭൂരിപക്ഷവും വികസ്വര രാഷ്ട്രങ്ങളുടെ റവന്യൂവരുമാനത്തിൽ ചോർച്ചയുണ്ടാക്കിയാണ് സമ്പന്നന്മാരുടെ പോക്കറ്റുകളിലെത്തുന്നത്.

കോർപറേറ്റ് കമ്പനികളിലെ ചീഫ് എക്സിക്യൂട്ടീവുമാരുടെ വരുമാനത്തിൽ വമ്പിച്ച വർധനവാണ് ഉണ്ടാവുന്നത്. ഉദാഹരണത്തിന്, ദക്ഷിണ ആഫ്രിക്കയിലെ തൊഴിലാളികളിലെ മുകൾത്തട്ടിലുള്ള 10 ശതമാനം, ആകെ തൊഴിലാളികളുടെ വേതനത്തുകയുടെ പകുതി കരസ്ഥമാക്കി. തൊഴിലാളികളുടെ താഴെ തട്ടിലുള്ള പകുതി വിഭാഗത്തിന് ആകെ വേതനത്തുകയുടെ 12 ശതമാനം മാത്രമാണ് ലഭിച്ചത്. അമേരിക്കയിലെ ഒരു കോർപറേറ്റ് കമ്പനിയുടെ ചീഫ് എക്സിക്യൂട്ടീവിന് ഒരുദിവസം ലഭിക്കുന്ന വരുമാനം ആ രാജ്യത്തെ ഒരു സാധാരണ തൊഴിലാളി ഒരു വർഷം കൊണ്ട് നേടുന്നതിന് സമമായ വരുമാനമാണ്. ബംഗ്ലാദേശിലെ ഗാർമെന്റ് വ്യവസായത്തിലെ ഒരു സ്ത്രീത്തൊഴിലാളി ജീവിതകാലം മുഴുവൻ നേടുന്ന വരുമാനം, ഗാർമെന്റ് മേഖലയിലെ 5 പ്രമുഖ ബഹുരാഷ്ട്ര കുത്തക കമ്പനികളിലെ ഒരു ചീഫ് എക്സിക്യൂട്ടീവ് വെറും നാലുദിവസം കൊണ്ട് നേടും.

സാമ്പത്തിക അസമത്വം വർധിച്ചുവരുന്ന രാജ്യമാണ് ഇന്ത്യ. 2018-ലെ 'വേൾഡ് ഇൻ ഇക്വാലിറ്റി റിപ്പോർട്ട്' പറയുന്നത്, ഇന്ത്യൻ ജനതയുടെ മുകൾത്തട്ടിലുള്ള 1 ശതമാനം പേർ മൊത്തം ദേശീയ വരുമാനത്തിന്റെ 55 ശതമാനം കരസ്ഥമാക്കുന്നു എന്നാണ്. അമേരിക്കയിൽ ഇത് 47 ശതമാനവും, യൂറോപ്പിൽ 37 ശതമാനവുമാണ്. ഇന്ത്യയിലെ വൻകിട സമ്പന്നന്മാർ 1980 മുതൽ 2016 വരെയുള്ള കാലത്ത്, രാജ്യത്ത് സൃഷ്ടിക്കപ്പെട്ട സമ്പത്തിന്റെ മൂന്നിൽ രണ്ട് ഭാഗം സ്വന്തമാക്കി. അമേരിക്കയിലെ സമ്പന്നർ നേടുന്ന സമ്പത്തിന്റെ തോതിന്റെ സമമാണിത്.

ദേശീയ സർക്കാരുകൾ നടപ്പാക്കുന്ന നയങ്ങളാണ് സമ്പത്ത് ഒരുപിടി ആളുകളുടെ കയ്യിൽ കേന്ദ്രീകരിക്കാൻ ഇടയാക്കുന്നത്. ഉയർന്ന വരുമാനത്തിന് നികുതി ചുമത്തിയും നികുതി വെട്ടിപ്പ് കർശനമായി തടഞ്ഞും സമ്പത്തിന്റെ കേന്ദ്രീകരണം ഒരുപരിധിവരെ നിയന്ത്രിക്കാം. ഇത്തരം നടപടികളിലൂടെ സർക്കാർ നേടുന്ന വരുമാനം, സാധാരണ ജനങ്ങളുടെ സാമൂഹ്യ ഉന്നമനത്തിനായി ഉപയോഗിക്കാം. തൊഴിലാളികൾക്ക് കൂട്ടായ വിലപേശലിനുള്ള അവസരം നൽകുന്നതിലൂടെ അവരുടെ വരുമാനം ഉയർത്താനാവും. ഭരണകർത്താക്കൾക്ക് ഇതൊന്നും അറിഞ്ഞുകൂടാത്തതല്ല. വർഗതാൽപര്യമനുസരിച്ചുള്ള നയങ്ങളാണ് അസമത്വം വർധിപ്പിക്കുന്നത്. നയങ്ങളിൽ മാറ്റം വരുത്തുകയാണ് വേണ്ടത്.

ഇന്ത്യയിൽ കുത്തകവർഗങ്ങൾക്ക് അനുകൂലമായ നയങ്ങളാണ് മോഡിസർക്കാർ നടപ്പാക്കുന്നത്. തൊഴിൽ നിയമങ്ങൾ ഭേദഗതി ചെയ്ത്, കൂട്ടായ വിലപേശലിനുള്ള അവസരം ഇല്ലാതാക്കുകയാണ്. തൊഴിൽസ്ഥാപനങ്ങളിൽ സ്ഥിരം തൊഴിലാളികളെ കുറയ്ക്കുകയും, കരാർ-കാഷ്വൽ സമ്പ്രദായം വ്യാപിപ്പിക്കുകയും ചെയ്യുന്നു. തൊഴിലാളിക്ക് കുറഞ്ഞ വേതനം മാത്രമാണ് നൽകേണ്ടിവരുന്നത്. മറ്റ് യാതൊരു ആനുകൂല്യവും നൽകേണ്ടതില്ല. പുതിയ ബജറ്റിൽ 'ഫിക്സ്ഡ് ടൈം എംപ്ലോയ്മെന്റ്' സമ്പ്രദായം കൊണ്ടുവരുമെന്ന കേന്ദ്ര ധനകാര്യമന്ത്രിയുടെ പ്രഖ്യാപനം, ഈ നയങ്ങളുടെ അടിസ്ഥാനത്തിലാണ്. മുതലാളിത്ത നയങ്ങൾക്കെതിരായ തൊഴിലാളി വർഗത്തിന്റെ സമരങ്ങൾ കരുത്താർജിക്കേണ്ടത് ഈ സാഹചര്യത്തിൽ അനിവാര്യമാണ്. അധ്വാനത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന സമ്പത്ത്, ഒരുപിടി വ്യക്തികളുടെ കയ്യിൽ കേന്ദ്രീകരിക്കുന്നതിന് അവസരം ലഭിക്കുന്ന മുതലാളിത്ത നയങ്ങളെ, ശാസ്ത്രീയമായി തുറന്നുകാണിച്ച മഹാനായ കാറൽ മാർക്സിന്റെ 200-ാം ജന്മവാർഷികമാണ് 2018. ദൈനംദിന ജീവിതപ്രശ്നങ്ങളെ ആസ്പദമാക്കിയുള്ള പോരാട്ടങ്ങൾ, സോഷ്യലിസ്റ്റ് വ്യവസ്ഥക്കായുള്ള പോരാട്ടമായി മാറ്റുക എന്നതിന്റെ ആവശ്യകതയാണ് പുതിയ ലോകസാഹചര്യം ഒരിക്കൽക്കൂടി നമ്മെ ഓർമപ്പെടുത്തുന്നത്.





**പ്രഭാത് പട്നായിക്**

## 2018-2019

# കേന്ദ്ര ബജറ്റ്

**ഈ ബജറ്റിന്റെ തന്ത്രങ്ങൾ ലളിതമാണ്: ദരിദ്രരെയും കർഷകരെയും സ്ത്രീകളെയും മറ്റും വൻതോതിൽ സഹായിക്കുന്നതായി വലിയ വായിൽ വിളിച്ചു പറയുക. അവരുടെ ക്ഷേമത്തിനായി അധിക തുക അനുവദിക്കാതിരിക്കുക. ബജറ്റിനു പുറത്തുള്ള ഉറവിടങ്ങളിൽനിന്ന് അമ്പിളിമാമനെ പിടിച്ചു നൽകുമെന്ന് വാഗ്ദാനംചെയ്യുക. ജിഎസ്ടിയിലേക്ക് മാറിയതുമൂലമുണ്ടായ ധനകമ്മി കുറയ്ക്കാനായി ചെലവുകൾ നിയന്ത്രിക്കുക. ജിഡിപിക്കുള്ള കേന്ദ്ര സർക്കാരിന്റെ ചെലവു വിഹിതം ബജറ്റിൽ കുറഞ്ഞിരിക്കയാണ്. ജിഡിപി വളർച്ച കുറഞ്ഞു വരുമ്പോൾ ഇത്തരം വൈരുധ്യങ്ങൾ നിറഞ്ഞ ബജറ്റ് അവതരിപ്പിക്കുക എന്നത് വിചിത്രമാണ്.**

**നി**ന്ദാപൂർവമായ നാട്യത്തിന്റെ ഒരു റെക്കോഡ് തന്നെ സൃഷ്ടിച്ചിരിക്കയാണ് 2018–2019 വർഷത്തെ കേന്ദ്ര ബജറ്റ്. എല്ലാ ബജറ്റിലും ഭരണകക്ഷിയുടെ സമർഥ പ്രതിപാദനം പതിവുണ്ട്. എന്നാൽ കണ്ണഞ്ചിപ്പിക്കുന്ന പദ്ധതികൾ ഒരു പൈസ പോലും അനുവദിക്കാതെ പ്രഖ്യാപിച്ചിരിക്കയാണ് ഈ വർഷം. ബജറ്റ് തയ്യാറാക്കുന്നതിൽ രാജ്യത്തിന്റെ ചരിത്രത്തിലെങ്ങും ഇത്തരമൊരു സംഭവം കാണില്ല.

ലോകത്തെ ഏറ്റവും വലുതെന്ന് കൊട്ടിഘോഷിക്കപ്പെട്ട് ബജറ്റിൽ പ്രഖ്യാപിച്ച ആരോഗ്യ പദ്ധതി തന്നെ ഉദാഹരണം. ഒരു കുടുംബത്തിന് അഞ്ചു ലക്ഷം രൂപ വച്ച് 10 കോടി കുടുംബങ്ങൾക്ക് അതായത് രാജ്യത്തെ ജനസംഖ്യയുടെ 40 ശതമാനത്തിനും ആരോഗ്യ ഇൻഷുറൻസ് പരിരക്ഷയാണ് പ്രഖ്യാപിച്ചത്. ഇതിനായി വകയിരുത്തിയത് 2000 കോടി രൂപ. ഒരു ലക്ഷം രൂപ വരെ ഒരു കുടുംബത്തിന് അനുവദിക്കുന്ന മുൻവർഷത്തെ മുൻ ബജറ്റ് പ്രഖ്യാപനത്തെക്കാൾ 672 കോടി കൂടുതൽ. കഴിഞ്ഞ വർഷത്തെ തുകയാണെങ്കിൽ മുഴുവൻ വിനിയോഗിച്ചിട്ടുമില്ല.

ആരോഗ്യപരിരക്ഷ നൽകുന്നതിനുള്ള ഇൻഷുറൻസ് മാർഗം വിപരീതഫലമുളവാക്കുമെന്നാണ് നിരീക്ഷകർ ശരിയായി വിലയിരുത്തുന്നത്. ഈ മാർഗം സ്വകാര്യ ആശുപത്രികളെയും ഇൻഷുറൻസ് കമ്പനികളെയും മാത്രമേ സമ്പന്നരാക്കൂ. വിവേകപൂർവമായ ഏറ്റവും നല്ല മാർഗം പല യൂറോപ്യൻ രാജ്യങ്ങളിലുമുള്ളതുപോലെ നാഷണൽ ഹെൽത്ത് സർവീസ് വഴി ആരോഗ്യ സുരക്ഷ പ്രദാനം ചെയ്യലാണ്. യൂറോപ്പിനെക്കാൾ കൂടുതൽ പണം ഫെഡറൽ ബജറ്റിൽനിന്ന് ആരോഗ്യ സംരക്ഷണത്തിന് വിനിയോഗിക്കുന്ന അമേരിക്കയിലാണ് യൂറോപ്പിനേക്കാൾ മോശമായ ആരോഗ്യ സംരക്ഷണ സംവിധാനമുള്ളത് എന്നത് വിരോധാഭാസമാണ്. നാഷണൽ ഹെൽത്ത് കെയർ സർവീസ് സിസ്റ്റം അല്ല, പകരം ഇൻഷുറൻസ് സംവിധാനമാണ് അമേരിക്ക സ്വീകരിച്ചത്.




ഈ പ്രശ്നം നമുക്ക് മാ




**കർഷകാഭിമുഖ്യമുള്ള ബജറ്റാണെന്നാണ് ഈ ബജറ്റിനെക്കുറിച്ചുള്ള മറ്റൊരു അവകാശവാദം. ഇനി പറയുന്നവയാണ് കൃഷിക്കാർക്ക് നൽകിയ വാഗ്ദാനങ്ങൾ: വ്യവസ്ഥാപിതമായ കാർഷിക വായ്പ 10 ലക്ഷത്തിൽനിന്ന് അടുത്തവർഷം 11 ലക്ഷമാക്കുക, ഖരീഫ് വിളകൾക്ക് ഉൽപ്പാദനച്ചെലിവിന്റെ 50ശതമാനത്തിലേറെ തുക കുറഞ്ഞ താങ്ങുവിലയായി നൽകുക. ഇന്ന് ഈ കാര്യങ്ങൾ ഒന്നും ബജറ്റിലില്ല.**

റ്റിവച്ചാൽ പോലും കേന്ദ്ര സർക്കാർ ബജറ്റിൽ ഇതിനായി നീക്കിവച്ച തുക തികച്ചും തുച്ഛമാണ്. ഈ പദ്ധതിയുടെ ആദിരൂപമായ രാഷ്ട്രീയ സ്വാസ്ഥ്യ ബിമാ യോജന(ആർഎസ്ബിവൈ) പ്രകാരം ഒരു കുടുംബത്തിന് ഒരു വർഷം ലഭിക്കുന്ന പരമാവധി ആനുകൂല്യം 30000 രൂപയുടേതാണ്. എന്നാൽ മിക്കവാറും സംസ്ഥാനങ്ങളിൽ ഒരു കുടുംബം അടയ്ക്കേണ്ട ഇൻഷുറൻസ് പ്രിമിയം തുക 500 രൂപയാണ്. അതായത് പരമാവധി ലഭിക്കുന്ന തുകയുടെ ആറിലൊന്ന്. ഈ കണക്കുകൂട്ടലുകളുടെ അടിസ്ഥാനത്തിൽ ആർഎസ്ബിവൈയുടെ പങ്കാളിത്തത്തിന്റെ നിലവാരത്തിൽ നോക്കുമ്പോൾ അഞ്ചുലക്ഷത്തിന്റെ പരമാവധി ആനുകൂല്യത്തിന് ലഭിക്കുക 8300 രൂപ. പത്തു കോടി കുടുംബങ്ങൾക്ക് 8300 കോടി രൂപ. കേന്ദ്രവും സംസ്ഥാനങ്ങളും 60:40 എന്ന അനുപാതത്തിൽ പ്രിമിയം തുക പങ്കിടണം. (വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ഈ അനുപാതം 90:10 ആണെന്നത് തൽക്കാലം മാറ്റിവയ്ക്കാം) സ്വന്തമായ മാർഗം സ്വീകരിക്കുന്നതിനു പകരം ഈ അനുപാതം സംസ്ഥാനങ്ങൾ അംഗീകരിച്ചാൽ ഈ പദ്ധതിക്കുള്ള കേന്ദ്ര ബജറ്റ് നിർദേശം 50000 കോടി രൂപ.

എന്നാൽ 50000 കോടിയുടെ സ്ഥാനത്ത് 2000 കോടി രൂപയെന്ന തുച്ഛമായ തുക മാത്രമാണ് ഈ പദ്ധതി പ്രകാരം എൻറോൾ ചെയ്യാനായി അനുദിച്ചത് എന്നതാണ് വാസ്തവം. മറ്റൊരർഥത്തിൽ പറഞ്ഞാൽ ഈ പദ്ധതി തുടങ്ങാനേ പോകുന്നില്ല. തങ്ങൾ പാവങ്ങൾക്കൊപ്പമാണെന്ന് കാണിക്കാനും അവർക്ക് പ്രതീക്ഷ നൽകാനുമുള്ള പൊടിക്കൈ അല്ലാതെ ഇത് മറ്റൊന്നുമല്ല.

2000 കോടി രൂപ വകയിരുത്തിയത് ആദ്യവർഷത്തേക്ക് മാത്രമാണെന്ന് ഒരു വാദത്തിനുവേണ്ടി ഉന്നയിക്കാം. ഈ കാലയളവിൽ പദ്ധതി ആരംഭിക്കാൻ കഴിയണമെന്നുമില്ല. ആരോഗ്യ മന്ത്രാലയത്തിലെയും നിതി ആയോഗിലെയും ഉദ്യോഗസ്ഥർ നൽകിയ കണക്കുകൾ സർക്കാർ ഒളിച്ചു വയ്ക്കുകയായിരുന്നുവെന്ന് വ്യക്തം. അവർ കണക്കാക്കുന്നത് ഒരു കുടുംബത്തിന്റെ വാർഷിക പ്രീമിയം വർഷത്തിൽ 1100–1200 രൂപയാണെന്നാണ്. ലോകത്തിലെ ഏറ്റവും വലിയ ആരോഗ്യ സംരക്ഷണ പദ്ധതിയാണെന്ന് പെരുമ്പറയടിക്കുമ്പോൾ തന്നെ ഇത് നനഞ്ഞ പടക്കമായി മാറുമെന്ന് ഉറപ്പ്.

കർഷകാഭിമുഖ്യമുള്ള ബജറ്റാണെന്നാണ് ഈ ബജറ്റിനെക്കുറിച്ചുള്ള മറ്റൊരു അവകാശവാദം. ഇനി പറയുന്നവയാണ് കൃഷിക്കാർക്ക് നൽകിയ വാഗ്ദാനങ്ങൾ: വ്യവസ്ഥാപിതമായ കാർഷിക വായ്പ 10 ലക്ഷത്തിൽനിന്ന് അടുത്തവർഷം 11 ലക്ഷമാക്കുക, ഖരീഫ് വിളകൾക്ക് ഉൽപ്പാദനച്ചെലിവിന്റെ 50ശതമാനത്തിലേറെ തുക കുറഞ്ഞ താങ്ങുവിലയായി നൽകുക.

ഇന്ന് ഈ കാര്യങ്ങൾ ഒന്നും ബജറ്റിലില്ല. കാർഷിക വായ്പ വർധിപ്പിക്കുന്ന കാര്യം തീരുമാനിക്കുക ബാങ്കുകളാണ്. മുൻഗണനാ വ്യവസ്ഥകൾ നിർണയിക്കുന്നതൊഴിച്ചാൽ ബാങ്ക് വായ്പകളെ നിയന്ത്രിക്കാനുള്ള ഒരു സംവിധാനവും ബാങ്കുകൾക്കില്ല. മുൻഗണനാക്രമമാകട്ടെ ബാങ്കുകൾ ഏതെങ്കിലും വിധത്തിൽ പാലിക്കണമെന്നാണ് സങ്കൽപ്പം. എന്നാൽ മുൻഗണനാ മേഖലയിലെ വായ്പ എന്നതുകൊണ്ട് നിർവചിക്കപ്പെടുന്നത് കാർഷിക വായ്പയാണെങ്കിലും 11 ലക്ഷം കോടി രൂപയിൽ വലിയ പങ്കൊന്നും കാർഷിക മേഖലയ്ക്ക് ലഭിക്കില്ല.

ഉൽപ്പാദനച്ചെലവിന്റെ ഒന്നര ഇരട്ടി കുറഞ്ഞ താങ്ങുവിലയായി അലസമായി പ്രഖ്യാപിക്കുമ്പോൾ സർക്കാർ സംഭരണത്തിലൂടെ കർഷകർക്ക് പണം നൽകാത്ത പക്ഷം ഫലത്തിൽ ഒന്നും സംഭവി




**നിന്ദാപൂർവമായ നാട്യത്തിന്റെ ഒരു റെക്കോഡ് തന്നെ സൃഷ്ടിച്ചിരിക്കയാണ് 2018-2019 വർഷത്തെ കേന്ദ്ര ബജറ്റ്. എന്നാൽ കണ്ണഞ്ചിപ്പിക്കുന്ന പദ്ധതികൾ ഒരു പൈസ പോലും അനുവദിക്കാതെ പ്രഖ്യാപിച്ചിരിക്കയാണ് ഈ വർഷം. ബജറ്റ് തയ്യാറാക്കുന്നതിൽ രാജ്യത്തിന്റെ ചരിത്രത്തിലെങ്ങും ഇത്തരമൊരു സംഭവം കാണില്ല.**

ക്കാൻ പോകുന്നില്ല. സമീപകാലത്ത് രാജ്യമെങ്ങും കാർഷികോൽപ്പന്ന വിലയിടിവിനെതിരെ പ്രക്ഷോഭം നടത്തി. ഉത്തർപ്രദേശിൽ ഉരുളക്കിഴങ്ങ് കർഷകർ തങ്ങളുടെ ഉൽപ്പന്നങ്ങൾ മുഖ്യമന്ത്രി യോഗി ആദിത്യനാഥിന്റെ വീടിനു മുമ്പിൽ തള്ളി. റാബി സീസണിൽ കർഷകർക്ക് ഉൽപ്പാദനച്ചെലവിന്റെ 50 ശതമാനം താങ്ങുവില നൽകിയെന്ന് ധനമന്ത്രി അരുൺ ജെയ്റ്റ്ലി അവകാശപ്പെടുകയും ചെയ്ത സാഹചര്യത്തിലാണ് ഈ പ്രക്ഷോഭം. ഖാരിഫ് സീസണിൽ താങ്ങുവില പ്രഖ്യാപിക്കുമെന്ന ബജറ്റ് പ്രഖ്യാപനത്തിന്റെ പൊള്ളത്തരത്തിനാണ് ഈ സംഭവങ്ങൾ അടിവരയിടുന്നത്.

മോഡി സർക്കാർ മുന്നോട്ടുവയ്ക്കുന്ന ഉൽപ്പാദനച്ചെലവ് എന്ന ആശയവും ഈ പൊള്ളത്തരത്തെ വിപുലമാക്കുന്നു. വ്യക്തമായും രണ്ട് ആശയങ്ങളാണ് ഇവിടെയുള്ളത്: ഒരാൾ യഥാർഥത്തിൽ ചെലവഴിക്കപ്പെട്ട(പണമായും അല്ലാതെയും) ചെലവിനൊപ്പം കുടുംബാംഗങ്ങളുടെ തൊഴിലിന്റെ ചെലവും ചേർത്ത് പരാമർശിക്കുമ്പോൾ മറ്റേയാൾ ഈ ആശയത്തിനൊപ്പം കർഷകരുടെ കൃഷിഭൂമിയുടെ വാടകയും നിശ്ചിത മൂലധനത്തിനുമേലുള്ള കൂട്ടിച്ചേർക്കപ്പെട്ട വാടകയും പരാമർശിക്കുന്നു. ആദ്യം പറഞ്ഞ ആശയത്തെ അടിസ്ഥാനമാക്കിയാണ് മോഡി സർക്കാർ വാഗ്ദാനം ചെയ്ത താങ്ങുവില. എന്നാൽ എം എസ് സ്വാമിനാഥൻ കമ്മിറ്റി ശുപാർശ ചെയ്തത് രണ്ടാമത്തെ ആശയത്തിൽ ഊന്നിയുള്ള ഉൽപ്പാദന ചെലവിന്റെ അമ്പത് ശതമാനം കൂടുതലുള്ള തുകയാണ്. ഖാരിഫ് വിളയായ നെല്ലിന്റെ കാര്യത്തിൽ രണ്ടാമത്തെ ചെലവ് അടിസ്ഥാനമാക്കിയാൽ ആദ്യത്തേതിനേക്കാൾ അമ്പത് ശതമാനം കൂടുതൽ വരും. മോഡി സർക്കാരിന്റെ താങ്ങുവില അപ്പോഴും രണ്ടാമത്തെ തുകയ്ക്ക് താഴെയേ വരൂ. ഈ സാഹചര്യത്തിൽ സർക്കാർ സബ്സിഡി വിപുലമാക്കുകയും പൊതുവിതരണ സംവിധാനം ശക്തമാക്കുകയും വേണം. കർഷകരുടെ വരുമാനം ഇരട്ടിയായി വർധിപ്പിക്കുമെന്നും അല്ലെങ്കിൽ കൃഷിച്ചെലവിന്റെ അമ്പത് ശതമാനത്തിൽ കൂടതൽ താങ്ങുവില നൽകുമെന്നുമൊക്കെ ആലോചനയില്ലാതെ പറയുമ്പോഴും ഈ വിഷയം സർക്കാർ പരിഗണിച്ചതിന് യാതൊരു തെളിവുമില്ല. ഒരു ഫലവുമില്ലാത്ത വിടുവായത്തങ്ങളാണ് ഇവയെന്ന് വ്യക്തമാണ്.

ബജറ്റിൽ കുറഞ്ഞ താങ്ങുവിലയെക്കുറിച്ച് ഒരു പരാമർശവുമില്ല. കഴിഞ്ഞ വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ ബജറ്റിൽ കൃഷി, സഹകരണം, കർഷക ക്ഷേമം എന്നിവയ്ക്ക് നൽകിയ വകയിരുത്തലിൽ ഏഴു ശതമാനം മാത്രമാണ് വർധനവ്. ജിഡിപിക്കുള്ള വകയിരുത്തലിൽ ആനുപാതികമായി കുറവുണ്ടെന്നാണ് ഇതിനർഥം. സർക്കാരിന്റെ കർഷകാഭിമുഖ്യം വെറും പൊങ്ങച്ചമാണ്. തൊഴിലുറപ്പ് പദ്ധതിക്കായി നീക്കി വച്ച 55000 കോടി മാറ്റമില്ലാതെ തുടരുന്നു. വേതന കുടിശ്ശിക നൽകാനുണ്ടെന്നതു പരിഗണിക്കാതെയാണ് ഈ തീരുമാനം. കഴിഞ്ഞ വർഷത്തെ ബജറ്റുമായി താരതമ്യം ചെയ്യുമ്പോൾ ഐസിഡിഎസിനുള്ള വകയിരുത്തിലിന് ഏഴു ശതമാനം മാത്രമാണ് വർധന. മുൻ എൻഡിഎ സർക്കാരുകൾ ചെയ്തതുപോലെ സാമൂഹ്യ മേഖലയ്ക്കുള്ള ചെലവുകൾ വെട്ടിക്കുറയ്ക്കുകയുംചെയ്തു.

വാസ്തവത്തിൽ ഈ ബജറ്റിന്റെ തന്ത്രങ്ങൾ ലളിതമാണ്: ദരിദ്രരെയും കർഷകരെയും സ്ത്രീകളെയും മറ്റും വൻതോതിൽ സഹായിക്കുന്നതായി വലിയ വായിൽ വിളിച്ചു പറയുക. അവരുടെ ക്ഷേമത്തിനായി അധിക തുക അനുവദിക്കാതിരിക്കുക. ബജറ്റിനു പുറത്തുള്ള ഉറവിടങ്ങളിൽനിന്ന് അമ്പിളിമാമനെ പിടിച്ചു നൽകുമെന്ന് വാഗ്ദാനം ചെയ്യുക. ജിഎസ്ടിയിലേക്ക് മാറിയതുമൂലമുണ്ടായ ധനകമ്മി കുറയ്ക്കാനായി ചെലവുകൾ നിയന്ത്രിക്കുക.

ജിഡിപിക്കുള്ള കേന്ദ്ര സർക്കാരിന്റെ ചെലവുവിഹിതം ബജറ്റിൽ കുറഞ്ഞിരിക്കയാണ്. ജിഡിപി വളർച്ച കുറഞ്ഞു വരുമ്പോൾ ഇത്തരം വൈരുധ്യങ്ങൾ നിറഞ്ഞ ബജറ്റ് അവതരിപ്പിക്കുക എന്നത് വിചിത്രമാണ്. നവലിബറൽ സംവിധാനം എൻഡിഎ സർക്കാരിൽ നിന്ന് ആവശ്യപ്പെടുന്നത് അതാണ്. അവരത് ശുഷ്കാന്തിയോടെയും കർത്തവ്യബോധത്തോടെയും നടപ്പാക്കുകയും ചെയ്യുന്നു. ■

# സാമ്പത്തിക സർവെ 2017-2018

പ്രഭാത് പട്നായിക്



**സമ്പദ്ഘടനയുടെ നിലവിലുള്ള വളർച്ച ഓഹരിവിപണിയിലെ കുമിളയെ ആശ്രയിച്ചാണ് നിലനിൽക്കുന്നതെന്നാണ് സാമ്പത്തിക സർവെ തുറന്നു സമ്മതിക്കുന്നത്. ഈ കുമിള തകരുകയാണെങ്കിൽ ധനമൂലധനം പുറത്തേക്കൊഴുകുകയും അതിനെ ചെറുക്കാനായി പലിശ നിരക്ക് വർധിപ്പിക്കേണ്ടിയും വരും. ഇത് സമ്പദ്ഘടനയെ മാന്ദ്യത്തിലേക്ക് നയിക്കും. ഈ തുറന്നു പറച്ചിൽ ഒരു കാരണവശാലും നിലവിലുള്ള പ്രതിസന്ധിയിൽനിന്ന് സമ്പദ്ഘടനയെ കരകയറ്റാനുള്ള പുതുമയാർന്ന നടപടികളുമായി ഒത്തുപോകുന്നില്ല.**

**കു**തിരപ്പുറത്തേറിയ മനുഷ്യനെക്കുറിച്ചുള്ള പഴഞ്ചൊല്ലു പോലെ ഇന്ത്യൻ സമ്പദ്ഘടന അനിശ്ചിതമായ ഒരു യാത്രയിലാണ്. 2017-2018ലെ സാമ്പത്തിക സർവെ ഇക്കാര്യം തിരിച്ചറിയുന്നുണ്ട്. എന്നാൽ ഇതിനുള്ള ഒറ്റമൂലി അനിശ്ചിതമാണെന്നതുകൊണ്ടുതന്നെ അനിശ്ചിതമായ ഈ യാത്ര തുടരും.

സ്ഥൂല സാമ്പത്തിക സ്ഥിതിവിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് തയ്യാറാക്കിയ സ്ഥിതിവിവരക്കണക്കുകളുമായല്ല, ദാവോസിൽ നടന്ന വേൾഡ് സാമ്പത്തിക ഫോറത്തിന് ഐഎംഎഫ് തയ്യാറാക്കി വേൾഡ് ഇക്കണോമിക് ഔട്ട്ലുക്കുമായാണ് അടുത്തു നിൽക്കുന്നത്. സ്ഥൂല സാമ്പത്തിക സ്ഥിതിവിവരങ്ങൾ പ്രകാരം നടപ്പു സാമ്പത്തിക വർഷത്തെ ജിഡിപി വളർച്ച 6.75 ശതമാനമായാണ് കണക്കാക്കുന്നത്.(ഐഎംഎഫിന്റേത് 6.7 ശതമാനവും സിഎസ്ഒയുടേത് 6.5 ശതമാനവുമാണ്.) അനിഷ്ട സംഭവങ്ങളുടെ അഭാവത്തിൽ സമ്പദ്ഘടനയുടെ അനിശ്ചിതയാത്ര തുടരുകയാണെങ്കിൽ ഇത് 7– 7.5 ശതമാനമായി ഉയർന്നേക്കും. (ഐഎംഎഫിന്റെ കണക്ക് 7.4 ശതമാനം).

നോട്ടുനിരോധനം പോലുള്ള പ്രവർത്തനങ്ങളെ മോഡി ഭക്തർ പ്രകീർത്തിച്ചില്ലെങ്കിൽ പോലും ലോക സമ്പദ്ഘടന ഇന്ത്യയെ ഉറ്റുനോക്കുകയാണെന്നും അതുവഴി കയറ്റുമതി വളർച്ച ശക്തിപ്പെടുമെന്നുമാണ് അനുമാനം. (നോട്ടുനിരോധനത്തെ സർവെ സൗമ്യമായിട്ടാണെങ്കിലും ശരിയാംവിധം വിമർശിക്കുന്നുണ്ട്). നിലവിലുള്ള അനിശ്ചിതമായ സാഹചര്യത്തെ തടസ്സപ്പെടുത്തിയിട്ടില്ലെങ്കിൽ പ്രത്യക്ഷമായും പരോക്ഷമായും (സ്വകാര്യ നിക്ഷേപത്തിലൂടെ) സമ്പദ്ഘടനയെ ഉത്തേജിപ്പിക്കപ്പെടും.

തടസ്സപ്പെലുകൾക്കുള്ള രണ്ടു സാധ്യതകൾ സർവെ എടുത്തു പറയുന്നുണ്ട്. ഒന്ന് എണ്ണവില വർധന, മറ്റൊന്ന് രാജ്യത്തെ ഓഹരിക്കമ്പോളത്തിൽ നിലവിലുള്ള കുതിപ്പ് ഇല്ലാതാവൽ. നിയന്ത്രണവിധേയമായ എണ്ണവിലയും ഓഹരിക്കമ്പോളത്തിലെ കുതിപ്പുമാണ് നിലവിലുള്ള പലിശ നിരക്കിലും അടവുശിഷ്ടം കൈകാര്യംചെയ്തുപോകാൻ സഹായിക്കുന്നത്. ഓഹരിവിപണിയിലെ കുതിപ്പു കാരണമാണ് വിദേശ ധനമൂലധനത്തിന്റെ ഒഴുക്കു വർധിപ്പിച്ച് നിലവിലുള്ള വിനിമയ നിരക്കിന്റെ സാഹചര്യത്തിലും വിദേശനാണയ ശേഖരത്തെ മെച്ചപ്പെടുത്തുന്നത്.

സമ്പദ്ഘടനയുടെ നിലവിലുള്ള വളർച്ച ഓഹരിവിപണിയിലെ കുമിളയെ ആശ്രയിച്ചാണ് നിലനിൽക്കുന്നതെന്നാണ് ഇതുവഴി സാമ്പത്തിക സർവെ തുറന്നു സമ്മതിക്കുന്നത്. ഈ കുമിള തകരുകയാണെങ്കിൽ ധനമൂലധനം പുറത്തേക്കൊഴുകുകയും അതിനെ ചെറുക്കാനായി പലിശ നിരക്ക് വർധിപ്പിക്കേണ്ടിയും വരും. ഇത് സമ്പദ്ഘടനയെ മാന്ദ്യത്തിലേക്ക് നയിക്കും.

ഈ തുറന്നു പറച്ചിൽ ഒരു കാരണവശാലും നിലവിലുള്ള പ്രതിസന്ധിയിൽനിന്ന് സമ്പദ്ഘടനയെ കരകയറ്റാനുള്ള പുതുമയാർന്ന നടപടികളുമായി




**സമ്പദ്ഘടന നേരിടുന്ന ഭീഷണികൾ അടിയന്തരമായി എങ്ങനെ നേരിടുമെന്നതിനെക്കുറിച്ചും പൊടുന്നനെ അനിഷ്ടകരമായ എന്തെങ്കിലും സംഭവിച്ചില്ലെങ്കിൽ എന്തായിരിക്കണം തന്ത്രമെന്നും സർവെ പറയുന്നില്ല. സമ്പദ്ഘടനയെക്കുറിച്ചുള്ള തന്ത്രപരമായ ചിന്ത എന്താവണമെന്നും പറയുന്നില്ല.**

ഒത്തുപോകുന്നില്ല. സാമ്പത്തിക സർവെ റിപ്പോർട്ടു പോലുള്ള എല്ലാ സർക്കാർ പ്രസിദ്ധീകരണങ്ങളുടെ എല്ലാ യുക്തിയും സന്ദിഗ്ധമായ സാഹചര്യങ്ങളുടെ തടവിൽ തുടരുന്നത് തടയുന്നതിന് ദിശാബോധം പകരുന്നതായിരിക്കണം. ഉദാഹരണത്തിന് ഓഹരിവിപണിയിലെ വളർച്ചയുടെ കുമിള തകരുന്നത് സമ്പദ്ഘടനയെ കുഴപ്പത്തിലാക്കുമെന്ന് അംഗീകരിക്കുന്നതിനൊപ്പം ഈ കുമിള പ്രതിഭാസം തുടരുമെന്ന ഒരു പ്രതീക്ഷ(അത് നിശ്ശബ്ദമായി പ്രകടിപ്പിക്കുന്നതായാലും) നൽകുകയും ഈ കുമിളയെ ആശ്രയിച്ചുകൊണ്ടുതന്നെ ആ സാഹചര്യം മറികടക്കുമെന്നും പറയുകയും ചെയ്യേണ്ടിയിരുന്നു. ഇത്തരം പുതുമകളൊന്നും സാമ്പത്തിക സർവെയിൽ ഇല്ലെന്നത് ആശ്ചര്യകരം തന്നെ.

സാമ്പത്തിക സർവെ ഉയർത്തിക്കാട്ടിയ രണ്ടു ഘടകങ്ങളിൽ അല്ല ഇന്ത്യൻ സമ്പദ്ഘടനയുടെ അനിശ്ചിതമായ വളർച്ച എന്നതാണ് അസ്വസ്ഥജനകമായ കാര്യം. മറ്റ് നിരവധി ഘടകങ്ങൾ അതിനു പിന്നിലുണ്ട്. അമേരിക്കയിലെ പലിശ നിരക്കാണ് അതിൽ ഏറ്റവും പ്രകടമായ ഒരു കാരണം. അമേരിക്കയിലെ ഫെഡറൽ റിസർവ് ബോർഡിന്റെ അധ്യക്ഷ ജാനറ്റ് യെലന് പ്രസിഡന്റ് ഡോണൾഡ് ട്രംപ് രണ്ടാമൂഴം നിഷേധിച്ചു. ആദ്യമായാണ് ഒരു അധ്യക്ഷപദവിയിൽ ഒരു വ്യക്തിക്ക് രണ്ടാമൂഴം നിഷേധിക്കുന്നത്. യെലന്റെ നയങ്ങളോട് ശക്തമായ പ്രതിബദ്ധത പുലർത്തുന്ന ജെറോം പവലാണ് അവർക്ക് പകരമായി വന്നതെങ്കിലും അമേരിക്കയുടെ പലിശ നിരക്ക് വർധിപ്പിക്കണമെന റിപ്പബ്ലിക്കൻ പാർടിയുടെ നയം തന്നെയാകും അവരും അംഗീകരിക്കുക. പലിശ നിരക്ക് വർധിപ്പിക്കുക എന്ന ആശയം തന്റെ പിൻഗാമി താമസംവിനാ നടപ്പാക്കുമെന്ന് യെലൻ ആശിച്ചിരുന്നു. കാര്യം ഇതായിരിക്കെ ഇന്ത്യയിലെ ഓഹരി വിപണി തകരുകയും ഇന്ത്യയിൽനിന്ന് തിരികെ അമേരിക്കയിലേക്ക് ധനമൂലധനത്തിന്റെ പ്രവാഹം ഉണ്ടാകുകയും ചെയ്തു. ഇന്ത്യയിലെ ഓഹരി വിപണി തകർന്നാൽ ഉണ്ടാകാൻ ഇടയുള്ളതിന് സമാനമായ പ്രത്യാഘാതങ്ങൾ തന്നെയാണ് സാമ്പത്തിക സർവെ പ്രവചിക്കുന്നത്.

ഇറാനോട് ട്രംപ് പുലർത്തുന്ന യുദ്ധോത്സുകമായ സമീപനമാണ് അനുബന്ധ ഘടകങ്ങളിൽ രണ്ടാമത്തേത്. ബ്രെന്റ് ക്രൂഡ് ബാരലിന് 70 ഡോളർ എത്തിയിട്ടും എണ്ണവില കുതിക്കുന്ന പ്രവണതയാണിപ്പോൾ. ഈ പ്രവണതയിൽ മാറ്റം ഉണ്ടാകാനുള്ള ലക്ഷണങ്ങൾ കാണുന്നില്ല. അതേസമയം അമേരിക്കയുടെ എണ്ണ ശേഖരത്തിൽ കുറവും ഉണ്ടാകുന്നു. അസംസ്കൃത എണ്ണ വില ഉയരുമെന്ന ദുസ്സൂചനകൾ നൽകിക്കൊണ്ട് അമേരിക്കൻ എണ്ണ വിപണിയിൽ വന്ന ഇടിവിനെ തുടർന്ന് ഷെയ്ൽ വാതക ഉൽപ്പാദനം കുറഞ്ഞതോടെയാണ് അമേരിക്കയുടെ ശേഖരം ഇടിഞ്ഞത്. ഈ സാഹചര്യത്തിൽ ഇറാനുമേൽ ട്രംപ് കൂടുതൽ ഉപരോധം ഏർപ്പെടുത്തിയാൽ എണ്ണവില കൂടുകയും അത് നേരിട്ടും രണ്ടാം ഘട്ടത്തിലും ഇന്ത്യൻ സമ്പദ്ഘടനയിൽ പണപ്പെരുപ്പം, അടവുശിഷ്ടം, വളർച്ചാ നിരക്ക് എന്നിവയിൽ രണ്ടാംഘട്ട ആഘാതം സൃഷ്ടിക്കും.

മൂന്നാമതായി, ഇനി പറയുന്ന രണ്ടു ഘടകങ്ങളാൽ തെറ്റിദ്ധരിക്കപ്പെട്ട് കയറ്റുമതി നിരക്കൽ വർധനവും അത് വഴി ഇന്ത്യൻ സമ്പദ്ഘടനയ്ക്ക് ഉത്തേജനവും പ്രതീക്ഷിക്കപ്പെടുന്നുണ്ട്. ഒന്ന്, എണ്ണ വിലക്കയറ്റവും അമേരിക്കയിലെ പലിശ നിരക്ക് വർധനയും അടക്കം മേൽപ്പറഞ്ഞ കാരണങ്ങൾ കൊണ്ട് ലോക സമ്പദ്ഘടനയിൽ ഉണ്ടാകാൻ പോകുന്ന തകർച്ച. രണ്ട്, ഇന്ത്യയിലെ സേവന മേഖലയിലെ കയറ്റുമതിയെ അസ്വസ്ഥമാക്കിക്കൊണ്ട് പുറംതൊഴിൽ കരാർ ശിക്ഷാർഹമാക്കുന്ന അമേരിക്കയുടെ സംരക്ഷണനയം. ലോകസമ്പദ്ഘടന ഇന്ത്യയെ ഉറ്റുനോക്കിയിട്ടും ഐടി

അനുബന്ധ സേവനങ്ങളിലെ തൊഴിൽ ഇപ്പോൾ തന്നെ കുറഞ്ഞു വരികയാണ്. ഇത് ഇന്ത്യൻ സമ്പദ്ഘടനയ്ക്കുമേൽ ഇപ്പോഴുള്ള സമ്മർദ്ദങ്ങളുടെ സൂചനയാണ്. ഈ സമ്മർദം വരുംമാസങ്ങളിൽ അധികരിക്കുകയേ ഉള്ളൂ.

തങ്ങളുടെ വളർച്ചാ നിരക്ക് ഇടിയുമെന്ന് പ്രവചിക്കപ്പെട്ടിട്ടും ഇത്തരമൊരു മാന്ദ്യത്തെ ചൈന എന്തുകൊണ്ട് ശ്രദ്ധയോടെ എടുക്കുന്നില്ല എന്നത് വ്യക്തമല്ല. ഇന്ത്യപോലുള്ള രാജ്യങ്ങളിലെ കമ്പോളം പിടിക്കാനുള്ള നിശ്ചയദാർഢ്യത്തോടെയുള്ള ശ്രമം ഇതിനു പിന്നിലുണ്ടാകാനാണ് സാധ്യത. സംരക്ഷണവാദം തീവ്രവാദം പോലെ അപകടകരമാണെന്ന് ഇന്ത്യൻ പ്രധാനമന്ത്രി ദാവോസിൽ പറയുമ്പോൾ  ഇന്ത്യൻ ഉൽപ്പാദനത്തെയും അടവുശിഷ്ടത്തെയും പ്രതിരോധിക്കാനും ഇതിന്റെ ഭാഗമായി ഉണ്ടാകാൻ പോകുന്ന  ഇറക്കുമതി കയ്യേറ്റങ്ങളെ തടയാനുമുള്ള തന്ത്രങ്ങളൊന്നും ഇന്ത്യക്കില്ലെന്ന് വ്യക്തമാണ്.

സമ്പദ്ഘടനയ്ക്ക് നേരെ ഉയരാൻ പോകുന്ന ഇത്തരം ഭീഷണികളുടെ സാഹചര്യത്തിൽ ഇവയോട് എങ്ങനെ പ്രതികരിക്കുമെന്ന കാര്യത്തിൽ സാമ്പത്തിക സർവെ മൗനം പാലിക്കുകയാണ്. ജുഡീഷ്യൽ പരിഷ്കാരങ്ങൾ, ലിംഗസമത്വം, ശാസ്ത്രത്തിനുവേണ്ടിയുള്ള ചെലവുകൾ എന്നിവയെക്കുറിച്ച് സർവെയിൽ പരാമർശങ്ങളുണ്ടെങ്കിലും (ഈ ചെലവുകൾ എങ്ങനെ നിർവഹിക്കുമെന്ന കാര്യത്തിൽ മൂർത്തമാന നിർദേശങ്ങളൊന്നുമില്ല) സമ്പദ്ഘടന നേരിടുന്ന ഭീഷണികൾ അടിയന്തരമായി എങ്ങനെ നേരിടുമെന്നതിനെക്കുറിച്ചും പൊടുന്നനെ അനിഷ്ടകരമായ എന്തെങ്കിലും സംഭവിച്ചില്ലെങ്കിൽ എന്തായിരിക്കണം തന്ത്രമെന്നും സർവെ പറയുന്നില്ല. സമ്പദ്ഘടനയെക്കുറിച്ചുള്ള തന്ത്രപരമായ ചിന്ത എന്താവണമെന്നും പറയുന്നില്ല.

ചൈനയുടെ തന്ത്രപരമായ ചിന്തകൾ ഇന്ത്യയുടേതിനേക്കാളും എത്രയോ മുന്നിലായ കാലമാണിത്. ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കയറ്റുമതി വിപണിയോടുള്ള തീവ്ര ആഭിമുഖ്യത്തിൽനിന്ന് മാറി ആഭ്യന്തര കമ്പോളം വിപുലപ്പെടുത്താനുള്ള ചൈനയുടെ തീരുമാനം ശ്ലാഘിക്കപ്പെട്ടിരുന്നു. തുടർന്നും ഈ നിലപാട് തന്നെയാണ് ചൈന പിന്തുടർന്നത്.

പ്രതിസന്ധിക്ക് പിന്നാലെ ചൈന നൽകിയ ശക്തമായ ധനപരമായ ഉത്തേജനങ്ങൾക്കുപുറമെ ചൈനീസ് ഗവൺമെന്റിന്റെ ഉത്തരവ് പ്രകാരം രാജ്യത്താകെയും തീരദേശങ്ങളിൽ പ്രത്യേകിച്ചും ആഭ്യന്തര വേതനത്തിൽ വർധന വരുത്തുന്ന നയം ഏറ്റവുമൊടുവിൽ സ്വീകരിച്ചു. ചൈനയിലെ കയറ്റുമതിക്ക് ഈ വേതന വർധന ഭീഷണി സൃഷ്ടിച്ചെങ്കിലും ആഭ്യന്തരവിപണി വിപുലമാക്കുന്നതിൽ ഇതിന് പങ്കുവഹിച്ചു. വാണിജ്യം വഴിയുള്ള എക്ചേഞ്ച് നിരക്ക് കുറേകാലത്തേക്ക് ഉയർന്നുനിൽക്കുന്നത് ചൈനയുടെ ഊന്നലിലുള്ള മാറ്റത്തിന്റെ സൂചനയാണ്.

കയറ്റുമതിയിലുള്ള ആശ്രിതത്വം കുറയ്ക്കാനും



**സാമ്പത്തിക സർവെയുടെ യഥാർഥ പദവി സംബന്ധിച്ച ഒരത്ഭുതം ഇതാണ്: ഐഎംഎഫ് പോലുള്ള സംഘടനകളിൽ മുമ്പ് പ്രവർത്തിച്ച മുഖ്യ സാമ്പത്തിക ഉപദേശകന്റെ വ്യക്തിപരമായ കാഴ്ചപ്പാടുകളാണോ ഈ സർവെക്ക് രൂപം നൽകിയത്? അതോ ഇന്നത്തെ സർക്കാരിന്റെ നിലപാടുകളോ?**

ആഭ്യന്തര വിപണിയിലേക്ക് വളർച്ചയുടെ അടിത്തറ മാറ്റാനും ചൈനയ്ക്ക് സാധിക്കുമോ എന്നതിൽ അനിശ്ചിതത്വമുണ്ട്. എന്നാൽ ഇത്തരം കാര്യങ്ങളെക്കുറിച്ച് ഇന്ത്യയിലെ ഔദ്യോഗിക വൃത്തങ്ങളിൽ ചർച്ച നടക്കുന്നുണ്ടെന്ന സൂചനപോലുമില്ലെന്നാണ് സർവെയുടെ വാചാലമായ മൗനത്തിൽനിന്ന് വ്യക്തമാകുന്നത്.

ഇത്തരം പ്രശ്നങ്ങൾ  കാര്യങ്ങളെ വിസ്മൃതിയിലാക്കുന്നതാണ് ബിജെപി സർക്കാരിന്റെ നിലപാടാണെന്ന് ഏവർക്കും അറിയാമെങ്കിലും സർവെയിൽ ഇക്കാര്യത്തെക്കുറിച്ച് പരാമർശങ്ങൾ ആവശ്യമാണ്. പക്ഷേ അതിശയമെന്നു പറയട്ടെ അതുണ്ടായിരുന്നു.

സർവെയിൽ ഇടക്കാല തന്ത്രങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്ന ഭാഗത്ത് നേരിട്ടുള്ള ആനുകൂല്യങ്ങളും ക്യാഷ് ട്രാൻസ്ഫറും അടക്കമുള്ള പദ്ധതികൾ ഒഴിവാക്കണമെന്ന നിർദേശം ആവേശപൂർവം മുന്നോട്ടുവയ്ക്കുന്നു. പയറുവർഗങ്ങൾ കൃഷിചെയ്യുന്നതും മറ്റു സഹായങ്ങൾ നൽകുന്നതുമായ ജലസേചനമുള്ള വടക്കേ ഇന്ത്യൻ മേഖലകളിൽ ഇൻപുട് സബ്സിഡികളാണ് പകരം നിർദേശിക്കുന്നത്. താങ്ങുവിലയ്ക്ക് പകരം പണം ട്രാൻസ്ഫർ ചെയ്യണമെന്നത് ലോകവ്യാപാര സംഘടനയിൽ വികസിത രാജ്യങ്ങൾ ഉന്നയിക്കുന്ന ആവശ്യമാണ്. ഈ ആവശ്യത്തെ നിരന്തരമായി എതിർത്തുവന്ന ഇന്ത്യാ ഗവൺമെന്റിന്റെ ഒരു രേഖ ഈ ആവശ്യത്തെ പിന്തുണയ്ക്കുന്നത് വിചിത്രം തന്നെ.

സാമ്പത്തിക സർവെയുടെ യഥാർഥ പദവി സംബന്ധിച്ച ഒരത്ഭുതം ഇതാണ്:  ഐഎംഎഫ് പോലുള്ള സംഘടനകളിൽ മുമ്പ് പ്രവർത്തിച്ച മുഖ്യ സാമ്പത്തിക ഉപദേശകന്റെ വ്യക്തിപരമായ കാഴ്ചപ്പാടുകളാണോ ഈ സർവെക്ക് രൂപം നൽകിയത്? അതോ ഇന്നത്തെ സർക്കാരിന്റെ നിലപാടുകളോ? ■

# തൊഴിൽ മേഖലയെ തകർക്കുന്ന കേന്ദ്രബജറ്റ്

ഡോ. കെ എസ് പ്രദീപ്കുമാർ



**തൊഴിലാളിവിരുദ്ധവും കോർപ്പറേറ്റ് അനുകൂലവുമായ ബജറ്റാണ് മോദി സർക്കാർ അവതരിപ്പിച്ചിട്ടുള്ളത്. മോഡി സർക്കാരിന്റെ ബജറ്റ് കോർപറേറ്റുകൾക്ക് വേണ്ടി തയാറാക്കിയതാണ്. തൊഴിലാളികളെ കൊണ്ട് അടിമ സമാനമായ രീതിയിൽ തൊഴിലെടുപ്പിക്കുക എന്നത് ബജറ്റ് ലക്ഷ്യം വക്കുന്നു. രാജ്യത്തെ ജനങ്ങളുടെ വിവിധ ദുരിതങ്ങൾക്ക് പരിഹാരം കാണാത്ത ബജറ്റ് ജനവിരുദ്ധമാണ്. കോർപറേറ്റുകൾക്ക് വേണ്ടി തയാറാക്കിയ ബജറ്റ് തൊഴിലാളി വിരുദ്ധവുമാണ്.**

നരേന്ദ്രമോദി സർക്കാരിന്റെ ബജറ്റ് ഒറ്റ നോട്ടത്തിൽ തന്നെ തൊഴിലാളി വിരുദ്ധവും കോർപറേറ്റ് അനുകൂലവുമാണെന്ന് കാണാം. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന അർത്ഥ പൂർണമായ പദ്ധതികൾ ഒന്നും ബജറ്റിൽ ഇല്ല. പരമ്പരാഗത തൊഴിൽ മേഖലയെ ബജറ്റിൽ പാടെ അവഗണിച്ചു. രാജ്യത്ത് വർധിച്ചുവരുന്ന സാമ്പത്തിക അസമത്വം കുറക്കുന്നതിനും ദരിദ്ര ജനവിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും യാതൊരു പദ്ധതിയും പ്രഖ്യാപിക്കാത്ത ബജറ്റ് ജനവിരുദ്ധമാണ്. ബജറ്റിലെ നിർദേശങ്ങൾ പലതും കോർപറേറ്റുകളുടെ താല്പര്യ സംരക്ഷണത്തിനു വേണ്ടി മാത്രമാണ്.

### പുതിയ തൊഴിലവസരങ്ങൾ കണക്കിലെ കസർത്ത് മാത്രം

2014 ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ

നരേന്ദ്രമോദിയുടെ പ്രധാന തെരഞ്ഞെടുപ്പ് വാഗ്ദാനം പ്രതിവർഷം 2 കോടി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നാണ്. കഴിഞ്ഞ 4 വർഷത്തിനിടയിൽ എട്ടുകോടി പുതിയ തൊഴിലവസരങ്ങൾ ഉണ്ടാകേണ്ടിടത്ത് ആകെ സൃഷ്ടിക്കപ്പെട്ടത് 10 ലക്ഷത്തിൽ താഴെ തൊഴിലവസരങ്ങൾ, അതായത് 1.25 ശതമാനം പുതിയ തൊഴിലവസരങ്ങൾ മാത്രം.

രാജ്യത്ത് ഉയരുന്ന തൊഴിലില്ലായ്മക്ക് എതിരെയുള്ള പ്രക്ഷോഭത്തിൽ നിന്നും മുഖം രക്ഷിക്കുന്നതിനു വേണ്ടി മോദി ആർക്കും മനസിലാക്കാത്ത ഒരു കണക്കുമായി രംഗത്തെത്തി. സർക്കാരിന്റെ സാമ്പത്തിക സർവേയിൽ 55 ലക്ഷം പുതിയ തൊഴിലവസരങ്ങൾ 2017- 18 ൽ സൃഷ്ടിക്കപ്പെട്ടുവെന്നു പറഞ്ഞെങ്കിൽ, ബജറ്റിൽ അത് 70 ലക്ഷമായി ഉയർന്നു. ഇതിന് ആധാരമായി പറഞ്ഞത് പബ്ലിക് പ്രോവിഡന്റ് ഫണ്ട് അടിസ്ഥാനമാക്കി നടത്തിയ പഠനമാണ് എന്നാണ്. ഈ പഠന റിപ്പോർട്ട് സർക്കാരിന്റെ സൃഷ്ടിയാണ്. ഇത് തയാറാക്കുന്നതിന്റെ മുന്നോടിയായിട്ട് സർക്കാർ 2009 ഏപ്രിൽ 1 മുതൽ പിഎഫിൽ അംഗത്വമെടുക്കാത്ത മുഴുവൻ തൊഴിലാളികൾക്കും 2017 ജൂൺ വരെ അംഗത്വം എടുക്കാൻ അവസരം നൽകി. ഈ പദ്ധതിയുടെ ഭാഗമായി തൊഴിലുടമകൾക്കും ഇളവ് നൽകി. ഇതാണ് പിഎഫിൽ തൊഴിലാളികളുടെ എണ്ണത്തിൽ വർധനവ് വരാൻ കാരണം. 2018-19 ലും ഇത് തുടരുന്നതിനു വേണ്ടിയാണ് ബജറ്റിൽ പുതിയതായി അംഗത്വമെടുക്കുന്ന തൊഴിലാളികളുടെ തൊഴിലുടമ അടയ്ക്കേണ്ട മൂന്നു വർഷത്തെ വിഹിതം സർക്കാർ വഹിക്കുമെന്ന് പ്രഖ്യാപിച്ചത്. ഇതിന്റെ പ്രയോജനം രാജ്യത്തെ വൻകിട കോർപറേറ്റുകൾക്കാണ് ലഭിക്കുക. മോദിയുടെ വാദം തെറ്റാണെന്ന് തെളിയിക്കുന്നതാണ് വർധിച്ചുവരുന്ന തൊഴിലില്ലായ്മയുടെ കണക്ക്. 15 മുതൽ 24 വയസുവരെയുള്ള തൊഴിൽരഹിതരുടെ എണ്ണം 2014 ൽ 10 ശതമാനമായിരുന്നത് 2017 ൽ 10.7 ശതമാനമായി വർധിച്ചതായി ബജറ്റിൽ പറയുന്നു.

### ലേബർ ബ്യൂറോയുടെ കണക്ക്

ലേബർ ബ്യൂറോയുടെ സർവേ പ്രകാരം 2017-18 ൽ രാജ്യത്ത് പുതുതായി ഉണ്ടായ തൊഴിലവസരങ്ങൾ 4,16,000 ആണ്. ഇതിലും മോദി സർക്കാർ കള്ളത്തരം കാണിച്ചു. 2016 വരെ ലേബർ ബ്യൂറോയുടെ സർവേക്കായി പരിഗണിക്കുന്നത് 8 തൊഴിൽ മേഖലകളെയാണ്. വിവര സാങ്കേതികം, വാഹനങ്ങൾ, ലോഹങ്ങൾ, ആഭരണങ്ങൾ, തുകൽ, ഖാദി, കൈത്തറി തുടങ്ങിയവയാണ് ഇവ. എന്നാൽ 2017 ൽ ഇതിനോടൊപ്പം രാജ്യത്തെ പ്രധാനപ്പെട്ട 12 തൊഴിൽ മേഖലകൾ കൂടി കൂട്ടിചേർത്തു. ഭക്ഷ്യോൽപാദനം, കെട്ടിട നിർമാണം, ചില്ലറ വ്യാപാരം, വിദ്യാഭ്യാസം, ആരോഗ്യം, നോൺ മെറ്റാലിക് മിനറൽ ഉല്പാദനം, ഹോസ്പിറ്റാലിറ്റി തുടങ്ങിയവയാണ് പുതുതായി കൂട്ടിചേർത്തവ. നിലവിലെ കണക്ക് പെരുപ്പിച്ച് കാണിച്ചിരിക്കുന്നത് ഇങ്ങനെയാണ്.

### തകരുന്ന വ്യവസായ, വാണിജ്യ മേഖല

പുതിയ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിൽ വ്യവസായ വാണിജ്യ മേഖലക്ക് വലിയൊരു പങ്കുണ്ട്. സാമ്പത്തിക വളർച്ചക്കൊപ്പം വ്യവസായ വളർച്ചയും താഴോട്ടു പോയിരിക്കുന്നു. തൊഴിൽ പ്രദാനം ചെയ്യുന്ന പ്രധാനപ്പെട്ട 8 വ്യവസായങ്ങളുടെ വളർച്ച 2016 ൽ 5.6 ശതമാനമായിരുന്നത് 2017 ൽ 4.16 ശതമാനമായി കുറഞ്ഞിരിക്കുന്നു. കൽക്കരി, പ്രകൃതി വാതകം, ക്രൂഡോയിൽ, രാസവളം, ഉരുക്ക്, സിമന്റ്, റിഫൈനറി ഉല്പന്നങ്ങൾ, ഇലക്ട്രിസിറ്റി തുടങ്ങിയവ ഇതിൽപെടും. റിയൽ എസ്റ്റേറ്റ്, വസ്ത്ര നിർമാണം, ആഭരണ നിർമാണം, തുകൽ വ്യവസായം, പാദരക്ഷാ നിർമാണം, തുടങ്ങിയ വ്യവസായങ്ങൾ നോട്ടു നിരോധനത്തിന്റെയും ജിഎസ്ടിയുടെയും ഫലമായി തകർന്ന് തരിപ്പണമായി. വാണിജ്യ രംഗത്തും മാന്ദ്യം പിടിമുറുക്കിയിരിക്കുന്നു. ചില്ലറ വ്യാപാര രംഗത്ത് വിദേശ നിക്ഷേപം അനുവദിച്ചതോടെ പ്രതിസന്ധിയിലായ ചില്ലറ വ്യാപാര രംഗം കോർപറേറ്റുകൾ കീഴടക്കും. ഏത് മേഖലയിലാണ് മോദി സർക്കാരിന് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞത്?

### നിക്ഷേപവും സമ്പാദ്യവും കുറയുന്നു

തൊഴിൽ മേഖലയുടെ തകർച്ച രാജ്യത്തെ സമ്പാദ്യത്തെയും നിക്ഷേപത്തെയും ബാധിച്ചിരിക്കുന്നു. 2007 ൽ ദേശീയ വരുമാനത്തിന്റെ 38.3 ശതമാനം നിക്ഷേപം ഉണ്ടായിരുന്നുവെങ്കിൽ 2016 ൽ അത് 29 ശതമാനമായി കുറഞ്ഞിരിക്കുന്നു. മൂലധന ചെലവിനും മോദി സർക്കാർ കുറവ് വരുത്തിയിരിക്കുന്നു. 2017- 18 ൽ 3098 ലക്ഷം കോടി രൂപ വകയിരുത്തിയിരുന്നുവെങ്കിലും ചെലവാക്കിയത് 12% കുറച്ചാണ്. 2018- 19 ൽ വീണ്ടും ചെലവ് കുറച്ച് 3004 ലക്ഷം കോടി രൂപയാക്കി. മൂലധന ചെലവിലുണ്ടാക്കുന്ന കുറവ് രാജ്യത്തിന്റെ പശ്ചാത്തല വികസന മേഖലയെയും അതുമായി ബന്ധപ്പെട്ട തൊഴിലിനെയും ബാധിക്കും. റോഡുകൾ, പാലങ്ങൾ, വൈദ്യുതി, റെയിൽവെ, നിർമാണം തുടങ്ങിയ മേഖലകളിൽ വലിയ തൊഴിൽ നഷ്ടം ഉണ്ടാകും.

### കാർഷിക മേഖല

രാജ്യത്ത് 49 ശതമാനം തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നത് കാർഷിക മേഖലയാണ്. വികലമായ നയങ്ങളുടെ ഫലമായി കാർഷിക മേഖല തകർച്ചയിലാണ്. ഓരോ 40 മിനിറ്റ് കൂടുമ്പോഴും രാജ്യത്ത് ഒരു കർഷകൻ ആത്മഹത്യ ചെയ്യുന്നു. മോദി ഭരണത്തിനു കീഴിൽ കർഷക ആത്മഹത്യയുടെ കണക്ക് ഇപ്രകാരമാണ്. 2014- 11,772; 2015- 12,360; 2016- 12,602. ഓരോ വർഷവും കർഷക ആത്മഹത്യയുടെ എണ്ണം വർധിക്കുകയാണ്. ആഗോള

ശേഷം പേജ് 27

### വൈദ്യുതി മേഖല

# കേന്ദ്രനീക്കം സമ്പൂർണ സ്വകാര്യവൽക്കരണത്തിന്





എളമരം കരീം

**വൈദ്യുതി മേഖല സ്വകാര്യവൽക്കരിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും സജീവമായ നീക്കങ്ങൾ നടത്തിവരികയാണ്. വൈദ്യുതി മേഖല വലിയ നേട്ടങ്ങൾ കൈവരിച്ചിരിക്കുന്നു എന്ന അവകാശവാദമാണ് കുറച്ചുകാലമായി കേന്ദ്രസർക്കാർ മുന്നോട്ടു വയ്ക്കുന്നത്. എന്നാൽ ഈ വാദത്തിന്റെ പൊള്ളത്തരം തുറന്നു കാണിക്കുന്നതാണ് ഊർജ നയം മുന്നോട്ടു വക്കുന്ന സ്ഥിതിവിവരക്കണക്കുകൾ. വൈദ്യുതി മേഖലയെ ഒറ്റ സ്ഥാപനമായി പൊതുമേഖലയിൽ സംരക്ഷിക്കുക എന്ന ബദൽ സമീപനമാണ് കേരളം മുന്നോട്ടു വെച്ചിട്ടുള്ളത്. കേന്ദ്ര സർക്കാർ മുന്നോട്ടുവെക്കുന്ന നവ ഉദാര വൽക്കരണ നയത്തിൽ അധിഷ്ഠിതമായ ദേശീയ ഊർജ നയത്തിന് പ്രതിരോധം ഉയർത്താൻ ഈ ബദൽ നയത്തിലൂടെ മാത്രമേ കഴിയൂ**

**2017** ജൂൺ മാസത്തിലാണ് നീതി ആയോഗ് ദേശീയ ഊർജ നയത്തിന്റെ കരട് പ്രസിദ്ധീകരിച്ചത്. വൈദ്യുതി മേഖലയുടെ നിലവിലുള്ള പൊതു സ്ഥിതി വിശദീകരിച്ചുകൊണ്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നയപരമായ ഇടപെടലുകൾ എങ്ങനെയാകണം എന്ന് വിശദീകരിക്കുകയാണ് ഈ നയത്തിലൂടെ ലക്ഷ്യമിടുന്നത്.

വൈദ്യുതി മേഖല വലിയ നേട്ടങ്ങൾ കൈവരിച്ചിരിക്കുന്നു എന്ന അവകാശവാദമാണ് കുറച്ചു കാലമായി കേന്ദ്രസർക്കാർ മുന്നോട്ടു വയ്ക്കുന്നത്. എന്നാൽ ഈ വാദത്തിന്റെ പൊള്ളത്തരം തുറന്നു കാണിക്കുന്നതാണ് ഊർജനയം മുന്നോട്ടു വക്കുന്ന സ്ഥിതിവിവരക്കണക്കുകൾ. വൈദ്യുതി മേഖല നേരിടുന്ന പ്രതിസന്ധികൾ സംബന്ധിച്ച് ഈ കണക്കുകളിൽ നിന്ന് വ്യക്തമാകുന്നുണ്ടെങ്കിലും ഇത് പരിഹരിക്കാനുള്ള ഫലപ്രദമായ നിർദേശങ്ങളൊന്നും ഊർജ നയം മുന്നോട്ടു വയ്ക്കുന്നില്ല. കേന്ദ്ര സർക്കാർ വൈദ്യുതി മേഖലയിൽ നടപ്പാക്കി വരുന്ന നവ ഉദാരവൽക്കരണ നയങ്ങൾ കൂടുതൽ ശക്തമായി മുന്നോട്ടു കൊണ്ടു പോകാൻ തന്നെയാണ് കരട് ഊർജ നയവും ലക്ഷ്യമിടുന്നത്.

വൈദ്യുതി നിയമം 2003 നിലവിൽ വന്നതിനു ശേഷം ആദ്യത്തെ ദേശീയ ഊർജ നയം 2005 ലാണ് ഉണ്ടാവുന്നത്. ഈ നയത്തിൽ പ്രധാനമായും ഊന്നിയത് എല്ലാവർക്കും വൈദ്യുതി എത്തിക്കുക എന്നതായിരുന്നു. 2009 നുള്ളിൽ രാജ്യത്തെ മുഴുവൻ വീടുകളിലും വൈദ്യുതി എത്തിക്കും എന്നതായിരുന്നു തുടക്കത്തിൽ പ്രഖ്യാപിച്ചിരുന്നത്. പിന്നീടത് 2012 നുള്ളിൽ എന്നാക്കി. പിന്നീട് പല തവണയായി ഇത് പുതുക്കി നിശ്ചയിക്കുകയുണ്ടായി. RGGVY (Rajeev Gandhi Gram Vydhuthikaran Yojana) എന്ന പേരിൽ ആരംഭിച്ച പദ്ധതി എൻഡിഎ അധികാരത്തിൽ വന്നതിനെ തുടർന്ന് DDUGJY (Deen Dayal Upadhyaya Gram Jyothi Yojana) എന്ന് പേരു മാറ്റി. എന്നാൽ ഇപ്പോഴും 30 കോടിയിലധികം പേർക്ക് വൈദ്യുതി ലഭ്യമായിട്ടില്ല.

ഗ്രാമങ്ങളിലെ 15 ശതമാനം വീടുകളിൽ വൈദ്യുതി എത്തിക്കാനായാൽ സമ്പൂർണ വൈദ്യുതീകരണം നേടി എന്ന് പ്രഖ്യാപിക്കുന്ന രീതിയാണ് നിലവിലുള്ളത്. എന്നിട്ടുപോലും ഒരു ലക്ഷത്തോളം ഗ്രാമങ്ങളിൽ വൈദ്യുതീകരണം ബാക്കിയുണ്ട്. ഇപ്പോൾ സൗഭാഗ്യ എന്ന പേരിൽ പുതിയ ഒരു സമ്പൂർണ വൈദ്യുതീകരണ പദ്ധതി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതിക്ക് നീക്കി വെച്ചിട്ടുള്ള തുക 12320 കോടി രൂപ മാത്രമാണ്. 4 കോടിയിലധികം വീടുകളിൽ വൈദ്യുതി എത്താനുണ്ട് എന്നത് കണക്കിലെടുക്കുമ്പോൾ ഈ തുക പദ്ധതിക്ക് തികച്ചും അപര്യാപ്തമാണ്.

സംസ്ഥാന വൈദ്യുതി ബോർഡുകളുടെ ചുമതലയിൽ നടന്നുവരുന്ന വൈദ്യുതീകരണ നടപടികൾ വൈദ്യുതിബോർഡുകൾ കമ്പനികളാക്കുകയും സ്വകാര്യവൽക്കരിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഏറ്റെടുക്കാൻ കഴിയാതെവന്നു. ഈ സാഹചര്യത്തിലാണ് ആർജിജിവിവൈയുമായി കേന്ദ്ര സർക്കാർ മുന്നോട്ടു വന്നത്. ഇതിന്റെ ഭാഗമായി ഗ്രാമീണ മേഖലയിൽ കുറെയേറെ വൈദ്യുതി ലൈനുകളും മറ്റു സംവിധാനങ്ങളും ഉണ്ടാക്കാൻ കഴിഞ്ഞുവെന്നത് സത്യമാണ്. എന്നാൽ രാജ്യത്തെ മുഴുവൻ വീടുകളിലും സമയബന്ധിതമായി വൈദ്യുതി എത്തിക്കുന്നതിന് ഈ പദ്ധതിയോ തുടർന്നുവന്ന ഡിഡിയുജിജെവൈ പദ്ധതി കൊണ്ടോ സാധ്യമായില്ല എന്നതാണ് വസ്തുത. ഈ സ്ഥിതി തുടരുമെന്നു തന്നെയാണ് സൗഭാഗ്യയുടെ അലോക്കേഷന്റെ സ്ഥിതിയിൽ നിന്നു വ്യക്തമാകുന്നത്. കരട് ഊർജ നയം ഈ പ്രശ്നം പരിഹരിക്കുന്നതിന് ഒരു നിർദേശവും മുന്നോട്ടു വയ്ക്കുന്നില്ല.

രാജ്യത്ത് 30 കോടിയിലധികം ജനങ്ങൾക്ക് വൈദ്യുതി ലഭ്യമായിട്ടില്ല എന്നതിനോടൊപ്പം കൂട്ടിവായിക്കേണ്ട മറ്റൊരു വസ്തുതയാണ് രാജ്യത്തിന്റെ പ്രതിശീർഷ വൈദ്യുതി ഉപഭോഗം ലോക ശരാശരിയുടെ പകുതിയിൽ താഴെ മാത്രമാണ്. പ്രതിശീർഷ വൈദ്യുതി ഉപഭോഗത്തിന്റെ ലോക ശരാശരി 2300 യൂണിറ്റോളമാണെന്നിരിക്കെ ഇന്ത്യയിൽ അത് 1000 യൂണിറ്റിൽ താഴെ മാത്രമാണ്. എന്നാൽ പ്രതിശീർഷ വൈദ്യുതി ഉപഭോഗം ഇങ്ങനെ കുറഞ്ഞുനിൽക്കുമ്പോഴും രാജ്യം വൈദ്യുതി മിച്ചത്തിലാണെന്ന പ്രതീതിയാണ് നിലനിൽക്കുന്നത്. ഉൽപാദനരംഗത്ത് വലിയ മുന്നേറ്റമൊന്നും ഈ കാലഘട്ടത്തിൽ ഉണ്ടായിട്ടില്ലെങ്കിലും വൈദ്യുതി ഉപഭോഗത്തിൽ ആവശ്യമായ വർധനവ് ഉണ്ടാകാത്തതാണ് വൈദ്യുതി പ്രതിസന്ധി രൂക്ഷമാകാതെ രാജ്യത്ത് വ്യാവസായിക കാർഷിക മേഖലകളിൽ നിലനിൽക്കുന്ന മുരടിപ്പാണ് യഥാർത്ഥത്തിൽ വൈദ്യുതി പ്രതിസന്ധിയെ തടഞ്ഞു നിർത്തുന്നത്. രാജ്യത്തിന്റെ പൊതു വികസനം സാധ്യമാകുന്നതിന് വൈദ്യുതി വികസനം അനിവാര്യമാണ്. എന്നാൽ ദേശീയ ഊർജ നയം വൈദ്യുതി ഉൽപാദനരംഗത്തെ പൊതുമേഖലാ നിക്ഷേപം വർധിപ്പിക്കുന്നത് സംബന്ധിച്ച് യാതൊരു നിർദേശവും മുന്നോട്ടു വക്കുന്നില്ല.

വൈദ്യുതി കമ്പോളത്തിന്റെ സാധ്യതകൾക്കനുസരിച്ച് വൈദ്യുതി ഉൽപാദന രംഗത്ത് ആവശ്യമായ നിക്ഷേപം ഉണ്ടായിക്കൊള്ളുമെന്ന സമീപനമാണ് നയത്തിലുള്ളത്. വൈദ്യുതി കമ്പോളത്തിൽ നിലനിൽക്കുന്ന അനിശ്ചിതാവസ്ഥ പുതിയ വൈദ്യുതി നിലയങ്ങൾ അടച്ചുപൂട്ടുന്ന സ്ഥിതിയിലേക്കാണെത്തുന്നത്. ഏറെ താമസിയാതെ കടുത്ത വൈദ്യുതി പ്രതിസന്ധിയിലേക്ക് രാജ്യം എത്തിപ്പെടുമെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

രാജ്യത്തെ പ്രഥമ ഊർജ സ്രോതസുകളെ ഫലപ്രദമായി വികസിപ്പിക്കുന്നതിന് കഴിയേണ്ടതു



**റവന്യൂ ശേഷിയുള്ള വൻകിട ഉപഭോക്താക്കളെ അടർത്തിയെടുത്ത് ലാഭം മുഴുവൻ സ്വകാര്യവൽക്കരിക്കുകയും നഷ്ടമുണ്ടാക്കുന്ന ബിപിഎൽ കണക്ഷനുകൾ പൊതുമേഖലയിൽ തന്നെ നിലനിർത്തുകയും ചെയ്യുക എന്നതാണ് സംഭവിക്കുക. ലാഭത്തിന്റെ സ്വകാര്യവൽക്കരണവും നഷ്ടത്തിന്റെ ദേശസാൽക്കരണവുമെന്ന സാമ്പത്തിക നയം തന്നെയാണ് ഇവിടെയും ഉദ്ദേശിക്കുന്നത്. ഊർജ സംരക്ഷണം, വൈദ്യുതി പ്രസരണ സംവിധാനങ്ങളുടെ വികസന തുടങ്ങിയ കാര്യങ്ങളൊന്നും ആർക്കും ചുമതലയില്ലാതെ പോവുകയും വൈദ്യുതി മേഖലയുടെ തകർച്ചക്ക് ഇടയാക്കുകയും ചെയ്യുന്ന നിലയിൽ കൊണ്ടുവരുന്ന നിയമ ഭേദഗതി മുന്നോട്ടു കൊണ്ടുപോവുക തന്നെയാണ് കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നത്.**

ണ്ട്. ഇന്ത്യയിൽ ലഭ്യമായ പ്രധാന ഊർജ വിഭവം കൽക്കരി തന്നെയാണ്. കരട് ഊർജ നയം ഇത് അംഗീകരിക്കുന്നുണ്ട്. എന്നാൽ ആഭ്യന്തര കൽക്കരി ഉപയോഗിച്ചുകൊണ്ട് വൈദ്യുതി വികസനം സാധ്യമാകണമെങ്കിൽ തനത് സാങ്കേതിക വിദ്യ ശക്തിപ്പെടുത്തേണ്ടതുണ്ട്.

ഇന്ത്യൻ കൽക്കരിയിൽ ചാരത്തിന്റെ അളവ് കൂടുതലാണെന്നത് കണക്കിലെടുത്തുകൊണ്ട് കൽക്കരി ശുദ്ധീകരിച്ചുപയോഗിക്കുന്നതിനും ഇന്ത്യൻ കൽക്കരി ഉപയോഗിക്കാൻ കഴിയുന്ന കാര്യക്ഷമത കൂടിയ നിലയങ്ങൾ രൂപകൽപന ചെയ്യുന്നതിനും നടപടി ഉണ്ടാകേണ്ടതുണ്ട്. ബിഎച്ച്ഇഎൽ അടക്കമുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ടു മാത്രമേ ഇത് സാധ്യമാവുകയുള്ളൂ. എന്നാൽ ഇറക്കുമതി സാങ്കേതിക വിദ്യയും ഇറക്കുമതി ഇന്ധനവും ഉപയോഗപ്പെടുത്തുന്ന നിലയങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടുന്ന സ്ഥിതിയാണ് നിലനിൽക്കുന്നത്. വൈദ്യുതി ഉൽപാദന മേഖലയിൽ സ്വതന്ത്രമായ മത്സരം എന്ന സമീപനം ഇന്നത്തെ സ്ഥിതി തുടരുന്നതിന് തന്നെയാണ് സഹായിക്കുക.

വൈദ്യുതി വികസനത്തിൽ ഫലപ്രദമായി ഉപയോഗപ്പെടുത്താവുന്ന മറ്റൊരു മേഖലയാണ് ആണവ ഇന്ധനങ്ങൾ. മർദ്ദിത, ഘന, ജല, ആണവ റിയാക്ടറുകൾ നിർമിക്കുന്നതിനുള്ള സാങ്കേതിക വിദ്യ തദ്ദേശീയമായി ലഭ്യമാണ്. ഫാസ്റ്റ് ബ്രീഡർ റിയാക്ടറുകളുടെ സാങ്കേതിക വിദ്യ വികസിപ്പിക്കുന്നത് നിർണായക നേട്ടം കൈവരിക്കാനും ഇന്ത്യക്കായിട്ടുണ്ട്. ഈ സാധ്യതകൾ കണക്കിലെടുത്താണ് ഭാവിയുടെ ഊർജ സ്രോതസായി തോറിയത്തെ കാണുന്നത്.

15 ലക്ഷം മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാൻ ആവശ്യമായ തോറിയം നിക്ഷേപം രാജ്യത്തുണ്ട്. ഇത്രവലിയ സാധ്യതകൾ ആണവ മേഖലയിൽ ഉള്ളപ്പോഴും 2030 ഓടെ കേവലം 63,000 മെഗാവാട്ട് ശേഷി മാത്രമാണ് കരട് ഊർജനയം വിഭാവനം ചെയ്യുന്നത്. തനത് സാങ്കേതിക വിദ്യകളെ വികസിപ്പിക്കേണ്ടതുണ്ടെന്ന് കരട് ഊർജനയത്തിലുണ്ട്. പക്ഷേ അതിനായി യാതൊരു നിക്ഷേപവും വിലയിരുത്താൻ നയം തയാറായിട്ടി

ല്ല. ഇറക്കുമതി നിലയങ്ങൾ സ്ഥാപിക്കുകയും രാജ്യത്തിന്റെ ഇന്ധന ആശ്രിതത്വം വർധിപ്പിക്കുകയും ചെയ്യുന്ന ഇന്നത്തെ നയം തുടരാൻ തന്നെയാണ് ഉദ്ദേശിക്കുന്നതെന്ന് ഇത് വ്യക്തമാക്കുന്നു. റിയാക്ടറുകൾ ഇറക്കുമതി ചെയ്യുമ്പോൾ സാങ്കേതിക വിദ്യ കൈമാറിക്കിട്ടുന്നതിനുള്ള വ്യവസ്ഥകൾ പോലും മുന്നോട്ടു വയ്ക്കുന്നില്ല എന്നത് പ്രത്യേകം കാണേണ്ടതുണ്ട്.

ജലവൈദ്യുതിക്ക് പ്രാധാന്യം നൽകുന്ന സമീപനം കരട് നയം മുന്നോട്ട് വയ്ക്കുന്നുണ്ട്. ഇത് സ്വാഗതം ചെയ്യപ്പെടേണ്ട ഒന്നാണ്. ലോകമെമ്പാടും ജലനിലയങ്ങളെ റിന്യൂവബിൾ വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കാർബൺ പാദമുദ്രയുടെ കാര്യത്തിൽ സോളാർ പദ്ധതികളെ അപേക്ഷിച്ചുപോലും മെച്ചപ്പെട്ടതാണ് ജലവൈദ്യുത പദ്ധതികളെന്നത് അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

മറ്റുള്ള അക്ഷയ ഊർജ മേഖലകൾക്കുള്ള അസ്ഥിര സ്വഭാവം ജലനിലയങ്ങൾക്കില്ല. സോളാർ, കാറ്റ് തുടങ്ങിയ അസ്ഥിര സ്രോതസുകളെ ഗ്രിഡിൽ കണക്ട് ചെയ്യുന്നതിലുണ്ടാവുന്ന പരിമിതികൾ മുറിച്ചു കടക്കുന്നതിന് ജലനിലയങ്ങൾ സഹായമാണുതാനും. ദേശീയ നയം ജലവൈദ്യുതി വികസനത്തിനു നൽകുന്ന ഊന്നൽ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയേണ്ടതുണ്ട്. സംസ്ഥാനത്തെ വൈദ്യുതി വികസനം ഉറപ്പുവരുത്തുന്നതിന് ഈ നിലപാട് ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയേണ്ടതുണ്ട്.

വൈദ്യുതി ബോർഡുകൾ സാമ്പത്തികമായി തകർച്ചയെ നേരിടുന്നുവെന്നതാണ് 2003 ലെ വൈദ്യുതി നിയമം കൊണ്ടുവരുന്നതിനും വൈദ്യുതി മേഖലയുടെ പരിഷ്കരണങ്ങൾക്കും കാരണമായി ചൂണ്ടിക്കാണിച്ചിരുന്നത്. എന്നാൽ 2003 ലെ വൈദ്യുതി നിയമം നിലവിൽ വന്ന് 15 വർഷം കഴിഞ്ഞപ്പോഴുള്ള വൈദ്യുതി മേഖലയുടെ സ്ഥിതി തികച്ചും ഗുരുതരമാണ്. വൈദ്യുതി ബോർഡുകളുടെ മൊത്തം കടബാധ്യത 15,000 കോടി രൂപയോളമായിരുന്നത് കുറഞ്ഞില്ലെന്നു മാത്രമല്ല വൻതോതിൽ വളരുകയും ചെയ്തിരിക്കുന്നു.

ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം ഇന്ത്യയിലെ വൈദ്യുതി വിതരണ യൂട്ടിലിറ്റികളുടെ ആകെ കടബാധ്യത 4.75 ലക്ഷം കോടി രൂപയോളമാണ്. വൈദ്യുതി വിതരണ യൂട്ടിലിറ്റികളുടെ സഞ്ചിത നഷ്ടം 3 ലക്ഷം കോടിയോളമായിരിക്കുന്നു. വൈദ്യുതി മേഖലയിൽ കുമിഞ്ഞുകൂടുന്ന കടബാധ്യത രാജ്യത്തെ ബാങ്കിംഗ് മേഖലയെയും കടുത്ത പ്രതിസന്ധിയിലേക്കാണ് തള്ളിവിടുന്നത്. വൈദ്യുതി മേഖല എടുത്തിട്ടുള്ള കടങ്ങൾ നിഷ്ക്രിയ ആസ്തിയായിമാറിയിരിക്കുന്നു.

വൈദ്യുതി യൂട്ടിലിറ്റികൾ കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ ഭാഗമായി വൈദ്യുതി വാങ്ങുന്നതിനുള്ള വില പോലും നൽകാൻ കഴിയാത്ത സ്ഥിതിയിലേക്കാണ് പോകുന്നത്. ഇതിന്റെ ഭാഗമായി വൈദ്യുതി വാങ്ങുന്നത് ഒഴിവാക്കി വൈദ്യുതി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതാണ് ലാഭകരം എന്ന നിലയിലേക്കുവരെ യൂട്ടിലിറ്റികൾ ചിന്തിക്കുന്നു. വൈദ്യുതി വിൽക്കാനാവാതെ വൈദ്യുതി നിലയങ്ങൾ അടഞ്ഞുകിടക്കുമ്പോൾ തന്നെ വൈദ്യുതി നിയന്ത്രണങ്ങളും ഏർപ്പെടുത്തുന്ന സ്ഥിതി വരുന്നത് ഈ രംഗത്ത് നടപ്പാക്കിവരുന്ന നവ ഉദാരവൽക്കരണ നയങ്ങളുടെ ഫലമായാണ്. എന്നാൽ ഈ നയങ്ങളെ തിരുത്താനുള്ള സമീപനം ഒന്നും കരട് ഊർജ നയം മുന്നോട്ടു വയ്ക്കുന്നില്ല.

വൈദ്യുതി യൂട്ടിലിറ്റികളുടെ കടബാധ്യതകൾ പരിഹരിക്കുന്നതിന് മുൻകാലങ്ങളിൽ പലതരം പാക്കേജുകൾ മുന്നോട്ടു വയ്ക്കപ്പെട്ടിരുന്നു. ഏറ്റവും ഒടുവിൽ കേന്ദ്രസർക്കാർ മുന്നോട്ടുവച്ച ഉദയ് പദ്ധതിയെ കടബാധ്യതകൾ ഫലത്തിൽ സംസ്ഥാന സർക്കാരുകൾ ഏറ്റെടുക്കണമെന്ന നിർദേശമാണ് മുന്നോട്ടു വച്ചത്.

സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്രോതസുകൾ ഒന്നൊന്നായി ഇല്ലാതാക്കുകയും ജിഎസ്ടിയിലൂടെ ഫെഡറൽ വ്യവസ്ഥയെപോലും അട്ടിമറിക്കുന്ന നിലയിൽ നികുതി ഘടന പോലും പൂർണമായും കേന്ദ്ര നിയന്ത്രണത്തിലാക്കുകയും ചെയ്തതിനു ശേഷം വിതരണ യൂട്ടിലിറ്റികളുടെ കടബാധ്യതകൾ സംസ്ഥാനങ്ങൾ ഏറ്റെടുക്കണമെന്നു കൂടി നിർദേശിച്ചാൽ അത് എത്രത്തോളം പ്രായോഗികമാകും. എന്നാൽ ഉദയ് മുന്നോട്ടുവെക്കുന്ന സമീപനം അതേനിലയിൽ തുടരുന്നതിനപ്പുറം മറ്റൊരു നിർദേശവും കരട് ഊർജനയം മുന്നോട്ടു വെക്കുന്നില്ല. വൈദ്യുതി മേഖലയുടെ സാമ്പത്തിക പരാധീനത കൂടുതൽ ഗുരുതരമായി തുടരുക തന്നെ ചെയ്യുമെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

വൈദ്യുതി വിതരണ യൂട്ടിലിറ്റികളുടെ സാമ്പത്തിക പരാധീനതകളുടെ പ്രധാന കാരണം വൈദ്യുതി രംഗത്തെ കമ്പോള ശക്തികളുടെ ഇടപെടൽ തന്നെയാണ്. എന്നാൽ പരിഷ്കരണങ്ങളുടെ വേഗതക്കുറവാണ് പ്രശ്ന കാരണമെന്ന സമീപനമാണ് കരട് നയം മുന്നോട്ടു വെക്കുന്നത്. വൈദ്യുതി വിതരണ രംഗത്ത് ഫ്രാഞ്ചൈസി അടക്കുമുള്ള സ്വകാര്യ പങ്കാളിത്തം വർധിപ്പിക്കുക എന്ന നയത്തിൽ യാതൊരു മാറ്റവും കരടു ഊർജ നയം മുന്നോട്ടു വെക്കുന്നില്ല. വൈദ്യുതി നിയമം ഭേദഗതി ചെയ്ത് നവ ഉദാരവൽക്കരണ നയങ്ങൾ കൂടുതൽ ശക്തമായി മുന്നോട്ടു കൊണ്ടു പോകാനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്.

വൈദ്യുതി വിതരണ മേഖല വീണ്ടും വിഭജിക്കുന്നതിനാണ് നിയമ ഭേദഗതി ലക്ഷ്യമിടുന്നത്. കമ്പിയും കാലുമൊക്കെ സ്ഥാപിച്ച് വൈദ്യുതി ശൃംഖല രൂപപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ചുമതല പൊതുമേഖലക്ക് വിട്ടുകൊടുക്കുകയും അതിലൂടെ വൈദ്യുതി കടത്തിക്കൊണ്ടുപോയി വിറ്റ് ലാഭമുണ്ടാക്കുന്നതിന് സ്വകാര്യ കുത്തകകളെ അനുവദിക്കുകയുമാണ് നിയമ ഭേദഗതി ഉദ്ദേശിക്കുന്നത്. എന്നാൽ എല്ലാ ജനങ്ങൾക്കും

വൈദ്യുതി നൽകാനുള്ള ചുമതലയൊന്നും ഇത്തരം സ്വകാര്യ സപ്ലൈ കമ്പനികൾക്ക് ഉത്തരവാദിത്വമില്ല.

റവന്യൂ ശേഷിയുള്ള വൻകിട ഉപഭോക്താക്കളെ അടർത്തിയെടുത്ത് ലാഭം മുഴുവൻ സ്വകാര്യവൽക്കരിക്കുകയും നഷ്ടമുണ്ടാക്കുന്ന ബിപിഎൽ കണക്ഷനുകൾ പൊതുമേഖലയിൽ തന്നെ നിലനിർത്തുകയും ചെയ്യുക എന്നതാണ് സംഭവിക്കുക. ലാഭത്തിന്റെ സ്വകാര്യവൽക്കരണവും നഷ്ടത്തിന്റെ ദേശസാൽക്കരണവുമെന്ന സാമ്പത്തിക നയം തന്നെയാണ് ഇവിടെയും ഉദ്ദേശിക്കുന്നത്. ഊർജ സംരക്ഷണം, വൈദ്യുതി പ്രസരണ സംവിധാനങ്ങളുടെ വികസന തുടങ്ങിയ കാര്യങ്ങളൊന്നും ആർക്കും ചുമതലയില്ലാതെ പോവുകയും വൈദ്യുതി മേഖലയുടെ തകർച്ചക്ക് ഇടയാക്കുകയും ചെയ്യുന്ന നിലയിൽ കൊണ്ടുവരുന്ന നിയമഭേദഗതി മുന്നോട്ടു കൊണ്ടുപോവുക തന്നെയാണ് കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നത്. കണ്ടന്റും കാര്യേജും വേർതിരിക്കുന്നതടക്കം നിയമ ഭേദഗതി മുന്നോട്ടുവെക്കുന്ന സമീപനം തന്നെയാണ് കരട് ഊർജ നയം മുന്നോട്ടു വെക്കുന്നത്.

വൈദ്യുതി മേഖലയിൽ നിലനിൽക്കുന്ന എല്ലാ പ്രതിസന്ധികളും തുടരുമെന്നു തന്നെയാണ് ഇത് കാണിക്കുന്നത്. ഈ സാഹചര്യത്തിൽ നവ ഉദാരവൽക്കരണ നയങ്ങൾക്കെതിരായി ശക്തമായ പ്രക്ഷോഭം ഉയർത്തിക്കൊണ്ടുവരുക മാത്രമാണ് തൊഴിലാളികൾക്ക് ചെയ്യാൻ കഴിയുക.

വൈദ്യുതി മേഖലയെ ഒറ്റ സ്ഥാപനമായി പൊതുമേഖലയിൽ സംരക്ഷിക്കുക എന്ന ബദൽ സമീപനമാണ് കേരളം മുന്നോട്ടു വെച്ചിട്ടുള്ളത്. രാജ്യത്തിന് മാതൃകയാകുന്ന ഒട്ടേറെ മുന്നേറ്റങ്ങൾ കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞത് ഈ ബദൽ നയത്തിന്റെ ഭാഗമായാണ്. സംസ്ഥാനം സമ്പൂർണ വൈദ്യുതീകരണം കൈവരിച്ചത് ഈ ബദൽ സമീപനത്തിന്റെ പ്രകടമായ ഒരുദാരഹരണമാണ്. രാജ്യത്ത് ഏറ്റവും കുറവ് പ്രസരണ വിതരണ നഷ്ടമുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. വൈദ്യുതി ഉൽപാദന രംഗത്ത് വലിയ മുന്നേറ്റമൊന്നും കൈരിക്കാൻ കഴിയുന്നില്ലെങ്കിലും മികച്ച ഊർജ ആസൂത്രണത്തോടെ വൈദ്യുതി നിയന്ത്രണങ്ങൾ കൂടാതെ മുന്നോട്ടു പോകാൻ നമുക്ക് കഴിയുന്നുണ്ട്.

വൈദ്യുതി ഉൽപാദന രംഗത്ത് സംസ്ഥാനത്തിന് ഇനിയും മുന്നോട്ടു പോകാനുണ്ട്. സാധ്യമായ ജലവൈദ്യുത പദ്ധതികളെല്ലാം ഏറ്റെടുക്കാൻ സംസ്ഥാനത്തിന് കഴിയേണ്ടതുണ്ട്. ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളെല്ലാം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്. പദ്ധതികൾ സമയബന്ധിതമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ജനപ്രതിനിധികൾ ഉൾപ്പെടുന്ന മോണിട്ടറിംഗ് കമ്മിറ്റികൾ രൂപീകരിക്കണം. കേരളത്തിന് ഏറ്റെടുക്കാൻ കഴിയുന്ന പ്രധാനപ്പെട്ട ജല വൈദ്യുത പദ്ധതികളിൽ ഒന്നാണ് അതിരപ്പിള്ളി. ഇതടക്കമുള്ള പദ്ധതികൾ ഏറ്റെടുക്കാൻ കഴിയുന്ന പൊതു സമീപനം സംസ്ഥാനത്ത് ഉയർന്നുവരേണ്ടതുണ്ട്.

സോളാർ, കാറ്റ് തുടങ്ങിയ പുതുക്കപ്പെടുന്ന ഊർജ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിന് ശക്തമായ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്. ഊ രംഗത്തെ നോഡൽ ഏജൻസിയായ അനർട്ടിന് പുറമേ വൈദ്യുതി ബോർഡുകൂടി ഫലപ്രദമായി ഇടപെട്ടാലേ ആവശ്യമായ പുരോഗതി ഉണ്ടാക്കാൻ കഴിയുകയുള്ളൂ.

കേരളത്തിന്റെ വർധിച്ചു വരുന്ന വൈദ്യുതി ആവശ്യകത കണക്കിലെടുക്കുമ്പോൾ വലിയ ഒരു വൈദ്യുത പദ്ധതി നമുക്കാവശ്യമുണ്ടെന്ന് ബോധ്യപ്പെടും. 2006- 11 ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തിന് ഒരു കൽക്കരിപ്പാടം അനുവദിക്കപ്പെട്ടിരുന്നു. അതുപയോഗിച്ച് ഒരു കൽക്കരി നിലയം ആരംഭിക്കുന്നതു സംബന്ധിച്ച ചില ആലോചനകൾ അന്നു നടക്കുകയുണ്ടായി. കാസർഗോഡ് ചീമേനിയിൽ പദ്ധതിക്ക് 1200 ഓളം ഏക്കർ ഭൂമി കണ്ടെത്തുകയും പദ്ധതി രൂപരേഖ തയാറാക്കുകയും ചെയ്തു. വൈദ്യുതി ബോർഡും കെഎസ്ഐഡിസിയും ചേർന്ന് ഒരു എസ്പിവി രൂപീകരിച്ചു. പക്ഷേ ഈ നടപടികൾ മുന്നോട്ടു പോയില്ല. ആ സാധ്യത വീണ്ടും പരിശോധിക്കേണ്ടതുണ്ട്.

പ്രസരണ രംഗത്ത് വലിയ മുന്നേറ്റത്തിനാണ് സംസ്ഥാനം സാക്ഷ്യം വഹിക്കാൻ പോകുന്നത്. 10000 കോടി രൂപയുടെ മുതൽമുടക്കോടെ നടപ്പാക്കുന്ന ട്രാൻസ്ഗ്രിഡ് 2.0 പ്രസരണ മേഖലയെ ആധുനികവൽക്കരിക്കുന്നതിനും സംസ്ഥാനത്തിന്റെ പ്രസരണ ശേഷി ഇരട്ടിയാക്കി വർധിപ്പിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

നമ്മുടെ വൈദ്യുതി വിതരണ ശൃംഖലയും ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ വൈദ്യുതി ബോർഡ് ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എച്ച് ടി വൈദ്യുതി ലൈനുകളുടെ ജിയോമാപ്പിംഗ് പൂർത്തീകരിക്കാൻ നമുക്ക് കഴിഞ്ഞു. ഇതിന്റെ തുടർച്ചയായി കൃത്യമായ പദ്ധതി രൂപപ്പെടേണ്ടതുണ്ട്. പദ്ധതി നിർവഹിക്കുക എന്നതും ഇതിനുള്ള ശക്തമായ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്.

വിവര സാങ്കേതിക വിദ്യ ഫലപ്രദമായി ഉപയോഗപ്പെടുത്തി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകാൻ നമുക്ക് കഴിയണം. വൈദ്യുതി വാഹനങ്ങൾ പോലുള്ള പുതിയ സാധ്യതകൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയണം.

മേൽ സൂചിപ്പിച്ച കാര്യങ്ങളെല്ലാം ഉൾപ്പെടുത്തി സമഗ്രമായ ഒരു സംസ്ഥാന ഊർജ നയം രൂപീകരിക്കാൻ കേരളത്തിനാകണം. കേന്ദ്ര സർക്കാർ മുന്നോട്ടുവെക്കുന്ന നവ ഉദാരവൽക്കരണ നയത്തിൽ അധിഷ്ഠിതമായ ദേശീയ ഊർജ നയത്തിന് പ്രതിരോധം ഉയർത്താൻ ഇത്തരമൊരു ബദൽ നയത്തിലൂടെയേ നമുക്ക് കഴിയൂ. ■

# കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്

**സംസ്ഥാനത്തെ പതിനായിരക്കണക്കിന് വരുന്ന ചെറുകിട തോട്ടങ്ങളിലെ ലക്ഷക്കണക്കിന് വരുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനും അവർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുമായി ഒരു ക്ഷേമനിധി രൂപീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് മുൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ 2008-ൽ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി നിയമം ആവിഷ്കരിച്ചത്. ഈ നിയമത്തിലെ വകുപ്പ് 3 (1) പ്രകാരമാണ് കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി പദ്ധതി രൂപീകരിക്കപ്പെട്ടത്. തുടർന്ന് ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകൃതമാവുകയും 2009 ജൂൺ മാസം തൊഴിൽ വകുപ്പ് മന്ത്രി സ. പി. കെ. ഗുരുദാസൻ ബോർഡിന്റെ ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. പ്ലാന്റേഷൻ ലേബർ ആക്ടിന്റെ പരിധിയിൽ വരാത്തതും അഞ്ച് ഹെക്ടറിൽ താഴെ മാത്രം വിസ്തീർണ്ണമുള്ളതുമായ റബ്ബർ, തേയില, കാപ്പി, ഏലം, കൊക്കോ, കശുവണ്ടി, എണ്ണപ്പന തോട്ടങ്ങളിലെ തൊഴിലാളികൾക്കാണ് ക്ഷേമനിധി ബോർഡിൽ അംഗത്വത്തിന് അർഹതയുള്ളത്.**

**അര** ഹെക്ടറിലധികം വിസ്തൃതിയില്ലാത്ത സ്വന്തം തോട്ടങ്ങളിൽ സ്വയം പണിയെടുക്കുന്ന ഏതൊരാളും ചെറുകിട തോട്ടം തൊഴിലാളി എന്ന നിലയിൽ അംഗത്വത്തിന് അർഹതയുണ്ട്. പദ്ധതി പ്രാബല്യത്തിൽ വന്നതിനുശേഷം തൊട്ടുമുമ്പുള്ള 12 മാസങ്ങൾക്കുള്ളിൽ 90 ദിവസം ചെറുകിട തോട്ടം തൊഴിലാളിയായോ ചെറുകിട തോട്ടങ്ങളിൽ സ്വയം തൊഴിൽ ചെയ്യുന്ന ആളായോ ജോലി ചെയ്യുന്ന 18-നും 55-നും മദ്ധ്യേ പ്രായമുള്ള ഏതൊരാൾക്കും ക്ഷേമനിധിയിൽ അംഗത്വത്തിന് അർഹതയുണ്ട്. നിധിയിൽ അംഗമായ ഒരാൾ മറ്റൊരു തൊഴിലുടമയുടെയോ കീഴിലേക്കോ, സ്വയം തൊഴിൽ വിഭാഗത്തിലേക്കോ മാറുന്ന പക്ഷം തന്റെ അംഗത്വം നിലനിർത്താൻ പദ്ധതിയിൽ വ്യവസ്ഥയുണ്ട്. തുടർച്ചയായി ഒരു വർഷക്കാലം അംശദായം അടയ്ക്കാതിരിക്കുക, ജോലിയിൽ നിന്ന് രാജി വച്ചോ, ഒഴിവാക്കപ്പെട്ടോ മറ്റ് കാരണങ്ങളാലോ ജോലി ചെയ്യാതിരിക്കുക എന്നീ സാഹചര്യങ്ങളിൽ അംഗത്വം റദ്ദായിപ്പോകും. എന്നാൽ ഇത്തരം സാഹചര്യങ്ങളിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ബോധ്യമായാൽ കുടിശ്ശിക തീർത്ത് അംഗത്വം പുന:സ്ഥാപിക്കാൻ കഴിയും. ഏതെങ്കിലും കാരണവശാൽ നഷ്ടപ്പെടുന്ന അംഗത്വം പുന:സ്ഥാപിക്കുന്നതിനുള്ള അപേക്ഷ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് ആണ് സമർപ്പിക്കേണ്ടത്. ജില്ലാ എക്സിക്യൂട്ടീവ ഓഫീസർ ഇക്കാര്യത്തിലെടുക്കുന്ന തീരുമാനം തൃപ്തികരമല്ലെങ്കിൽ ചീഫ്എക്സിഓഫീസർക്ക് അപ്പീൽ സമർപ്പിക്കാനും വ്യവസ്ഥയുണ്ട്.



ടി. പി. രാമകൃഷ്ണൻ

ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി നിയമത്തിന്റെയും പദ്ധതിയുടെയും പരിധിയിൽ വരുന്ന എല്ലാ ചെറുകിട തോട്ടങ്ങളും ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ഏതെങ്കിലും ചെറുകിട തോട്ടം വിഭജിക്കപ്പെടുന്നതുമൂലം പുതുതായി തൊഴിലുടമയായി മാറ്റുന്നവർ 60 ദിവസത്തിനുള്ളിൽ തങ്ങളുടെ തോട്ടം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ജില്ലാ എക്സി. ഓഫീസർക്ക് സമർപ്പിക്കണം. ചെറുകിട തോട്ടം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫീസ് 100 രൂപയാണ്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ കാണിച്ചിട്ടുള്ള ഏതെങ്കിലും വിവരം ഭേദഗതി ചെയ്യുന്നതിന് 25 രൂപ ഫീസ് സഹിതം ജില്ലാ എക്സിഓഫീസർക്ക് അപേക്ഷ സമർപ്പിച്ചാൽ മതിയാകും. ഏതെങ്കിലും കാരണവശാൽ രജിസ്റ്റർ ചെയ്യപ്പെട്ട ചെറുകിട തോട്ടങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കേണ്ടി വന്നാൽ 30 ദിവസത്തിനകം വിവരം ജില്ലാ എക്സി. ഓഫീസറെ രേഖാമൂലം അറിയിക്കേണ്ടതാണ്. ഓരോ തോട്ടം തൊഴിലാളിയും ഒരു അർദ്ധ വർഷത്തേക്ക് 120 രൂപ നിരക്കിൽ നിധിയിലേക്ക് അംശദായമായി നൽകേണ്ടതുണ്ട്. തത്തുല്യമായ തുക അർദ്ധ വാർഷിക തൊഴിലുടമാ വിഹിതമായും അടയ്ക്കണം.

തന്റെ കീഴിലുള്ള എല്ലാ തൊഴിലാളികളുടെ



യും പേരിൽ അടയ്ക്കേണ്ട അർദ്ധവാർഷിക അംശദായവും തൊഴിലുടമാ വിഹിതവും ചേർത്ത് ഒരുമിച്ച് നിധിയിൽ അടയ്ക്കേണ്ട ചുമതല തൊഴിലുടമയിൽ നിക്ഷിപ്തമാണ്. സ്വയം തൊഴിൽ ചെയ്യുന്ന ഓരോ അംഗവും ഓരോ അർദ്ധവർഷത്തേക്കും 240 രൂപ വീതം അംശാദായമായി അടയ്ക്കണം. സർക്കാർ വിഹിതമായി ഓരോ അംഗത്തിനും ഓരോ അർദ്ധ വർഷവും 60 രൂപ വീതം സർക്കാർ വിഹിതമായി അനുവദിക്കും.

ക്ഷേമനിധിയിലേക്ക് അംശദായമായി ഒടുക്കേണ്ട തുക നിർണ്ണയിച്ച് നൽകിയ ശേഷവും ആയത് അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന തൊഴിലുടമകളിൽ നിന്ന് തുക 9% പലിശ ഉൾപ്പെടെ റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കാൻ വ്യവസ്ഥയുണ്ട്.

പദ്ധതിയിൽ അംഗത്വം ലഭിക്കുന്നതിന് അർഹതയുള്ള തൊഴിലാളികളും സ്വയം തൊഴിൽ ചെയ്യുന്നവരും 6-ാം നമ്പർ ഫോറത്തിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷനുള്ള അപേക്ഷയോടൊപ്പം പാസ്പോർട്ട് വലിപ്പമുള്ള 2 ഫോട്ടോയും ജനന തീയതി തെളിയിക്കുന്നതിന് ജനന സർട്ടിഫിക്കറ്റ്, സ്കൂൾ സർട്ടിഫിക്കറ്റ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, വോട്ടേഴ്സ് ലിസ്റ്റ എന്നിവയിലേതെങ്കിലും ഒന്നിന്റെ പകർപ്പും ഹാജരാക്കേണ്ടതാണ്. ഏതെങ്കിലും തൊഴിലുടമയുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ അപേക്ഷയിൽ നിശ്ചിത കോളത്തിൽ ബന്ധപ്പെട്ട തൊഴിലുടമ സാക്ഷ്യപ്പെടുത്താൻ തയ്യാറാകാത്ത സാഹചര്യത്തിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ ആവശ്യമായ അന്വേഷണം നടത്തി സാക്ഷ്യപ്പെടുത്തിയാൽ മതിയാകും. ജില്ലാ എക്സി.ഓഫീസറുടെ സാക്ഷ്യപ്പെടുത്തൽ ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ബന്ധപ്പെട്ട ട്രേഡ് യൂണിയൻ ഭാരവാഹികളുടെ ശുപാർശയോടെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. തൊഴിലാളിക്ക് ഒരു ട്രേഡ് യൂണിയനിലും അംഗത്വമില്ലെങ്കിൽ വില്ലേജ് ഓഫീസർ, ഏതെങ്കിലും ഒരു ഗസറ്റഡ് ഓഫീസർ, അസിസ്റ്റന്റ് ലേബർ ഓഫീസർ, പ്ലാന്റേഷൻ ഇൻസ്പെക്ടർ എന്നിവരിലൊരാളുടെ ശുപാർശയോടെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇപ്രകാരം അപേക്ഷ സമർപ്പിച്ച് അംഗമായി ചേരുന്ന തൊഴിലാളികൾക്ക് ജില്ലാ എക്സി. ഓഫീസർ പാസ്ബുക്കും തിരിച്ചറിയൽ കാർഡും അനുവദിക്കും.

ക്ഷേമനിധി ബോർഡ് നിലവിൽ നൽകി വരുന്ന ആനുകൂല്യങ്ങൾ ഇനി പറയുന്നവയാണ്.

### പെൻഷൻ

കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശാദായം അടച്ചുവരുന്ന അംഗങ്ങൾക്കും, പദ്ധതി പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് ചെറുകിട തോട്ടം തൊഴിലാളി ആയി ജോലി ചെയ്യുന്നതും, പദ്ധതി നിലവിൽ വന്ന മാസം മുതൽ അംശാദായം അടച്ചതും പദ്ധതി പ്രാബല്യത്തിൽ വരുന്നതിന് തൊട്ടുമുമ്പും പ്രാബല്യത്തിൽ വരുന്ന മാസം മുതൽക്കുള്ള അംഗത്വകാലയളവുമടക്കം മൊത്തം 15 വർഷക്കാലം ജോലി ചെയ്ത അംഗത്തിനും 60 വയസ്സ് പൂർത്തിയായി ജോലിയിൽ നിന്ന് വിരമിക്കുന്ന മുറയ്ക്ക് പ്രതിമാസ പെൻഷന് അർഹതയുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നശേഷം 2016 ജൂൺ മാസം മുതൽ തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നുണ്ട്. നിലവിൽ 1100 രൂപയാണ് പെൻഷൻ തുക.

### അവശതാ പെൻഷൻ

രോഗം മൂലമോ അപകടം മൂലമോ സ്ഥിരവും പൂർണമായ ശാരീരിക അവശത സംഭവിച്ച് രണ്ട് വർഷത്തിലധികം കാലം യാതൊരു ജോലിയും ചെയ്യാൻ കഴിയാതെ വരുന്ന അംഗത്തിന് പൂർണ്ണ അവശത തുടരുന്ന സാഹചര്യത്തിൽ 2 വർഷം കഴിയുന്ന മാസത്തിന്റെ തൊട്ടടുത്ത മാസം മുതൽ അവശതാ പെൻഷൻ അനുവദിക്കാൻ പദ്ധതിയിൽ വ്യവസ്ഥയുണ്ട്.

### മുൻകാല തൊഴിലാളികൾക്കുള്ള പെൻഷൻ

പദ്ധതി നിലവിൽ വരുന്നതിന് മുമ്പ് 15 വർഷത്തിലധികം കാലം ജോലി ചെയ്ത, നിശ്ചിത പ്രായപരിധി കഴിഞ്ഞതുമൂലം അംഗത്വമെടുക്കാൻ സാധിക്കാത്ത ചെറുകിട തോട്ടം തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിനുള്ള പദ്ധതി സർക്കാർ അനുമതിയോടെ ആവിഷ്കരിക്കാൻ പദ്ധതി വ്യവസ്ഥ ചെയ്യുന്നുണ്ട്.

### കുടുംബ പെൻഷൻ

കുറഞ്ഞത് 15 വർഷമെങ്കിലും ചെറുകിട തോട്ടം തൊഴിലാളിയായി ജോലി ചെയ്യുകയും 3 വർഷമെങ്കിലും അംശാദായം അടച്ചുവരുന്നതുമായ അംഗമോ പദ്ധതി പ്രകാരം പെൻഷൻ ലഭിച്ചുവരുന്നതോ പെൻഷന് അർഹതയുള്ളതോ ആയ അംഗമോ മരണപ്പെട്ടാൽ അയാളുടെ കുടുംബത്തിന് കുടുംബപെൻഷന് അർഹതയുണ്ട്.

### പ്രസവാനുകൂല്യം

ഒരു വർഷമെങ്കിലും തുടർച്ചയായി അംശാദായം അടച്ചിട്ടുള്ളതും ഇ.എസ്.ഐ പദ്ധതിയുടെ പരിധിയിൽ വരാത്തതുമായ വനിതാ അംഗങ്ങൾക്ക് പ്രസവാനുകൂല്യമായി 15000 രൂപ വീതം രണ്ട് തവണ അനുവദിക്കും. ഗർഭം അലസൽ സംഭവിച്ച വനിതാ അംഗങ്ങൾക്ക് 1000 രൂപ നിധിയിൽ നിന്നും ആനുകൂല്യമായി ലഭിക്കും.

### വിവാഹ ധനസഹായം

കുറഞ്ഞത് 3 വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചുവരുന്ന അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയും സ്ത്രീതൊഴിലാളികളുടെയും വിവാഹ ചെലവിനായി 3000/ രൂപ അനുവദിക്കും.

### ചികിത്സാ ധനസഹായം

3 വർഷമെങ്കിലും നിധിയിൽ തുടർച്ചയായി അംശാദായം അടച്ച അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് യഥാർത്ഥത്തിൽ ചെലവായ തുക, മൊത്തം അംഗത്വകാലത്തേക്ക് പരമാവധി 10000/- രൂപ നിബന്ധനകൾക്ക് വിധേയമായി നിധിയിൽ നിന്നും അനുവദിച്ചുവരുന്നു.

### വിദ്യാഭ്യാസ ധനസഹായം

2 വർഷമെങ്കിലും നിധിയിൽ തുടർച്ചയായി അംശാദായം അടച്ചിട്ടുള്ള അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ ഗ്രാന്റ് അനുവദിക്കുന്നുണ്ട്. വിവിധ കോഴ്സുകൾക്ക് ധനസഹായം ചുവടെ ചേർക്കുന്നു.

എസ്.എസ്.എൽ.സി -
500/-രൂപ ക്യാഷ് അവാർഡ്
പ്ലസ് ടു - 400/- രൂപ സ്കോളർഷിപ്പ്
ഡിഗ്രി, ടി.ടി.സി കോഴ്സ് -
600/-രൂപ സ്കോളർഷിപ്പ്
3 വർഷം ഐ.ടി.ഐ, പോളിടെക്നിക്-
600/-രൂപ സ്കോളർഷിപ്പ്
ബി.എഡ്, പി.ജി കോഴ്സുകൾ-
750/-രൂപ സ്കോളർഷിപ്പ്
ജനറൽ നഴ്സിംഗ് - 600/-രൂപ സ്കോളർഷിപ്പ്
ബി.എസ്.സി നഴ്സിംഗ്-750/-രൂപ സ്കോളർഷിപ്പ്
പാരാമെഡിക്കൽ കോഴ്സ്-
750/-രൂപ സ്കോളർഷിപ്പ്
എൽ.എൽ,ബി 3 & 5 വർഷം -
1000/-രൂപ സ്കോളർഷിപ്പ്
ബി.ടെക്- 2000/-രൂപ സ്കോളർഷിപ്പ്
എം.ബി.ബി.എസ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ്- 2000/-രൂപ സ്കോളർഷിപ്പ്

### മരണാനന്തര ധനസഹായം

നിധിയിൽ അംഗമായിരിക്കെ മരണമടയുന്ന അംഗത്തിന്റെ ആശ്രിതർക്ക് ആദ്യ മൂന്ന് വർഷം വരെയുള്ള അംഗത്വത്തിന് 1500/- രൂപയും പിന്നീടുള്ള ഓരോ വർഷത്തെ അംഗത്വത്തിനും 400/- രൂപ വീതം കണക്കാക്കി ആകെ തുക പരമാവധി 10000/- രൂപ എന്ന നിബന്ധയിൽ മരണാനന്തര ധനസഹായം നൽകുന്നു.

എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വരുമ്പോൾ 14000-ഓളം അംഗങ്ങളാണ് ക്ഷേമനിധിയിലുണ്ടായിരുന്നത്. സർക്കാർ അധികാരത്തിൽ വന്നശേഷം പ്ലാന്റേഷൻ ലേബർ ഫെഡറേഷൻ ജനറൽ സെക്രട്ടറി പി.എസ്. രാജൻ ചെയർമാനായി ബോർഡ് പുന:സംഘടിപ്പിക്കുകയുണ്ടായി. പുതിയ ഭരണസമിതിയുടെ നേതൃത്വത്തിൽ ബോർഡിനെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ നടന്നുവരുന്നു. വിവിധ ജില്ലകളിൽ തൊഴിലാളി തൊഴിലുടമാ സംഘടനകളുടെ യോഗം വിളിച്ചുചേർത്ത് കൂടുതൽ തൊഴിലാളികളെ അംഗങ്ങളാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ചെയർമാൻ തന്നെ നേതൃത്വം നൽകിവരുന്നുണ്ട്.

സംസ്ഥാനത്ത് ഏറ്റവുമധികം ചെറുകിട തോട്ടങ്ങൾ പ്രവർത്തിച്ചുവരുന്ന ഇടുക്കി ജില്ലയിൽ തൊഴിൽ വകുപ്പ് മന്ത്രിയെന്ന നിലയിൽ ഈ ലേഖകൻ തൊഴിലാളി-തൊഴിലുടമാ പ്രതിനിധികളുടെ യോഗത്തിൽ പങ്കെടുത്തിരുന്നു.

2018-19 സാമ്പത്തികവർഷം മുതൽ ബോർഡിന്റെ എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടറധിഷ്ഠിതമാക്കാനുള്ള നടപടികൾ നടന്നുവരുന്നു. അംശദായം അക്ഷയ സെന്റർ മുഖേനയും ക്രെഡിറ്റ്/ഡെബിറ്റ് കാർഡ് മുഖേനയും അടയ്ക്കുന്നതിനുള്ള സംവിധാനവും ഇതിലൂടെ ഏർപ്പെടുത്തുന്നുണ്ട്. എല്ലാ ആനുകൂല്യ അപേക്ഷകളും ഓഫീസിൽ നേരിട്ട് വരാതെ തന്നെ തൊഴിലാളികൾക്ക് ഓൺലൈൻ മുഖേനയോ അക്ഷയസെന്റർ മുഖേനയോ നൽകാവുന്ന തരത്തിലാണ് സോഫ്റ്റ് വെയർ തയ്യാറാക്കുന്നത്. ഇത് തൊഴിലാളികൾക്കും തൊഴിലുടമകൾക്കും പ്രയോജനം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

അംശാദായവും ആനുകൂല്യങ്ങളും കാലോചിതമായി വർദ്ധിപ്പിച്ച് ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിനെ കൂടുതൽ ആകർഷകമാക്കാനും ശക്തിപ്പെടുത്താനും ബോർഡ് ഭരണസമിതി ഏറ്റെടുക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും സംസ്ഥാന തൊഴിലും നൈപുണ്യവും വകുപ്പ് ഒപ്പമുണ്ടാവും. ■

ഡൽഹി ഡയറി

# റെയിലാഫീസറുടെ പെട്ടിയെടുക്കാത്തതെന്ത്?

ശൂന്യതയിലേക്ക് പോയ റയിൽ ബജറ്റുകളും ഇടമില്ലാതായ ചർച്ചകളും ഇന്നൊരു വാർത്തയല്ല. അന്ധകാരം നിറഞ്ഞ വലിയൊരു മുറിയിൽ ഇല്ലാതായ കറുത്ത പൂച്ചയെ തിരയുന്ന ചന്ദ്രനെ പോലെയാണ് ചില മാധ്യമങ്ങളെങ്കിലും 'റെയിൽ ബജറ്റിനു മുമ്പുള്ള തീവണ്ടിയാഫീസറന്മാരുടെ യോഗങ്ങളെ' കാണുന്നത്. ഇക്കഴിഞ്ഞ ജനുവരി 19 ന് ദക്ഷിണ റെയിൽവെ ജനറൽ മാനേജർ എംപി മാരുടെ ഒരു യോഗം വിളിച്ചുവത്രേ. എന്തിനായിരുന്നു ഉദ്യോഗസ്ഥർ എംപിമാരുടെ യോഗം വിളിച്ചത്? മന്ത്രിതലത്തിലൊരു യോഗം വിളിച്ചു ചേർക്കേണ്ടതായിരുന്നു. അദ്ദേഹമാകട്ടെ അങ്ങനെയാരെയും ചുമതലപ്പെടുത്തിയിട്ടില്ല താനും. ജനുവരി 8 ന് ചേരുമെന്ന് അറിയിച്ച യോഗം മാറ്റി വച്ചത് ആരുടെ സൗകര്യത്തിനായിരുന്നു? യോഗത്തിൽ ചർച്ച ചെയ്യാനുദ്ദേശിക്കുന്ന വിഷയങ്ങളെ കുറിച്ച് പോലും ധാരണയുണ്ടായിരുന്നില്ലല്ലോ?

ചെന്നൈയിൽ വർഷത്തിൽ 2 തവണ മാത്രം ചേരുമായിരുന്ന സോണൽ റെയിൽവെ കൾസൾട്ടേറ്റീവ് കമ്മിറ്റിയിൽ കേരളത്തിൽ നിന്നുള്ള കെ സി വേണുഗോപാലും എ സമ്പത്തും ഒഴികെ തമിഴ്നാട്ടിൽ നിന്നോ കർണാടകത്തിൽ നിന്നോ മന്ത്രി നാമ നിർദേശം ചെയ്ത മറ്റൊരു എംപിയും പങ്കെടുക്കുമായിരുന്നില്ല. യാത്രക്കാരുടെ വിവിധ സംഘടനാ പ്രതിനിധികളും അഡ്വ. വി ജോയിയെ പോലുള്ള ചില എംഎൽഎമാരും എത്തുമായിരുന്നു. അജണ്ടയിൽ കൂട്ടിചേർക്കാൻ ഞങ്ങൾ മുൻകൂട്ടി സമർപ്പിക്കുമായിരുന്ന വിഷയങ്ങൾ ഉൾപ്പെടെ





ഡോ. എ സമ്പത്ത് എം.പി.

റെയിൽവെ വികസന കാര്യങ്ങളിലോ യാത്രക്കാരുടെ സൗകര്യങ്ങൾ വർധിപ്പിക്കുന്നതിലോ ജീവനക്കാരുടെയും മറ്റും കുറവ് സംബന്ധിച്ചോ അത്തരം യോഗങ്ങളിൽ ഉയർന്നുവന്ന നിർദേശങ്ങൾ 'മുകളിലോട്ടയക്കുന്ന' പോസ്റ്റാഫീസിന്റെ കൃത്യം മാത്രമായിരുന്നു സോൺ ആർയുസിസികളുടെ അധികാരം.

കേരളത്തിലെ തീവണ്ടിയാത്രക്കാരുടെ പ്രശ്നങ്ങൾ ഉത്തരേന്ത്യയിലേതിൽ നിന്നും വ്യത്യസ്തവും സങ്കീർണവുമാണ്. രണ്ടു പകലും രണ്ടു രാത്രിയും കൊണ്ട് തീരാത്ത കാരഗൃഹവാസത്തേക്കാൾ കഠിനമായ യാത്രയാണ് ഇന്ത്യ ഉപഭൂഖണ്ഡത്തിന്റെ തെക്കേ മുനമ്പിൽ നിന്ന് രാജ്യ തലസ്ഥാനത്തേക്കെത്താൻ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലേക്കോ കാശ്മീരിന്റെ അങ്ങേ അറ്റത്തോ എത്താൻ അതും പോരാ. ഇന്ത്യയിലെ പകുതിയിലേറെ സംസ്ഥാനങ്ങൾക്കും പ്രത്യേകിച്ചും ഹിന്ദി മേഖലയിൽ ഒരു രാത്രിയും പകലും കൊണ്ട് പൂർത്തീകരിക്കുന്ന യാത്രയേയുള്ളൂ. അടുത്തടുത്തായി പട്ടണങ്ങളില്ല. കേരളത്തിൽ മാത്രമെന്താണ് കൂടുതൽ സ്റ്റോപ്പേജുകൾ ആവശ്യപ്പെടുന്നതെന്ന് തീവണ്ടി യാഫീസർമാർക്ക് ഇതു വരെ മനസിലായിട്ടില്ല. ചില തീവണ്ടികൾക്ക് ഒരു സ്റ്റോപ്പേജ് അനുവദിച്ച് കിട്ടുന്നതിനു വേണ്ടി കഴിയാതെ കാൽ നൂറ്റാണ്ടിലേറെയായി നിരവധി എം പിമാരുടെ പരിശ്രമമുണ്ടായി. 'തമ്പ്രാൻ കനിഞ്ഞാലും എമ്പ്രാൻ കനിയില്ല. മന്ത്രി പ്രഖ്യാപിച്ച സ്റ്റോപ്പേജ് ഉദ്യോഗസ്ഥർ തടഞ്ഞു വയ്ക്കും. റെയിൽവെയുടെ വെബ്സൈറ്റിൽ പ്രഖ്യാപിച്ചതു കണ്ട് നാട്ടുകാർ ആഹ്ലാദിക്കും മുമ്പേ അത് പിൻവലിക്കും. തീവണ്ടികൾ വിവിധ സ്റ്റേഷനുകളിൽ നിർത്തുന്നതുമായി ബന്ധപ്പെട്ട് ചില മാനദണ്ഡങ്ങളുണ്ടെന്നാണ് ഉദ്യോഗസ്ഥ മതം. വരുമാനം, യാത്രക്കാരുടെ എണ്ണം, സ്ഥലത്തിന്റെ പ്രാധാന്യം മുതലായവ അവയിൽ ചിലതാണ്.

എന്നാൽ അവയെല്ലാം കാറ്റിൽ പറത്തിയാണ് രാഷ്ട്രീയവും ഉദ്യോസ്ഥ തലത്തിലേയും സമ്മർദ്ദങ്ങൾക്കു മാത്രം വിധേയമായി റെയിൽവേക്കും യാത്രക്കാർക്കും നഷ്ടമുണ്ടാക്കുന്ന വിധത്തിലുള്ള ചില തീരുമാനങ്ങൾ. പാർലമെന്റിലും വിവിധ സമതികളിലും നിരന്തരം ഉന്നയിക്കപ്പെട്ടാലും കാത്തിരിക്കുന്നത് ബധിരകർണങ്ങൾ മാത്രം.

റെയിൽവെ ഉദ്യോഗസ്ഥരുടെ സ്ഥിരം മറുപടി, "എല്ലാം മുകളിൽ നിന്നാണ് തീരുമാനിക്കുന്നത്" എന്നാണ്. ഒരു പക്ഷേ ജനപ്രതിനിധികൾക്കു ഏറ്റവുമധികം, "കഴിയില്ല", "നടപ്പില്ല", "പറ്റില്ല", "പരിഗണിക്കാനാവില്ല", "പിന്നീടു പരിശോധിക്കാം", "അസൗകര്യമുള്ളതാണ്", യോജിച്ചതല്ല", "അനുശാസിക്കുന്നില്ല" തുടങ്ങി നെഗറ്റീവ് മറുപടി ലഭിക്കുന്നതു റെയിൽവേയിൽ നിന്നുമായിരിക്കും.

സ്റ്റേഷൻ മാനേജർ പറയും "ഡിവിഷണൽ റെയിൽവേ മാനേജർക്കേ അധികാരമുള്ളൂ". ഡിആർഎം വിലപിക്കും "സോണൽ അധികൃതർക്കേ എന്തെങ്കിലും ചെയ്യാനാവൂ". അദ്ദേഹം അറിയിക്കും, "റെയിൽവേ ബോർഡാണ് തീരുമാനമെടുക്കേണ്ടത്." ബോർഡ് അധികൃതർ കൈമലർത്തും "ഇതു മന്ത്രാലയമാണ് തീരുമാനിക്കേണ്ടത്." മന്ത്രിപറയും "പരിശോധിക്കട്ടെ..." അനന്തമായി നീളുന്ന തുടർ പ്രക്രിയകളുടെ പ്രഹസന നാടകങ്ങളാണ് ഇന്ത്യൻ റെയിൽവെയെ കാർന്നു തിന്നുന്നത്.

മുമ്പ് മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ പോലും ബന്ധപ്പെട്ട റെയിൽവേ ഉദ്യോഗസ്ഥർ വിട്ടു നിന്ന സംഭവമുണ്ട്. ചീഫ് ജനറൽ മാനേജർ മുഖ്യമന്ത്രിക്കു നൽകിയ ഉറപ്പുകൾ പോലും പാലിക്കപ്പെടുന്നില്ല. മുൻകാല റെയിൽവെ ബജറ്റുകളിലെ പ്രഖ്യാപനങ്ങൾ മാത്രം മതി ഒരു റെയിൽ മ്യൂസിയം ആരംഭിക്കാൻ. എംപിമാരുടെ നിരന്തര സമ്മർദ്ദത്തെ തുടർന്നാണ് കുറച്ച് ഒഴിവുകളെങ്കിലും നികത്താനായി അപേക്ഷകൾ ക്ഷണിച്ചതും മത്സര പരീക്ഷകളും കായിക ക്ഷമതാ പരിശോധനയും നടത്തിയതും. പക്ഷേ അവയും 'വെറുതെ കൊതിപ്പിച്ചു കൊല്ലുന്നതു' പോലെയായി. യുവാക്കളായ ഉദ്യോഗാർത്ഥികളെ സംബന്ധിച്ചിടത്തോളം റാങ്ക്ലിസ്റ്റ് കാലാവധി കഴിഞ്ഞാലും നിയമനമില്ല. റിട്ടയർ ചെയ്തവരെ കൊണ്ടുവന്ന് തല്ക്കാലത്തേക്ക് കാര്യങ്ങൾ എങ്ങനെയെങ്കിലും നടത്തി തീർക്കാനാണ് മുകളിൽ നിന്നുള്ള ഉത്തരവ്. ചുരുക്കത്തിൽ റെയിൽവെക്ക് ഉത്തരവാദിത്തം ആരോടാണ്?

യാത്രക്കാർക്ക് സുരക്ഷിതത്വവും സൗകര്യവും ഉറപ്പു നൽകുന്ന, ശുചിത്വവും സമയനിഷ്ഠയും പാലിക്കുന്ന ഉപഭോക്തൃ സൗഹൃദ സമീപനം എന്നുണ്ടാവും?

ലോക്സഭയിൽ ഫെബ്രുവരി ഒന്നിന് അവതരിപ്പിച്ച പൊതു ബജറ്റിൽ 11.59 മുതൽ ഉച്ചക്ക് 12.02 മണി വരെ വെറും മൂന്നു മിനിറ്റായിരുന്നു റെയിൽവെക്ക്! ഇത്തവണ കേന്ദ്ര ബജറ്റ് അവതരിപ്പിച്ചിരിക്കുന്നത് ഇതുവരെയുള്ള പതിവ് രീതിയിൽ നിന്നും ഒരു മാസം മുമ്പേയാണ്. ധനകാര്യ

മന്ത്രി അരുൺ ജയ്റ്റ്ലിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും എത്രയോ ആഴ്ചകൾക്കു മുമ്പേ പണിപ്പുര അടച്ചിട്ടുണ്ടാവും. അവരുടെ മുന്നിലെ "വെറും ഒരു വകുപ്പ്" മാത്രമായ റെയിൽവെയിൽ എന്ത് അത്ഭുതമാണ് തീവണ്ടി ആഫീസർമാർ ഉദ്ദേശിക്കുന്നത്? എല്ലാം പഴയപടി-വണ്ടികൾ ഓടും!

തിരുവനന്തപുരം ഡിവിഷൻ വെട്ടിമുറിച്ച് തെക്കോട്ടുള്ള കുറെ ഭാഗം മധുര ഡിവിഷനിൽ ചേർക്കാനും തദ്വാരാ ഭാവിയിൽ കേരളം ആസ്ഥാനമായുള്ള റെയിൽവെ സോൺ നിലവിൽ വരാതിരിക്കാനും കനത്ത രാഷ്ട്രീയ ബ്യൂറോക്രാറ്റിക് കുതന്ത്രങ്ങളാണ് അരങ്ങേറുന്നത്. മുമ്പ് വി പി സിങ് സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളമായി പ്രഖ്യാപിക്കാതിരിക്കാൻ വേണ്ടി നിക്ഷിപ്ത താല്പര്യക്കാർ ശ്രമിച്ചതുപോലെ.

റെയിൽവെ സ്വകാര്യവൽക്കരിക്കപ്പെടുന്നതു പോലും ഇനി ചർച്ച ചെയ്യപ്പെടില്ല. 4 ദിവസത്തോളം നീണ്ടു നിൽക്കുന്ന ലോകസഭയിലെ റെയിൽവെ ബജറ്റ് ചർച്ചകളിൽ നാലിലൊന്ന് ഭാഗം എംപിമാരും സജീവമായി പങ്കെടുക്കുമായിരുന്നു. റെയിൽവെ മന്ത്രിയുടെ ബജറ്റവതരണം തന്നെ ദേശീയ ശ്രദ്ധ ആകർഷിക്കുന്നതായിരുന്നു. സ്വകാര്യവൽക്കരണ മോഹങ്ങൾ "മലർപ്പൊടിക്കാരന്റെ സ്വപ്നങ്ങൾ"ക്കാണ് രൂപം നൽകിയത്. കേരളത്തിന്റെ സ്വപ്ന പങ്കാളിത്തം നോക്കൂ: പാലക്കാട് കോച്ച് ഫാക്ടറി, തിരുവനന്തപുരത്ത് റെയിൽവെ മെഡിക്കൽ കോളേജ്, ആലപ്പുഴയിൽ വാഗൺ ഫാക്ടറി, റെയിൽവെ ഹോട്ടൽ സമുച്ചയം, കുടിവെള്ള ബോട്ടിലിംഗ് പ്ലാന്റ്, നേമത്തും  കോട്ടയത്തും കോച്ചിംഗ് യാർഡുകൾ ..... അങ്ങനെ മുളപൊട്ടാത്ത വിത്തുകളാണ് കാലാകാലങ്ങളിൽ പല റെയിൽ മന്ത്രിമാരും 'സമ്മാനിച്ച്' ഇറങ്ങിപോയത്. റെയിൽവെയുടെ ഉപധനാഭ്യർത്ഥന ചർച്ചകളിൽ പോലും ആശ്വാസകരമായ മറുപടികളോ ഉറപ്പുകളോ എൻഡിഎ സർക്കാരിന്റെ കാലത്തും ഉണ്ടായിട്ടില്ല.

തിരുവനന്തപുരം റെയിൽവെ ഡിവിഷൻ അനുവദിക്കുന്നത് 1977-79 ൽ പ്രൊ. മധു ദന്തവതെയാണ്. അന്ന് കേരളത്തിൽ നിന്ന് ഒരു ലോകസഭാംഗം പോലും ആ സർക്കാരിന് പിന്തുണ നൽകുന്നവരായി ഉണ്ടായിരുന്നില്ല എന്നോർക്കണം. സംസ്ഥാന തലസ്ഥാനത്തിന് തെക്കോട്ട് തീവണ്ടിയാത്രയെന്ന സ്വപ്നം സാക്ഷാത്കരിക്കാനിടയായത് തലമുറകൾ നീണ്ടു നിന്ന പരിശ്രമത്തിനൊടുവിലാണ്.

തീവണ്ടി സർവീസുകളുടെയും യാത്രക്കാരുടെയും ചരക്കുകളുടെയും വർധനവിന് ആനുപാതികമായി ജീവനക്കാരുടെയും തൊഴിലാളികളുടെയും എണ്ണത്തിൽ വർധനയുണ്ടാവുന്നില്ല. അമിതഭാരം അടിച്ചേൽപ്പിക്കപ്പെട്ട ലോക്കോ റണ്ണിംഗ് സ്റ്റാഫും സ്റ്റേഷൻ ജീവനക്കാരടക്കം ഉള്ളവരും മുകളിൽ നിന്നുള്ള ഉത്തരവുകൾ അനുസരിക്കാനുള്ള യന്ത്രമനുഷ്യർ മാത്രമല്ലല്ലോ? യാത്രക്കാർ അസൗകര്യങ്ങൾക്കു പഴിചാരാറുള്ളത് തങ്ങളുടെ കൺമുന്നിലുള്ള ജീവനക്കാരെയാണ്. എന്നാൽ ക്ലീനിംഗ്, കാറ്ററിംഗ് വിഭാഗം മുതൽ മുകളിലേക് പരമാവധി പടി വരെ സ്വകാര്യവൽക്കരണവും തൊഴിലവകാശ നിഷേധങ്ങളും നടമാടുന്ന "സ്വയം പ്രഖ്യാപിത റിപ്പബ്ലിക്കാണ് ഇന്ത്യൻ റെയിൽവേ. സ്വകാര്യ ടിടിഇമാരും സ്വകാര്യ റെയിൽവേ സ്റ്റേഷനുകളും. സ്വകാര്യ ചരക്കു വണ്ടികൾ ഓടി തുടങ്ങിയിരിക്കുന്നു. ഫ്ളക്സിഫെയർ സമ്പ്രദായമാകട്ടെ പാസഞ്ചർ സർവീസ് സ്വകാര്യവൽക്കരണത്തിന്റെ ആരംഭമാണു താനും.

ബുള്ളറ്റ് ട്രെയിനുകൾ സ്വകാര്യമേഖലയിൽ ലക്ഷ്യമിടുകയാണ്. സേവനത്തേക്കാൾ ലക്ഷ്യം പാതകൾക്കിരുവശവും ഒഴിപ്പിച്ചെടുത്തുകിട്ടുന്ന ഓരോ കിലോമീറ്റർ വീതിയിലുള്ള ഭൂമിയിലെ റിയൽ എസ്റ്റേറ്റ് വ്യാപാരമാണ്. സർക്കാർ ചെലവിൽ കോർപറേറ്റുകൾക്കു കൊള്ള ലാഭം.

സുരക്ഷിതവും സുഖകരവും ചെലവു കുറഞ്ഞതുമായ യാത്ര ശരാശരി ഭാരതീയന് അന്യമാകുന്ന ദിനങ്ങൾ വിദൂരമല്ല. റെയിൽവേ താരിഫ് റഗുലേറ്ററി അതോറിട്ടി, മുമ്പ് കേന്ദ്ര സർക്കാർ റെയിൽവേ കൂലിയിൽ നടത്തിയിരുന്ന ഇടപെടലുകൾ കയ്യിലാക്കി. പെട്രോളിന്റെയും വില നിയന്ത്രണങ്ങൾ ആദ്യം ഡോ. മൻമോഹൻ സിംഗിന്റെ രണ്ടാം യുപിഎ സർക്കാരും ഡീസലിന്റെ വില നിയന്ത്രണം പിന്നീട് നരേന്ദ്രമോദിയുടെ എൻഡിഎ സർക്കാരും എടുത്തു കളഞ്ഞപ്പോൾ ദൈനംദിനം വില കയറിയതുപോലെ ദിനം പ്രതി നാമറിയാതെ തന്നെ റെയിൽവെ നിരക്കുകളും വർധിക്കുന്ന അവസ്ഥയിലേക്കെത്തുകയാണ്.

തിരുവനന്തപുരം റെയിൽവേ ഡിവിഷന്റെ മാത്രം കാര്യമെടുക്കാം. പ്രതിവാര സർവ്വീസുകളും ചരക്കു വണ്ടികളുമുൾപ്പെടെ ശരാശരി ഒരു ദിവസം 128 സർവീസുകൾ. 10012 ജീവനക്കാരുടെ സ്ഥാനത്ത് 1342 ഒഴിവുകൾ! 4,75,300 യാത്രക്കാരിലേറെ പ്രതിദിനം ആശ്രയിക്കുന്ന രാജ്യത്തിന്റെ തെക്കേ മുനമ്പിലെ ഡിവിഷന്റെ അവസ്ഥയാണിത്. ലോക്കോ പൈലറ്റുമാരുൾപ്പെയുള്ള റണ്ണിംഗ് സ്റ്റാഫും സ്റ്റേഷൻ ഡ്യൂട്ടി ചെയ്യുന്നവരും തുടർച്ചയായി നിരവധി മണിക്കൂറുകൾ പണിയെടുക്കേണ്ട അവസ്ഥ! വനിതകൾ ഉൾപ്പെടെയുള്ളവർക്ക് അർഹമായ അവധികളും വിശ്രമസമയും അനുവാദമില്ലാത്ത ഉദ്യോഗസ്ഥ, ദുഷ്പ്രമാണിത്വം, എല്ലാ കുറ്റവും താഴെ തട്ടിലെ ജീവനക്കാരുടെ പിടലിക്കു പിടിപ്പിച്ചു അവർ കൈകഴുകും. യാത്രക്കാർ ഇതേപറ്റി അറിയാറുമില്ല.

യഥാസമയം പാളങ്ങൾ മാറ്റുന്നതിന് പല തവണ മുന്നറിയിപ്പു നൽകിയിട്ടും "സാങ്കേതിക കാരണങ്ങളാൽ" വിവരം മൂടി വച്ച മേലാളന്മാർ തന്നെ ആ ഉദ്യോഗസ്ഥരെ പിന്നീടുണ്ടായ അപകടത്തിന്റെ പേരിൽ നടപടിയെടുത്ത സംഭവങ്ങളും വിരളമല്ല.

യാത്രക്കാർക്കുള്ള സൗകര്യങ്ങൾ വർധിപ്പിക്കാൻ പ്രാദേശിക വികസന ഫണ്ടിൽ നിന്നും എംപിമാർ പണം അനുവദിച്ചാൽപോലും അവ പൂർത്തിയാക്കുന്നത് ഒച്ചിഴയുന്ന വേഗത്തിലാണെന്ന പരാതിയുണ്ട്. സാധാരണ യാത്രക്കാരുടെ പ്രശ്നങ്ങൾ റെയിൽവേ ഉദ്യോഗസ്ഥനോടാണ് പറയേണ്ടത്? ആരാണിതു പരിഹരിക്കുക?

ചുരുക്കത്തിൽ, റെയിൽവെ യാത്രക്കാർക്കു വേണ്ടിയോ അതോ യാത്രക്കാർ റെയിലാപ്പീസർക്കു വേണ്ടിയോ. നിലവിൽ 73 ഡിവിഷനുകളാണ് ഇന്ത്യൻ റെയിൽവയിൽ ഉള്ളത്.

ഇന്നത്തെ പാലക്കാട് റെയിൽവെ ഡിവിഷൻ ദക്ഷിണ റെയിൽവെയുടെ 5-ാമത്തെ ഡിവിഷനായി നിലവിൽ വന്നത് 1956 ഓഗസ്റ്റ് 31 നായിരുന്നു. അന്ന് അതിന്റെ പേര് ഒലവക്കോട് ഡിവിഷൻ എന്നായിരുന്നു. ആസ്ഥാനം ഒലവക്കോട് ആയിരുന്നത് കൊണ്ടാണ് ആ പേര് വീണത്. സതേൺ റെയിൽവെയിലാകട്ടെ പുതുതായി നിലവിൽ വന്ന ഇന്ത്യൻ റെയിൽവെയുടെ ആദ്യത്തെ സോണുമായിരുന്നു. 1951 ഏപ്രിൽ 14 ന് അത് രൂപീകരിക്കുന്നത് മദ്രാസ് ആന്റ് സതേൺ മറാത്ത റെയിൽവെ, സൗത്ത് ഇന്ത്യൻ റെയിൽവെ, മൈസൂർ സ്റ്റേറ്റ് റെയിൽവെ എന്നിവ യോജിപ്പിച്ചു കൊണ്ടായിരുന്നു. 1979 ലെ ഗാന്ധി ജയന്തി ദിനത്തിലാണ് രാജ്യത്തെ 53-ാമത്തെ ഡിവിഷനായി രൂപീകരിക്കപ്പെട്ടത്. ഇന്ത്യൻ റെയിൽവെയുടെ സബ്സിഡിയറി സോണായി 1990 ജൂലൈ 19 ന് നിലവിൽ വന്ന കൊങ്കൺ റെയിൽവെ കോർപറേഷനെ 17-ാമത്തെ സോണായി കണക്കാക്കുന്നു. ഇതിന് ഡിവിഷനുകളില്ല. 1998 ലെ റിപ്പബ്ലിക് ദിനത്തിൽ ആദ്യ വണ്ടി ഓടി.

മഹാരാഷ്ട്ര, ഗോവ, കർണാടക എന്നീ സംസ്ഥാനങ്ങളിലെ തീരത്തെയാണ് ഇത് ബന്ധിപ്പിക്കുന്നതെങ്കിലും കേരളവും കൊങ്കൺ റെയിൽവെയും ഓഹരിയെടുക്കുകയുണ്ടായി. പുതുതായി അധികാരത്തിലേറിയ പിണറായി സർക്കാരാകട്ടെ 2016 ഒക്ടോബറിൽ കൊങ്കൺ റെയിൽവെയുടെ വികസനത്തിനായി കൂടുതൽ ഓഹരി പങ്കാളിത്തത്തിനും തീരുമാനിച്ചു. കേരളത്തിൽ കൂടി ഒരു കിലോമീറ്ററു പോലും ഈ സോൺ കടന്നു പോകുന്നില്ല എങ്കിലും മലയാളികളുടെ ദീർഘദൂര യാത്രാ സൗകര്യങ്ങൾ വർധിപ്പിക്കാൻ എൽഡിഎഫ് സർക്കാർ നടത്തുന്ന ക്രിയാത്മകമായ ഇടപെടലുകളുടെ തുടർച്ചയാണിത്. ഓഹരി മൂലധനം 4885.98 കോടിയിൽ നിന്ന് 8485.98 കോടി രൂപയായി വർധിപ്പിക്കാനുള്ള നിർദേശത്തെയും കേരളം അംഗീകരിച്ചു. പാത ഇരട്ടിപ്പിക്കൽ വൈദ്യുതീകരണം കാര്യക്ഷമത വർധിപ്പിക്കൽ എന്നിവയായിരുന്നു ലക്ഷ്യം.

96 ലെ മൂന്നാമത്തെ നായനാർ സർക്കാരിന്റെ കാലം മുതൽക്കേ നാം ഉന്നയിക്കുന്ന ആവശ്യമാണ് കേരളം ആസ്ഥാനമായി റെയിൽവെ സോൺ എന്നത്. ഈ സംസ്ഥാനത്തെ തീവണ്ടി യാത്രക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരവും റെയിൽവെ വികസനത്തിന് ആക്കം കൂട്ടാനും പ്രത്യേകം സോൺ കൂടിയേ തീരൂ. കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, യാത്രക്കാരുടെയും ചരക്കു ഗതാഗതത്തിന്റെയും വൻ വർധനവ്, കാര്യക്ഷമത മെച്ചപ്പെടുത്തൽ, കണക്ടിവിറ്റി തുടങ്ങിയ ഘടകങ്ങൾ കേരളത്തിന്റെ രണ്ടു പതിറ്റാണ്ടിലേറെയായുള്ള ആവശ്യത്തെ സാധൂകരിക്കുന്നതാണ്. ദീർഘദൂര യാത്രക്കാരുടെ എണ്ണത്തിലും തദ്വാരാ റവന്യൂവിന്റെ വർധനവ് ഏറ്റവും കൂടുതലുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം.

**അനുബന്ധം**

നിരന്തരമായ സമ്മർദ്ദങ്ങൾ പാർലമെന്റിലും പൊതു സമൂഹത്തിലും നിന്ന് തുടരെ തുടരെ ഉയർന്നുവന്നതിനെ തുടർന്ന് റെയിൽവെ മന്ത്രി കാര്യാലയം ഈ ഫെബ്രുവരി 10 ന് ഒരു വിജ്ഞാപനമിറക്കി; 16 സോണുകളിലായി ഏതാണ്ട് 63,000 ഒഴിവുകൾ നികത്താൻ ഓൺലൈൻ അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷയും, അതിൽ വിജയിക്കുന്നവർ ശാരീരികക്ഷമതാ പരീക്ഷയിലും വിജയിക്കണം. തെറ്റായ ഉത്തരത്തിനു മൂന്നിലൊന്നു ഭാഗം മാർക്ക് വീതം വെട്ടിക്കുറക്കും.

ഒന്നര മണിക്കൂർ നേരം കൊണ്ട് 100 ചോദ്യങ്ങൾക്ക് ഉത്തരം നൽകണം. പക്ഷെ ദക്ഷിണ റെയിൽവേയുടെ ചെന്നൈ ആസ്ഥാനമായ റീജിയണൽ റിക്രൂട്ട്മെന്റ് ബോർഡു പോലും മലയാളത്തെ പുറത്താക്കി പടിയടച്ചിട്ടുണ്ട്. ഇംഗ്ലീഷ്, ഹിന്ദി, ഉറുദു എന്നിവയ്ക്കു പുറമെ ഗുജറാത്തി, മറാഠി, പഞ്ചാബി, കന്നഡ, തമിഴ്, തെലുങ്ക്, കൊങ്ങിണി, ഒഡിയ, അസാമീസ്, ബംഗാളി, മണിപ്പൂരി എന്നീ ഭാഷകളെ വിവിധ റിക്രൂട്ട്മെന്റ് ബോർഡുകൾ അവസരം നൽകുമ്പോഴാണ് ഭാരതത്തിലെ ക്ലാസിക്കൽ ഭാഷകളിലൊന്നായ മലയാളത്തിൽ ഉത്തരം നൽകാനുള്ള അവസരം പരീക്ഷയിൽ നിഷേധിച്ചിരിക്കുന്നത്. മന്ത്രിക്കു ഞാൻ ഉടനടി അയച്ച പ്രതിഷേധക്കുറിപ്പിന് ഇതെഴുതിത്തീരും വരേയും മറുപടി ലഭിച്ചിട്ടുമില്ല. നമ്മുടെ മാതൃഭാഷയെ ഭരണഘടന അംഗീകരിച്ചാലും റെയിൽവെ എന്തിന് അംഗീകരിക്കണം? അതും "യാത്രാ തീവണ്ടികൾ കൂടിയാൽ നഷ്ടമാണെന്ന വാദവുമായി സ്വകാര്യവൽക്കരണ വക്താക്കൾ നിൽക്കുമ്പോൾ. ■

# ആനക്കര സർവീസ് കോ–ഓപ്പറേറ്റീവ് ബാങ്ക്

**ലിമിറ്റഡ് നമ്പർ പി 542, എച്ച്.ഒ. കുമ്പിടി, പാലക്കാട്**

**ബ്രാഞ്ചുകൾ:**

| | |
|---|---|
| മെയിൻ ബ്രാഞ്ച്, കുമ്പിടി | 0466 2254234 |
| കൂടല്ലൂർ ബ്രാഞ്ച് | 0466 2254250 |
| ആനക്കര ബ്രാഞ്ച് | 0466 2253509 |
| ഈവനിംഗ് ബ്രാഞ്ച് | 0466 2253630 |

- ലാഭത്തിൽ പ്രവർത്തിക്കുന്ന ക്ലാസ് 1 ബാങ്ക്
- മുതിർന്ന പൗരന്മാർക്ക് അര ശതമാനം അധികം പലിശ
- വിവിധയിനം വായ്പകൾ
- നെൽകൃഷിക്ക് പലിശ രഹിത വായ്പ
- ലേക്കർ സൗകര്യം
- അംഗങ്ങൾക്ക് ഡിവിഡന്റ് നൽകിവരുന്നു.

**അബ്ദുൾ ഹമീദ് പി. പി.**
പ്രസിഡന്റ്

**അനിൽകുമാർ ടി ഇ.**
സെക്രട്ടറി

# പിണറായി ഇൻഡസ്ട്രിയൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റി

**ലിമിറ്റഡ് നമ്പർ എസ്. ഇൻഡ് (സി) 237, പി ഒപിണറായി**
**Phone- 0490- 2382609, 2384192**

# PICCOS

**ആശംസകളോടെ**

# കുന്നിരിക്ക സർവീസ് സഹകരണ ബേങ്ക്

**ലിമിറ്റഡ് നമ്പർ 6971, പതിരിയാട്, കണ്ണൂർ**

**ശ്രീ. പി എ ബാബു മനോജ്**
പ്രസിഡന്റ്

**ശ്രീമതി കെ പി വി പ്രീത**
സെക്രട്ടറി

# തൊഴിൽമേഖലയെ തകർക്കുന്ന കേന്ദ്രബജറ്റ്

പേജ് 13-ൽ നിന്ന്

കരാറുകളുടെ ഫലമായി കാർഷികോല്പന്നങ്ങളുടെ ഇറക്കുമതി മൂലമുണ്ടാകുന്ന വില തകർച്ച, കാർഷികോല്പാദന ചെലവിന്റെ വർധനവ്, കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന വിളനാശം മുതലായ പ്രശ്നങ്ങൾ രാജ്യത്തെ കർഷകർ നേരിടുന്നു.

മോദി സർക്കാർ പ്രഖ്യാപിച്ചത് റാബി വിളകൾക്കു നൽകിയതുപോലെ ഖാരിഫ് വിളകൾക്കും ഉല്പാദന ചെലവിന്റെ 1.5 മടങ്ങ് താങ്ങുവില നൽകുമെന്നാണ്. റാബി വിളകൾക്ക് ഇതുവരെ താങ്ങുവില നൽകാത്ത സർക്കാരാണ് ഖാരിഫ് വിളകൾക്ക് കൂടി നൽകുമെന്ന് പറയുന്നത്. സുപ്രീം കോടതിയിൽ നൽകിയിരിക്കുന്ന സത്യാവാങ്മൂലത്തിൽ ഇതുവരെ താങ്ങുവില പ്രഖ്യാപിച്ചിട്ടില്ലെന്നാണ് സർക്കാർ പറഞ്ഞിരിക്കുന്നത്. യഥാർത്ഥത്തിൽ കർഷകന്റെ ഉല്പാദന ചെലവ് കുറക്കുന്നതിനുള്ള നടപടികൾ കൂടി സർക്കാർ സ്വീകരിക്കണം. വിത്തും വളവും കീടനാശിനികളും കുറഞ്ഞ വിലക്ക് ലഭ്യമാക്കണം. കാലാവസ്ഥാ വ്യതിയാനം മൂലം 20 ശതമാനത്തോളം വിളനാശം സംഭവിക്കുന്നു. അതിന് വിള ഇൻഷുറൻസ് പദ്ധതി നടപ്പാക്കണം. രാജ്യത്തെ കൃഷി ഭൂമിയിൽ 20 ശതമാനത്തോളം ജലസേചന സൗകര്യം ഇല്ലാത്തതാണ്. ജലസേചന സൗകര്യം ലഭ്യമാക്കണം. ഇവക്കൊക്കെ വേണ്ടത്ര ഫണ്ടോ, പദ്ധതികളോ സർക്കാർ പ്രഖ്യാപിച്ചിട്ടില്ല. വിളവെടുത്ത കാർഷികോല്പന്നങ്ങൾ സംസ്കരിച്ച് സൂക്ഷിക്കാനുള്ള സംവിധാനമില്ല. ഇതുമൂലം 20 ശതമാനം നഷ്ടമുണ്ടാകുന്നു. ഇതിനാവശ്യമായ സംസ്കരണ കേന്ദ്രങ്ങളോ, കോൾഡ് സ്റ്റോറേജ്കൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളോ സർക്കാർ പ്രഖ്യാപിച്ചിട്ടില്ല.

### അവഗണിക്കപ്പെടുന്ന ഗ്രാമീണ തൊഴിൽ മേഖല

രാജ്യത്തെ ഗ്രാമീണ മേഖലയിൽ വിശേഷിച്ച് സ്ത്രീകൾക്ക് ഏറ്റവും അധികം തൊഴിൽ ദിനങ്ങൾ സംഭാവന ചെയ്യുന്നത് മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയാണ്. 2017-18 ബജറ്റിൽ ഈ മേഖലക്കായി മാറ്റിവെച്ചത് 55,000 കോടി രൂപയാണെങ്കിൽ ചിലവഴിച്ചത് 48,000 കോടി രൂപയാണ്. 2018-19 ലെ ബജറ്റിൽ ഒരു രൂപ പോലും മോഡി സർക്കാർ വർധിപ്പിച്ചിട്ടില്ല. ദേശീയ ആരോഗ്യ മിഷന്റെ പ്രയോജനം ഏറ്റവുമധികം ലഭിക്കുന്നത് ഗ്രാമീണ മേഖലയിലെ ജനങ്ങൾക്കാണ്. 2018-19 ലെ ബജറ്റിൽ ഇതിന്റെ പ്രവർത്തനങ്ങൾക്കുള്ള തുകയിൽ വലിയ കുറവുവരുത്തി. ഇത് ഗ്രാമീണജനങ്ങളെ ദ്രോഹിക്കുന്ന നടപടിയാണ്.

### സ്വകാര്യവൽക്കരണം വ്യാപകമാക്കുന്നു.

രാജ്യത്തെ സംഘടിത തൊഴിൽ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നത് പൊതുമേഖലാ സ്ഥാപനങ്ങളാണ്. ഇതിന്റെ വില്പനയിലൂടെ 80,000 കോടി രൂപ സമാഹരിക്കാനാണ് 2018- 19 ലെ ബജറ്റിൽ ധനമന്ത്രി ലക്ഷ്യം വയ്ക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ വാങ്ങുന്ന സ്വകാര്യ മുതലാളിമാർ പുനസംഘടനയുടെയും കാര്യക്ഷമതയുടെയും പേരിൽ നിലവിലുള്ള തസ്തികകൾ വെട്ടിക്കുറക്കുകയും തൊഴിലാളികളെ പിരിച്ചുവിടുകയും ചെയ്യുന്നു. സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് ഭരണഘടനാപരമായി അവകാശപ്പെട്ട തൊഴിലവസരങ്ങൾ ഇതിലൂടെ നഷ്ടമാകുന്നു. രാജ്യത്തിന്റെ പൊതുസ്വത്ത് കുറയുന്നതിനും സ്വകാര്യ സ്വത്ത് വർധിക്കുന്നതിനും ഇടയാക്കും.

### കരാർവൽക്കരണം

തൊഴിൽ മേഖലയിൽ കരാർവൽക്കരണം വ്യാപകമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഒരു നിശ്ചിത കാലത്തേക്ക് ഏതെങ്കിലും പ്രത്യേക പദ്ധതികൾക്കായി തൊഴിലാളികളെ ജോലിക്കെടുക്കുകയും അത് പൂർത്തിയായി കഴിയുമ്പോൾ തൊഴിലാളിയെ പിരിച്ചുവിടും. വസ്ത്ര നിർമാണ രംഗത്തുമാത്രമുണ്ടായിരുന്ന നിശ്ചിത കാലാവധിയിൽ മാത്രം ജോലി ചെയ്യിപ്പിക്കുന്ന രീതി എല്ലാ തൊഴിൽ മേഖലയിലേക്കും വ്യാപിപ്പിക്കുമെന്നാണ് സർക്കാർ പറയുന്നത്. തൊഴിലാളിയെ പിരിച്ചുവിടുന്നതിന് മുൻകൂർ നോട്ടീസ് പോലും നൽകേണ്ടതില്ല. തൊഴിലുടമയുടെ താല്പര്യത്തിനനുസരിച്ച് മാത്രം തൊഴിലാളി പ്രവർത്തിക്കേണ്ടി വരും. തൊഴിൽ സുരക്ഷയെന്ന തൊഴിലാളിയുടെ അവകാശവും അന്യമാവുകയാണ്.

മോഡി സർക്കാരിന്റെ ബജറ്റ് കോർപറേറ്റുകൾക്ക് വേണ്ടി തയാറാക്കിയതാണ്. രാജ്യത്തിന്റെ വില്പന അതിവേഗം പൂർത്തിയാക്കാനുള്ള നിർദേശങ്ങളാണ് ബജറ്റിലുള്ളത്. തൊഴിലാളികളെ കൊണ്ട് അടിമ സമാനമായ രീതിയിൽ തൊഴിലെടുപ്പിക്കുക എന്നത് ബജറ്റ് ലക്ഷ്യം വക്കുന്നു. രാജ്യത്തെ ജനങ്ങളുടെ വിവിധ ദുരിതങ്ങൾക്ക് പരിഹാരം കാണാത്ത ബജറ്റ് ജനവിരുദ്ധമാണ്. കോർപറേറ്റുകൾക്ക് വേണ്ടി തയാറാക്കിയ ബജറ്റ് തൊഴിലാളി വിരുദ്ധവുമാണ്. ജനദ്രോഹ നടപടികളടങ്ങിയ ബജറ്റ് ജനങ്ങൾ തള്ളിക്കളയുമെന്ന കാര്യത്തിൽ സംശയമില്ല. ■



## കേരള ബഡ്ജറ്റ്

# ഒരു ബദൽ മാതൃക

**ജോസി ടി എബ്രഹാം**

**സാമ്പത്തികമായ പരിമിതികൾക്കിടയിലും കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നിബന്ധനകൾക്കുള്ളിൽ നിന്നും കേരളത്തിന്റെ പുരോഗതിയും സമഗ്ര വികസനവും സാമൂഹ്യ സുരക്ഷയുമാണ് കേരള ബഡ്ജറ്റ് ഉറപ്പാക്കാൻ ശ്രമിക്കുന്ന ബദൽ മാതൃക. കിഫ്ബി വഴിയുള്ള നിക്ഷേപങ്ങളാണ് കേരള ബജറ്റിന്റെ മറ്റൊരു പ്രത്യേകത. കിഫ്ബി ഇന്ന് കേരളം നേരിടുന്ന സാമ്പത്തിക ഞെരുക്കത്തിനും മാന്ദ്യത്തിനും മറുമരുന്നാണ്. നിക്ഷേപകരുടെ നിക്ഷേപത്തിന് സുരക്ഷിതത്വവും വരുമാനവും ഉറപ്പാക്കിയാണ് കിഫ്ബിയുടെ പ്രവർത്തനം ചിട്ടപ്പെടുത്തിയിരിക്കുന്നത്.**

**ബ**ഡ്ജറ്റുകൾ ഇപ്പോൾ ഒരു സാമ്പത്തിക രേഖ എന്നതിലുപരി ഒരു രാഷ്ട്രീയ സമീപനം വ്യക്തമാക്കുന്ന രേഖയായി മാറിയിട്ടുണ്ട്. ജിഎസ്ടി നടപ്പായതോടെ നികുതി ചുമത്താനും കൂട്ടാനും കുറക്കാനുമുള്ള ഒട്ടുമിക്ക അധികാരവും ജിഎസ്ടി കൗൺസിലിനായി. നികുതി തീരുമാനിക്കാനുള്ള സംസ്ഥാന സർക്കാരുകളുടെ അധികാരം ജിഎസ്ടിയുടെ വരവോടെ വളരെ കുറയുകയോ ഇല്ലാതാക്കുകയോ ചെയ്തിരിക്കുകയാണ്. രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തിന്റെ കടക്കൽ തന്നെയാണ് ജിഎസ്ടി കത്തി വച്ചിരിക്കുന്നത്. വരവിൽ നിയന്ത്രണമില്ലാതെ ചെലവ് തീരുമാനിക്കുന്നത് വളരെ ബുദ്ധിമുട്ടു പിടിച്ച ഒരു പണിയായി മാറി. ജിഎസ്ടിയുടെ നോട്ടു നിരോധനത്തിന്റെയും പശ്ചാത്തലത്തിൽ ധനകാര്യ മന്ത്രി ഡോ. തോമസ് ഐസക് വളരെയധികം ഭാവനാപൂർണവും ക്രിയാത്മകവുമായ നിലപാടാണ് ബഡ്ജറ്റിലെ സാമ്പത്തിക വിഷയങ്ങളിലും സമീപനങ്ങളിലും എടുത്തിട്ടുള്ളത്.

ഫെബ്രുവരി 1-ാം തീയതി അവതരിപ്പിച്ച കേന്ദ്ര ബഡ്ജറ്റും രണ്ടാം തീയതി അവതരിപ്പിച്ച കേരള സംസ്ഥാന ബഡ്ജറ്റും പരിശോധിച്ചാൽ സമീപനങ്ങളിലെ വ്യത്യാസം വ്യക്തമാണ്.

പ്രധാനപ്പെട്ട ഒരു വിഷയം പൊതുമേഖലയോടുള്ള സമീപനമാണ്. കേന്ദ്ര ബഡ്ജറ്റിൽ കമ്മി കുറക്കാനുള്ള പ്രധാന വരുമാന മാർഗമായി കണ്ടിരി

ക്കുന്നത് പൊതുമേഖലാ സ്ഥാപനങ്ങളുടെ വില്പനയാണ്. കഴിഞ്ഞ വർഷം പൊതുമേഖലാ വില്പനയിലൂടെ നേടാൻ തീരുമാനിച്ചത് 75,000 കോടി രൂപയായിരുന്നു. എന്നാൽ നേടിയത് 1,00,000 കോടി രൂപ. ഈ വർഷം പൊതുമേഖല വിറ്റ് നേടാൻ തീരുമാനിച്ചിരിക്കുന്നത് 80,000 കോടി. എന്നാൽ കേരളത്തിൽ എൽഡിഎഫ് അധികാരത്തിൽ വന്ന ശേഷം 40 പൊതുമേഖലാ സ്ഥാപനങ്ങളിൽ 17 ഉം ലാഭത്തിലാക്കി. യുഡിഎഫ് കാലത്ത് എല്ലാം നഷ്ടത്തിലായിരുന്നു. കെഎസ്ആർടിസിക്ക് 1000 കോടി, ബാങ്ക് കൺസോർഷ്യത്തിലൂടെ 3500 കോടി, സഹകരണ ബാങ്കുകളുമായി സഹകരിച്ച് കെഎസ്ആർടിസി പെൻഷൻകാരുടെ പ്രശ്നം പരിഹരിക്കും. ഫെബ്രുവരി 20-ാം തീയതി മുതൽ പെൻഷൻ കുടിശികയുൾപ്പെടെ കൊടുത്തു തുടങ്ങും എന്ന് ഇപ്പോൾ തീരുമാനവുമായി. 6 മാസത്തിനുള്ളിൽ സഹകരണ ബാങ്കുകളുടെ പണം തിരികെ നൽകും. കിഫ്ബി വഴി പുതിയ ബസുകളും വാങ്ങും.

കേന്ദ്രത്തിന്റെ സാമ്പത്തിക സർവേയിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ മൂലം ഇന്ത്യൻ കാർഷിക മേഖലയിലെ വളർച്ച വരും വർഷങ്ങളിൽ 20-25 ശതമാനം വരെ ഇടിയാൻ സാധ്യതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അരുൺ ജയ്റ്റ്ലി അദ്ദേഹം അവതരിപ്പിച്ച ബഡ്ജറ്റിൽ ഈ വിഷയം അറിഞ്ഞതായി ഭാവിക്കുകയോ എന്തെങ്കിലും നടപടി മുന്നോട്ടു വയ്ക്കുകയോ ചെയ്തിട്ടില്ല. എന്നാൽ ഡോ. ഐസക് അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗം തുടങ്ങുന്നതു തന്നെ ഓഖി ദുരന്തവും പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിഷയം കൈകാര്യം ചെയ്യാനാണ്. 2000 കോടി രൂപ കടലോര സംരക്ഷണം, കണ്ടൽ കാടുകൾ വച്ചു പിടിപ്പിക്കൽ തുടങ്ങിയവക്കായി മാറ്റി വച്ചു. കേരളത്തിലെ തണ്ണീർ തടാകങ്ങൾ വികസിപ്പിക്കാൻ 1000 കോടി വകയിരുത്തിയിട്ടുണ്ട്. നദീസംരക്ഷണത്തിനായി 20 കോടി രൂപ. നാനാതരം പരിമിതികൾക്കിടയിലും ഇന്ന് ലോകം നേരിടുന്ന ഗുരുതര പ്രശ്നമായ കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടാണ് കേരളാ ബഡ്ജറ്റ് അവതരിപ്പിച്ചത്.

കേന്ദ്രത്തിലെയും മറ്റുള്ള സംസ്ഥാനങ്ങളിലെയും ബഡ്ജറ്റിൽ സ്ഥാനം പിടിക്കാത്ത രണ്ടു വിഭാഗങ്ങളാണ് ട്രാൻസ്ജെന്റേഴ്സും ഇതര സംസ്ഥാന തൊഴിലാളികളും. ട്രാൻസ്ജെന്റർ ക്ഷേമത്തിനായി 10 കോടിയും അന്യ സംസ്ഥാന തൊഴിലാളി ക്ഷേമത്തിനായി 50 കോടിയുമാണ് കേരള ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്.

കൈത്തറി, കശുവണ്ടി, കയർ, തുടങ്ങിയ പരമ്പരാഗത മേഖലക്കും മത്സ്യ മേഖലക്കും വലിയ സഹായം പ്രഖ്യാപിച്ചു. കൈത്തറിക്ക് 46 കോടിയും ഖാദി വ്യവസായത്തിന് 19 കോടിയും വകയിരുത്തി. സ്കൂൾ കുട്ടികൾക്ക് യൂണിഫോം പദ്ധതിയിലൂടെ കൈത്തറി, ഖാദി മേഖലയിൽ കുറഞ്ഞത് 200 ദിവസത്തെ തൊഴിൽ ഉറപ്പാക്കും. തൊണ്ട് ചകിരിയാക്കാൻ 1000 മിൽ സ്ഥാപിക്കും. മില്ലുകളിൽ പണിയെടുക്കുന്നവർക്ക് 600 രൂപ ദിവസകൂലി ഉറപ്പുവരുത്തുന്ന തരത്തിൽ വില നൽകി ചകിരി കയർഫെഡ് സംഭരിച്ച് കയർ സഹകരണ സംഘങ്ങൾക്ക് ലഭ്യമാക്കും. കയർപിരി മേഖലയിൽ 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കും. കയറുല്പന്ന വിപണന ശൃംഖല ദേശവ്യാപകമായി സൃഷ്ടിക്കാൻ മാർക്കറ്റിംഗ് കമ്പനി രൂപീകരിക്കും.

ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും താഴ്ന്ന വിലക്ക് കശുവണ്ടി വാങ്ങി പൊതു- സ്വകാര്യ ഫാക്ടറികൾക്ക് നൽകാൻ കേരള കാഷ്യൂ ബോർഡിനെ സഹായിക്കാൻ 20 കോടി രൂപ വകയിരുത്തി. കശുവണ്ടി വ്യവസായത്തിന് പദ്ധതിയിൽ 54.45 കോടി രൂപ വകയിരുത്തി.

സംസ്ഥാനത്തെ 32 തരം ക്രാഫ്റ്റുകളുടെ വികസനത്തിന് അഞ്ചുകോടി രൂപ, ബാംബൂ കോർപറേഷന് 10 കോടി രൂപ എന്നിങ്ങനെ പരമ്പരാഗത മേഖലയെയും അതിലെ തൊഴിലാളികളെയും സംരക്ഷിക്കാൻ വിപുലമായ പദ്ധതികളാണ് ബഡ്ജറ്റ് വിഭാവന ചെയ്യുന്നത്.

ക്ഷേമപദ്ധതികൾ ഒന്നു പോലും ചുരുക്കിയില്ല എന്നു തന്നെയല്ല കൂടുതൽ പേരെ ക്ഷേമപദ്ധതികൾക്കു കീഴിൽ കൊണ്ടു വരുന്നതിനും ബഡ്ജറ്റ് ലക്ഷ്യമിടുന്നു. വരുമാനത്തിൽ കുറവ് വന്നാൽ പോലും പാവങ്ങളുടെ ആനുകൂല്യങ്ങൾക്കും സഹായങ്ങൾക്കും കുറവുണ്ടാകില്ലെന്ന് ബഡ്ജറ്റ് ഉറപ്പു നൽകുന്നു. സമ്പൂർണ സാമൂഹ്യ സുരക്ഷയാണ് ബഡ്ജറ്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു ലക്ഷ്യം തന്നെ. എല്ലാവർക്കും വീട്, നല്ല ഭക്ഷണം, മെച്ചപ്പെട്ട വിദ്യാഭ്യാസം, ജീവിത ശൈലീ രോഗങ്ങൾക്കടക്കം സൗജന്യ ചികിത്സ, സാമൂഹ്യ പെൻഷൻ എന്നിവയാണ് സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ സുപ്രധാന കണ്ണികൾ. ഇപ്പോൾ ഭൂമിയുള്ള 1.76 ലക്ഷം ഭവന രഹിതർക്കും വീട് നിർമ്മിച്ചു നൽകുന്നതിന് ബജറ്റ് ലക്ഷ്യമിടുന്നു.

അമ്പതു കോടി ജനങ്ങൾക്ക് ആരോഗ്യ ഇൻഷുറൻസ് നൽകുന്നതാണ് കേന്ദ്ര സർക്കാരിന്റെ ബജറ്റിലെ ഏറ്റവും വലിയ പ്രത്യേകതയായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. ആഴത്തിൽ പരിശോധിച്ചാൽ മനസിലാകും. ഇത് മുൻ ബഡ്ജറ്റുകളിലെ പോലെയുള്ള മറ്റൊരു പ്രചാരണ തന്ത്രമാണ്. 2016 ലെ ബജറ്റിലും ഇതുപോലൊരു പ്രഖ്യാപനം ധനമന്ത്രി അരുൺ ജയ്റ്റ്ലി നടത്തി. ആർഎസ്ബിവൈ (RSBY) പദ്ധതിയനുസരിച്ചുള്ള ഇൻഷുറൻസ് തുക ഒരു ലക്ഷം രൂപയായി വർധിപ്പിക്കും എന്നാണ് അന്നു പ്രഖ്യാപിച്ചത്. 2016-17 ലെ ബഡ്ജറ്റിൽ ഇതിനായി 1500 കോടി രൂപ വകകൊള്ളിച്ചു. എന്നാൽ ചിലവാക്കിയത് 500 കോടി രൂപ മാത്രം. ഒരു ലക്ഷം രൂപ ഇൻഷുറൻസ് കവറേജ് എന്ന വാഗ്ദാനം നടപ്പാക്കാൻ കഴിഞ്ഞതുമില്ല. ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്നത് ചികിത്സാനു

# തളിപ്പറമ്പ് ഗവ.എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

ലിമിറ്റഡ് നമ്പർ സി 293

സ്ഥാപിതം: 1964, ഫോൺ 2203887

- എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തുന്നു
- നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ നിരക്ക്
- 10 ലക്ഷം രൂപ വരെ ഒരംഗത്തിന് വായ്പ നൽകുന്നു
- 50,000 രൂപ വരെ എമർജൻസി അഡ്വാൻസ്
- സ്വർണ പണയത്തിനുമേൽ വായ്പ നൽകുന്നു
- വിവിധ സലകളിലുള്ള ചിട്ടികൾ നടത്തുന്നു.

കെ സതീഷ് കുമാർ
പ്രസിഡന്റ്

പി വി സതീശൻ
സെക്രട്ടറി

# വലിയന്നൂർ സർവീസ് സഹകരണ ബാങ്ക്

ലിമിറ്റഡ് നമ്പർ സി 417, പി ഒ വാരം, കണ്ണൂർ എച്ച്.ഒ. വാരം, ഫോൺ 0497 2721380

Email: valiyannurbank@gmail.com

A Class I Special grade bank

**ബ്രാഞ്ചുകൾ:**

മെയിൻ ബ്രാഞ്ച്, വാരം ........................................ ഫോൺ 2721580
മുതുക്കോത്ത് ബ്രാഞ്ച് ........................................ ഫോൺ 2721680
പള്ളിപ്രം ബ്രാഞ്ച് ........................................ ഫോൺ 2723433
വാരം ഈവനിംഗ് ബ്രാഞ്ച്........................................ ഫോൺ 2721290
തക്കാളി പീടിക ബ്രാഞ്ച് ........................................ ഫോൺ 2723460
വലിയന്നൂർ ഈവനിംഗ് ........................................ ഫോൺ 2721980

ലോക്കർ സൗകര്യം ലഭ്യമാണ്

പി കുട്ടികൃഷ്ണൻ
പ്രസിഡന്റ് (9446296630)

പി പി അശോകൻ
സെക്രട്ടറി (9446735155)

- കിഫ്ബിയിൽ 10,000 കോടിയുടെ പദ്ധതികൾ
- ലൈഫ് പാർപ്പിട പദ്ധതിക്ക് 2500 കോടി
- തീരദേശത്തിന് 2000 കോടിയുടെ പാക്കേജ്
- കെഎസ്ആർടിസിക്ക് 1000 കോടി
- കുടുംബശ്രീക്ക് 200 കോടി
- നീർത്തടാധിഷ്ഠിത പദ്ധതികൾക്ക് 1000 കോടി
- ട്രാൻസ്ജെൻഡർ ക്ഷേമത്തിന് പത്തുകോടി
- എല്ലാവർക്കും സമഗ്ര ആരോഗ്യസുരക്ഷ
- സ്കൂൾ വിദ്യാഭ്യാസത്തിന് 970 കോടി
- റോഡുകൾക്കും പാലങ്ങൾക്കും 1454 കോടി
- എൻഡോസൾഫാൻ പാക്കേജ് ആദ്യഗഡു 50 കോടി




- കൈത്തറിക്ക് 150 കോടി
- കയറിന് 211 കോടി
- വൈദ്യുതി മേഖല: 1854 കോടി
- കുടിവെള്ളം 1072.43 കോടി
- 2000 കേന്ദ്രങ്ങളിൽ വൈഫൈ

കൂല്യം 5 ലക്ഷം രൂപയായി വർധിപ്പിച്ച് 10 കോടി കുടുംബങ്ങൾക്ക് ലഭ്യമാകും എന്നാണ്. ഒരു കുടുംബത്തിന് 5 ലക്ഷം, ഒരു കുടുംബത്തിൽ ശരാശരി 5 പേർ എന്നു കണക്കാക്കിയാണ് 50 കോടിയുടെ അവകാശ വാദം, ഇതിലേക്കു വകയിരുത്തിയിരിക്കുന്നതോ വെറും 2000 കൂടി രൂപയായും. സാർവത്രിക ആരോഗ്യം ലഭ്യമാക്കാൻ സർക്കാർ ആരോഗ്യ സംവിധാനങ്ങളുടെ വിപുലീകരണമാണാവശ്യം. ഇൻഷുറൻസ് പദ്ധതികൾ താല്ക്കാലിക ആശ്വാസമേ നൽകൂ.

കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ആരോഗ്യ ഇൻഷുറൻസ് പദ്ധതി കേരളത്തെ പ്രതികൂലമായി ബാധിക്കാനും സാധ്യതയുണ്ട്. പുതിയ കേന്ദ്ര സർക്കാർ പദ്ധതിയുടെ 40% ചെലവ് സംസ്ഥാനങ്ങൾ വഹിക്കണം. സോഷ്യോ ഇക്കണോമിക് സെൻസസിന്റെ അടിസ്ഥാനത്തിലാണ് പുതിയ സ്കീമിലെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതെങ്കിൽ ആർഎസ്ബിവൈ സ്കീമിൽ ഇപ്പോഴുള്ള അനേകർ പുറത്താകും. അത് കേരളത്തിലെ ആരോഗ്യ മേഖലക്കു വലിയ തിരിച്ചടിയാകും. എന്നാൽ പോലും ഇന്ന് ആർഎസ്ബിഐ പദ്ധതിയിൽ ആനുകൂല്യമുള്ള മുഴുവൻ വിഭാഗങ്ങൾക്കും കുടുംബങ്ങൾക്കും സംസ്ഥാന സർക്കാർ ഇൻഷുറൻസ് പ്രീമിയം അടക്കേണ്ടി വന്നാൽ പോലും പുതിയ ദേശീയ സ്കീമിൽ ഉൾപ്പെടുത്തുമെന്ന് കേരള ബഡ്ജറ്റ് ഉറപ്പു നൽകുന്നു. സർവ്വീസ് പെൻഷൻ ഇൻഷുറൻസ് പദ്ധതിയും ഈ പുതിയ പദ്ധതിയിൽ സംയോജിപ്പിക്കാൻ ആലോചിക്കുന്നുണ്ട്. ഇടത്തരക്കാർക്കും മറ്റും സ്വന്തം നിലയിൽ പ്രീമിയം അടച്ച് പദ്ധതിയിൽ ചേരാനുള്ള പരിപാടിയും ആലോചിക്കുന്നുണ്ട്. അങ്ങനെ ഇന്ത്യയിൽ തന്നെ ആദ്യമായി ഒരു സംസ്ഥാനത്ത് സാർവത്രികമായ ആരോഗ്യ സുരക്ഷ ഉറപ്പു നൽകുന്ന സംസ്ഥാനമായി കേരളം മാറും എന്നാണ് ബജറ്റ് വിഭാവന ചെയ്യുന്നത്.

രോഗം വരാതിരിക്കാൻ രോഗ പ്രതിരോധ നടപടികൾ, രോഗം വന്നാൽ ഫലപ്രദമായ ചികിത്സ, ചികിത്സ കഴിഞ്ഞാൽ സാന്ത്വന പരിചരണം ഇവ മൂന്നും ചേർന്നുള്ള സമഗ്ര ആരോഗ്യ സംവിധാനമാണ് കേരളം ലക്ഷ്യമിടുന്നത്. എന്നാൽ പൊതു ആരോഗ്യ സംവിധാനത്തെ ദുർബലപ്പെടുത്തുന്ന സമീപനമാണ് കേന്ദ്രത്തിന്റേത്.

കിഫ്ബി വഴിയുള്ള നിക്ഷേപങ്ങളാണ് കേരള ബജറ്റിന്റെ മറ്റൊരു പ്രത്യേകത. കിഫ്ബി ഇന്ന് കേരളം നേരിടുന്ന സാമ്പത്തിക ഞെരുക്കത്തിനും മാന്ദ്യത്തിനും മറുമരുന്നാണ്. നിക്ഷേപകരുടെ നിക്ഷേപത്തിന് സുരക്ഷിതത്വവും വരുമാനവും ഉറപ്പാക്കിയാണ് കിഫ്ബിയുടെ പ്രവർത്തനം ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഇതുവരെ സർക്കാർ 4720 കോടി രൂപ കിഫ്ബിക്ക് ഗ്രാന്റായി നൽകി കഴിഞ്ഞു. കിഫ്ബിയിൽ 19,000 കോടി രൂപയുടെ പദ്ധതികൾക്ക് നിർവഹണാനുമതി നൽകിക്കഴിഞ്ഞു. കേരളത്തിന്റെ പശ്ചാത്തല വികസനം ഉറപ്പാക്കുന്ന പദ്ധതികളാണ് പ്രധാനമായും കിഫ്ബിയിലൂടെ നടപ്പാക്കുന്നത്. പശ്ചാത്തല സൗകര്യങ്ങളുള്ളിടത്തേ മൂലധന നിക്ഷേപം നടക്കൂ. കിഫ്ബി വഴി കേരളത്തിന്റെ സമഗ്ര വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

സാമ്പത്തികമായ പരിമിതികൾക്കിടയിലും കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നിബന്ധനകൾക്കുള്ളിൽ നിന്നും കേരളത്തിന്റെ പുരോഗതിയും സമഗ്ര വികസനവും സാമൂഹ്യ സുരക്ഷയുമാണ് കേരള ബഡ്ജറ്റ് ഉറപ്പാക്കാൻ ശ്രമിക്കുന്ന ബദൽ മാതൃക. ■

## 'നിശ്ചിതകാല ജോലി'

# സ്ഥിരം തൊഴിൽ അവസാനിക്കുന്നു

## കരട് വിജ്ഞാപനം പുറത്തിറക്കി



**കേ**ന്ദ്രത്തിലെ ബിജെപി സർക്കാർ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ ആസൂത്രണം ചെയ്തിരിക്കുന്നത് എങ്ങനെയെന്നാൽ സ്ഥിരം തൊഴിലുകൾ മാറ്റി നിശ്ചിത കാല തൊഴിലുകൾ എല്ലാ വ്യവസായ മേഖലയിലും കൊണ്ടുവരിക എന്നാണ്. ഒരു സ്ഥിരം തൊഴിലാളി ജോലിയിൽ പ്രവേശിച്ച് കഴിഞ്ഞാൽ വിരമിക്കുന്നതുവരെ ശരാശരി 30 വർഷം വരെ തൊഴിൽ ലഭിക്കുമ്പോൾ നിശ്ചിതകാല തൊഴിലാളിക്ക് ലഭിക്കുക അഞ്ച് വർഷമോ അതിൽ കുറഞ്ഞ കാലത്തേക്കുള്ള തൊഴിലാണ്. ഇങ്ങനെയുള്ള തൊഴിലാളികൾക്ക് ആറോ അതിൽ കൂടുതൽ പ്രാവശ്യമോ പുതിയതായി ജോലിയിൽ പ്രവേശിക്കേണ്ടി വരും.

ഇതിനുവേണ്ടി ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് (സ്റ്റാൻഡിംഗ് ഓർഡർ) ചട്ടത്തിൽ ഭേദഗതി ചെയ്ത കരട് വിജ്ഞാപനം 2018 ജനുവരി 8 ന് കേന്ദ്ര സർക്കാർ ഗസറ്റിൽ വിജ്ഞാപനം ചെയ്തു. എല്ലാ മേഖലയിലും 'നിശ്ചിത കാല കൂലി' നടപ്പാക്കുന്നതിനായി നൽകുന്ന 30 ദിവസത്തെ മുൻകൂർ പൊതു നോട്ടീസ് ആണ് ഇത്.

**സ്ഥിരം തൊഴിലുകൾ മാറ്റി നിശ്ചിത കാല തൊഴിലുകൾ എല്ലാ വ്യവസായ മേഖലയിലും കൊണ്ടു വരിക എന്നാണ്. ഒരു സ്ഥിരം തൊഴിലാളി ജോലിയിൽ പ്രവേശിച്ച് കഴിഞ്ഞാൽ വിരമിക്കുന്നതുവരെ ശരാശരി 30 വർഷം വരെ തൊഴിൽ ലഭിക്കുമ്പോൾ നിശ്ചിതകാല തൊഴിലാളിക്ക് ലഭിക്കുക അഞ്ച് വർഷമോ അതിൽ കുറഞ്ഞ കാലത്തേക്കുള്ള തൊഴിലാണ്. ഇങ്ങനെയുള്ള തൊഴിലാളികൾക്ക് ആറോ അതിൽ കൂടുതൽ പ്രാവശ്യമോ പുതിയതായി ജോലിയിൽ പ്രവേശിക്കേണ്ടി വരും.**

തൊഴിൽ നിയമത്തിലോ, ചട്ടത്തിലോ ഭേദഗതികൾ കൊണ്ടുവരുമ്പോൾ തൊഴിലാളി സംഘടനകളോട് ചർച്ച ചെയ്യുന്ന പതിവു രീതിക്ക് വിപരീതമായി രഹസ്യമായി ഇത്തരത്തിലുള്ള വിജ്ഞാപനം ഇറക്കിയതിനെതിരെ തൊഴിൽ മന്ത്രാലയത്തെ കുറ്റപ്പെടുത്തി ജനുവരി 10 ന് സിഐടിയു അഖിലേന്ത്യാ ജനറൽ സെക്രട്ടറി തപൻസെൻ കത്ത് നൽകുകയുണ്ടായി.

2003 ഡിസംബർ മൂന്നിന് സമാനമായ ഒരു ഭേദഗതി കേന്ദ്ര ചട്ടത്തിൽ അന്നത്തെ ബിജെപി സർക്കാർ കൊണ്ടുവന്നു. ഇതിനെതിരെ തൊഴിലാളി സംഘടനകളുടെ കേന്ദ്ര നേതൃത്വത്തിൽ യോജിച്ച പ്രക്ഷോഭമുണ്ടായി. രാജ്യത്ത് ആകമാനമുള്ള തൊഴിലാളികളുടെ എതിർപ്പിനെയും പ്രക്ഷോഭത്തെയും തുടർന്ന് 2007 ൽ ഗസറ്റ് വിജ്ഞാപനത്തിലെ ഭേദഗതി പിൻവലിക്കാൻ സർക്കാർ നിർബന്ധിതരായി.

ബിജെപി സർക്കാർ വീണ്ടും സാഹസികമായി 'നിശ്ചിതകാലജോലി' പദ്ധതി എല്ലാ മേഖലയിലും നടപ്പാക്കാനുള്ള വിജ്ഞാപനം 2015 ഏപ്രിൽ 29 ന് പുറത്തിറക്കി. ആ സമയത്ത് സിഐടിയുവും ഇതര തൊഴിലാളി സംഘടനകളും ശക്തമായി എതിർത്തതിനെ തുടർന്ന് അനന്തര നടപടികളുമായി സർക്കാരിന് മുമ്പോട്ട് പോകാൻ കഴിഞ്ഞില്ല. കേന്ദ്ര തൊഴിലാളി സംഘടനകൾ 2015 സെപ്തംബർ 2 ന് നടത്തിയ ദേശീയ പണിമുടക്കിന്റെ പൊതു നോട്ടീസിൽ ഉന്നയിച്ചിരിക്കുന്ന 12 ഇന ആവശ്യങ്ങളിൽ ഈ നിയമ ഭേദഗതി പിൻവലിക്കണമെന്ന ആവശ്യം ശക്തമായി ഉന്നയിച്ചിരുന്നു.

ഇപ്പോഴത്തെ നിയമ ഭേദഗതിക്ക് മുന്നോടിയായി 7/10/2016 ൽ സർക്കാർ ഇറക്കിയ നിയമ ഭേദഗതി വിജ്ഞാപനത്തിൽ വസ്ത്ര നിർമാണ മേഖലയിൽ നിശ്ചിതകാല ജോലിക്ക് അനുമതി നൽകിയിട്ടുണ്ട്. ഇത് സിഐടിയുവിന്റെയും ഇതര തൊഴിലാളി സംഘടനകളുടെയും എതിർപ്പിനെ മറികടന്നുകൊണ്ടാണ്. കേന്ദ്രസർക്കാർ ഉയർത്തിയ വാദം "വസ്ത്ര നിർമാണ മേഖലയിലെ തൊഴിൽ കാലിക രീതി (സീസൺ) അനുസരിച്ച് ഉള്ളതാണ്" എന്നാണ്. കേന്ദ്ര തൊഴിൽ വകുപ്പ് മന്ത്രി തൊഴിലാളി സംഘടനാ നേതാക്കളോട് ഇത് വിശദീകരിക്കുകയും, അത് അനുസരിച്ച് പിന്നീട് പത്രക്കുറിപ്പ് ഇറക്കുകയും ചെയ്തു.

ബിജെപി സർക്കാരിന്റെ യഥാർത്ഥ ഉദ്ദേശം ഇപ്പോഴാണ് വ്യക്തമായത്. പോയിന്റ് 2 ൽ നിർദേശിച്ചിരിക്കുന്ന 'വസ്ത്രനിർമാണ മേഖലയിലെ നിശ്ചിതകാല ജോലി' എന്നത് ഭേദഗതി ചെയ്ത്, വസ്ത്ര നിർമാണ മേഖലയിലെ എന്നത് ഒഴിവാക്കി 'നിശ്ചിതകാല ജോലി' എന്നാക്കി മാത്രം മാറ്റി നിലവിലുള്ള നിയമത്തിൽ 2016 ൽ വരുത്തിയ ഭേദഗതി പ്രകാരം തൊഴിലാളിയെന്നത് 'സ്ഥിരം, പ്രൊബേഷണറീസ്, താല്ക്കാലികം, കാഷ്വൽ, അപ്രെന്റീസ്, വസ്ത്രനിർമാണ മേഖലയിലെ നിശ്ചിത

**ബിജെപി സർക്കാർ വീണ്ടും സാഹസികമായി 'നിശ്ചിതകാലജോലി' പദ്ധതി എല്ലാ മേഖലയിലും നടപ്പാക്കാനുള്ള വിജ്ഞാപനം 2015 ഏപ്രിൽ 29 ന് പുറത്തിറക്കി. താല്ക്കാലിക സ്വഭാവത്തിലുള്ള നിശ്ചിത കാല ജോലി തൊഴിൽ സുരക്ഷിതത്വം നഷ്ടപ്പെടുത്തും. മോദി സർക്കാരിന്റെ ലക്ഷ്യം കോർപറേറ്റുകൾക്ക് 'സുഗമമായി' ബിസിനസ് നടത്തുക എന്നതാണ്.**

ജോലി' എന്നതായിരുന്നു. ഇപ്പോഴത്തെ ഭേദഗതി പ്രകാരം തൊഴിലാളികളെ "സ്ഥിരം, പ്രൊബേഷണറീസ്, താല്ക്കാലികം, കാഷ്വൽ, അപ്രന്റീസ്, നിശ്ചിത കാല ജോലി' എന്നാക്കി മാറ്റി.

ചട്ടത്തിൽ നിർദേശിച്ച ഭേദഗതിയിൽ പറയുന്നത് നിശ്ചിത കാല തൊഴിലാളികൾക്ക് "ജോലി സമയം, കൂലി, ആനുകൂല്യങ്ങൾ, ഇതര നേട്ടങ്ങൾ തുടങ്ങിയവ സ്ഥിരം തൊഴിലാളികൾക്ക് ലഭിക്കുന്നതിനേക്കാൾ കുറയാൻ പാടില്ല എന്നാണ്. എന്നാൽ ഇത് ലഭിക്കുന്നത് സേവന കാലാവധിക്ക് ആനുപാതികമായിട്ടായിരിക്കും എന്നും നിശ്ചയിച്ചിട്ടുണ്ട്. നിശ്ചിത കാല തൊഴിലാളികൾ ഓരോ തവണയും ജോലിയിൽ പ്രവേശിക്കുമ്പോൾ പുതിയ തൊഴിലാളികളെ പോലെ പ്രൊബേഷൻ പൂർത്തിയാക്കുകയും വേണം. കൂടാതെ ജോലിക്ക് പുതിയതായി പ്രവേശിക്കുമ്പോഴുള്ള ശമ്പളം മാത്രമേ ലഭിക്കുകയുള്ളൂ എന്നും നിശ്ചയിച്ചിട്ടുണ്ട്.

സിഐടിയുവിനു വേണ്ടി ജനറൽ സെക്രട്ടറി നൽകിയ കത്തിൽ ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. എയർ ഇന്ത്യയുടെ സബ്സിഡിയറിയായ അലയൻസ് എയർ തൊഴിലാളികളെ റിക്രൂട്ട് ചെയ്തത് നിശ്ചിതകാല ജോലിക്കാണ്. എന്നാൽ എയർ ഇന്ത്യ സ്ഥിരം ജീവനക്കാർക്ക് നൽകുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഇവർക്ക് നൽകുന്നില്ല. ഇതിനെതിരെ നിരന്തരം കത്തെഴുതിയിട്ടും യാതൊരു പ്രതികരണവും ഉണ്ടായിട്ടില്ല. സ്ഥിരം തൊഴിലാളികൾക്ക് നൽകുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഇതര വിഭാഗം തൊഴിലാളികൾക്കും നൽകുമെന്ന് പറയുന്നതിന്റെ സ്ഥിതി ഇതിൽ നിന്നും വ്യക്തമാകുന്നതാണ്.

താല്ക്കാലിക സ്വഭാവത്തിലുള്ള നിശ്ചിതകാല ജോലി തൊഴിൽ സുരക്ഷിതത്വം നഷ്ടപ്പെടുത്തും. മോദി സർക്കാരിന്റെ ലക്ഷ്യം കോർപറേറ്റുകൾക്ക് 'സുഗമമായി' ബിസിനസ് നടത്തുക എന്നതാണ്. നിർദേശിച്ചിരിക്കുന്ന നിയമ ഭേദഗതിയെ സിഐടിയു അതിശക്തമായി എതിർക്കുന്നു. ■

(വർക്കിങ് ക്ലാസ്)

# 2017-ൽ സമ്പത്തിന്റെ 82 % കയ്യടക്കിയത് 1 % ധനാഢ്യർ: ഓക്സ്ഫാം



**2017 ൽ ഇന്ത്യയിൽ ഉദയം ചെയ്ത ശതകോടീശ്വരന്മാർ 17 പേരാണ്. അതോടെ ഇന്ത്യയിലെ ശതകോടീശ്വരന്മാരുടെ എണ്ണം 101 ആയി. 2000 ത്തിൽ ഇന്ത്യയിൽ 9 ശതകോടീശ്വരന്മാർ മാത്രമാണ് ഉണ്ടായിരുന്നത്.**

**2017-ൽ** ലോകത്ത് സൃഷ്ടിച്ച സമ്പത്തിന്റെ 82 ശതമാനവും കൈയടക്കിയത് ഒരു ശതമാനം ധനാഢ്യരാണ്. എന്നാൽ സാമ്പത്തികമായി ഏറ്റവും താഴെക്കിടയിലുള്ള 50 ശതമാനത്തിന് പുതുതായി 2017 ൽ സൃഷ്ടിക്കപ്പെട്ട സമ്പത്തിന്റെ ചെറിയ ഒരംശം പോലും ലഭിച്ചില്ല എന്നതാണ് 2018 ജനുവരി 22 ന് പ്രസിദ്ധീകരിച്ച ഓക്സ്ഫാം റിപ്പോർട്ട് കണ്ടെത്തിയത്. ഓക്സ്ഫാം കുറെ വർഷങ്ങളായി ലോക സാമ്പത്തിക ഫോറത്തിന്റെ വാർഷിക സമ്മേളനത്തിന് മുമ്പായി ലോക സമ്പത്തിന്റെ അസന്തുലിതമായ വിതരണം സംബന്ധിച്ച കണക്കുകൾ പ്രസിദ്ധീകരിക്കാറുണ്ട്. 2017 ജനുവരിയിൽ പ്രസിദ്ധീകരിച്ച ഓക്സ്ഫാം റിപ്പോർട്ടിൽ പറയുകയുണ്ടായി ലോകത്തെ ധനാഢ്യരായ 8 പേരുടെ സമ്പത്ത് ഏറ്റവും താഴേക്കിടയിലുള്ള 50 ശതമാനത്തിന്റെ സമ്പത്തിന് തുല്യമാണെന്ന്. ലോകത്തെ 99 ശതമാനം ജനങ്ങളും ജീവിക്കാൻ വേണ്ടി പാടുപെടുമ്പോൾ ഒരു ശതമാനം സമ്പത്താകെ കൈയടക്കുന്നതിന്റെ പുതിയ കണക്കുകൾ 2018 ലെ റിപ്പോർട്ട് പുറത്തുകൊണ്ടുവന്നു.

- 2010 നു ശേഷം ശതകോടീശ്വരന്മാരുടെ സമ്പത്ത് ഓരോ വർഷവും ശരാശരി 13 ശതമാനം വർധിച്ചു. ഒരു സാധാരണ തൊഴിലാളിയുടെ കൂലിയുടെ 6 ഇരട്ടി വേഗതിയിലാണ് കോടീശ്വരന്മാരുടെ സമ്പത്ത് വർധിച്ചത്. സാധാരണ തൊഴിലാളിയുടെ കൂലി ശരാശരി 2 ശതമാനം മാത്രമാണ് ഓരോ വർഷവും ഉയർന്നത്.
- മാർച്ച് 2016 നും 2017 നും ഇടയിൽ ശതകോടീശ്വരന്മാരുടെ എണ്ണം ഓരോ 2 ദിവസത്തിലും ഒന്ന് എന്ന കണക്കിൽ ഉയർന്നുകൊണ്ടിരുന്നു.
- ബംഗ്ലാദേശിലെ ഒരു ഗാർമെന്റ് ഫാക്ടറി തൊഴിലാളി ജീവിത കാലം മുഴുവൻ അധ്വാനിച്ചാൽ കിട്ടുന്ന സമ്പത്തിന് സമമാണ് ഓക്സ്ഫാം പരിശോധിച്ച പ്രധാനപ്പെട്ട ഗാർമെന്റ് ഫാക്ടറികളിലെ സിഇഒ മാരുടെ 4 ദിവസത്തെ ശമ്പളം. അമേരിക്കയിൽ ഒരു സാധാരണ തൊഴിലാളിക്ക് ഒരു വർഷം കിട്ടുന്ന കൂലിക്ക് സമമാണ്. ഒരു സിഇഒ യുടെ ഒരു ദിവസത്തെ ശരാശരി വരുമാനം.

തൊഴിലാളികളുടെ കൂലിയും സൗകര്യങ്ങളും കുറവ് ചെയ്ത് സമ്പത്താകെ ഓഹരി ഉടമകളും സിഇഒമാരും കൈയടക്കുന്ന രീതിശാസ്ത്രമാണ് ഓക്സ്ഫാം ഈ വർഷത്തെ റിപ്പോർട്ടിൽ വിശദമാക്കുന്നത്. ഈ രീതി ശാസ്ത്രത്തിൽ തൊഴിലാളികളുടെ അവകാശങ്ങൾ കവർന്നെടുക്കുന്നതും സർക്കാരിന്റെ നയരൂപീകരണത്തിൽ കോർപറേറ്റുകൾ ഇടപെടുന്നതും ഓഹരി ഉടമകളുടെ ലാഭം കൂട്ടാനും എന്തുമാർഗം സ്വീകരിച്ചും നിരന്തരമായി ചിലവു ചുരുക്കുന്നതും പെടുന്നു.

ഓക്സ്ഫാം എക്സിക്യൂട്ടീവ് ഡയറക്ടർ വിന്നി ബിയാനിവാ പറഞ്ഞത് ശതകോടീശ്വരന്മാരുടെ വളർച്ച ഒരു വളരുന്ന ചലനാത്മകമായ സമ്പദ്വ്യവസ്ഥയെയല്ല സൂചിപ്പിക്കുന്നത്. പിന്നെയോ പരാജയപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സമ്പദ്വ്യവസ്ഥയെയാണ്. നമ്മുടെ വസ്ത്രങ്ങൾ ഉല്പാദിപ്പിക്കുന്നവരും മൊബൈൽ ഫോണുകൾ അസംബിൾ ചെയ്യുന്നവരും ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കുന്നവരും ചൂഷണം ചെയ്യപ്പെടുന്നത് കുറഞ്ഞ ചിലവിൽ സാധനങ്ങൾ ഉല്പാദിപ്പിച്ച് കുത്തകകളും കുത്തകകളുടെ ലാഭം കുന്നുകൂട്ടാനാണ്. സ്ത്രീകൾ ഈ പ്രക്രിയയിൽ ഏറ്റവും ചൂഷണം

അനുഭവിക്കുന്ന വിഭാഗമാണ്. ലോകമാകെ തന്നെ സ്ത്രീകളുടെ കൂലിയും വരുമാനവും പുരുഷനെക്കാൾ കുറവാണ് എന്നാണ്. അവർക്ക് ജോലി സുരക്ഷിതത്വവും കുറവാണ്. വിയറ്റ്നാമിലെ ഗാർമെന്റ് ഫാക്ടറിയിലെ സ്ത്രീ തൊഴിലാളികൾ വളരെ കുറഞ്ഞ വേതനത്തിന് തങ്ങളുടെ കുട്ടികളെ പോലും കാണാൻ കഴിയാതെ മാസങ്ങളോളം വീടുകളിൽ നിന്നും അകന്നു കഴിയേണ്ടി വരുന്നു. അമേരിക്കയിൽ കോഴിഫാമിലെ സ്ത്രീ തൊഴിലാളികൾ ടോയിലെറ്റിൽ പോകുന്നതൊഴിവാക്കി പണിയെടുക്കാൻ നാപ്പി ഉപയോഗിക്കേണ്ടി വരുന്നു.

10 രാജ്യങ്ങളിലായി 70,000 പേരുടെ അഭിപ്രായം ആരാഞ്ഞതിൽ മൂന്നിൽ രണ്ടു പേരും അസമത്വങ്ങൾ കുറക്കേണ്ട വിഷയം അടിയന്തിരമായി കൈകാര്യം ചെയ്യേണ്ടതാണെന്ന് അഭിപ്രായപ്പെട്ടു.

ഓഹരി ഉടമകളുടെയും സിഇഒമാരുടെയും വരുമാനം നിയന്ത്രിച്ച് തൊഴിലാളികൾക്ക് മാന്യമായി ജീവിക്കാനാവശ്യമായ വേതനം ഉറപ്പാക്കണമെന്ന് ഓക്സ്ഫാം ലോകത്തെ സർക്കാരുകളോടാവശ്യപ്പെട്ടു. സ്ത്രീപുരുഷ അസമത്വങ്ങൾ ഇല്ലാതാക്കാനും സർക്കാരുകൾ ഇടപെടണം.

**2017 ൽ ഇന്ത്യയിൽ സൃഷ്ടിക്കപ്പെട്ട സമ്പത്തിന്റെ 73% കയ്യടക്കിയത് ഏറ്റവും സമ്പന്നരായ ഒരു ശതമാനം പേർ**

2017 ൽ ഇന്ത്യയിൽ സൃഷ്ടിക്കപ്പെട്ട സമ്പത്തിന്റെ 73% കയ്യടക്കിയത് ഏറ്റവും സമ്പന്നരായ ഒരു ശതമാനം പേർ എന്നാണ്. ഇന്ത്യൻ അസമത്വങ്ങളെക്കുറിച്ചുള്ള ഓക്സ്ഫാം പഠനം കണ്ടെത്തിയത് "ദി വയർ" എന്ന ഓൺലൈൻ ന്യൂസ് പറയുന്നത് ഓക്സ്ഫാമിന്റെ ഈ കണ്ടെത്തൽ 2017 ജൂലൈയിൽ ലൂക്കാസ് ചാൻസലും, തോമസും പിക്കറ്റയും പ്രസിദ്ധീകരിച്ച റിപ്പോർട്ടുകളോട് ചേർന്ന് പോകുന്നതാണെന്നാണ്. നവ ഉദരവൽക്കരണം സമ്പന്നർക്ക് കൂടുതൽ സമ്പത്ത് കയ്യടക്കാൻ അവസരം നൽകിയപ്പോൾ പാവപ്പെട്ടവന് ഉള്ളത് കൂടി നഷ്ടപ്പെടുന്ന അവസ്ഥയാണ് സൃഷിടിച്ചത്.

ലൂക്കാസ് ചാൻസലും തോമസും പിക്കറ്റിയും ചേർന്ന് "Indian Income inequality 1922-2014 from british raj to Billionaire raj? എന്ന ഒരു വർക്കിംഗ് പേപ്പർ ഗ്ലോബർ ഇനിക്വാലിറ്റി ഡേറ്റയോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുകയുണ്ടായി. ചാൻസലും പിക്കറ്റിയും പ്രസിദ്ധീകരിച്ച വർക്കിംഗ് പേപ്പർ പറയുന്നത് ഇന്ത്യയിലെ അസമത്വങ്ങൾ 1922 നു ശേഷം 2014 ൽ ചരിത്രത്തിലെ ഏറ്റവും ഉയർന്ന നിലയിലെത്തിയെന്നാണ്. ഈ പേപ്പർ കണ്ടെത്തിയത് 2014 ൽ ഇന്ത്യയിലെ സമ്പന്നരായ 10 പേർ ദേശീയ സമ്പത്തിന്റെ 50 ശതമാനവും കയ്യടക്കിയെന്നാണ്. 1930 ൽ സമ്പന്നരായ ഒരു ശതമാനം പേർ കയ്യടക്കിയിരുന്നത് 21 ശതമാനം ദേശീയ സമ്പത്തായിരുന്നു. 1950 കളിൽ അത് 6 ശതമാനമായി കുറഞ്ഞു. എന്നാൽ 2014 ൽ വീണ്ടും ഉയർന്ന് 22 ശതമാനമായി.

ഓക്സ്ഫാം റിപ്പോർട്ടിൽ പറയുന്നത് ഇന്ത്യൻ ജനസംഖ്യയുടെ പകുതിയോളം വരുന്ന 67 കോടി ജനങ്ങളുടെ സമ്പത്ത് 2017 ൽ ഉയർന്ന വെറും ഒരു ശതമാനം മാത്രമാണെന്നാണ്. 2017 ൽ ഇന്ത്യയിൽ ഒരു ശതമാനം വരുന്ന അതി സമ്പന്നരുടെ സ്വത്ത് 20.9 ലക്ഷം കോടി രൂപയായി. 2017- 18 ലെ കേന്ദ്ര സർക്കാരിന്റെ ബജറ്റിന് തുല്യമായ തുകയാണിത്. 2017 ൽ മാത്രം അതിസമ്പന്നരുടെ സമ്പത്ത് 4.89 ലക്ഷം കോടി രൂപ വർധിച്ചു. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും ആരോഗ്യ വിദ്യാഭ്യാസ ബജറ്റുകൾ കൂട്ടി ചേർത്താലുള്ള തുകയെക്കാൾ കൂടുതലാണിത്.

രാജ്യത്തെ ഒരു പ്രധാന കമ്പനിയിലെ സിഇഒ (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ) പ്രതിവർഷം വാങ്ങുന്ന ശമ്പളത്തിന് തുല്യമായ തുക സമ്പാദിക്കാൻ ഗ്രാമീണ മേഖലയിലെ മിനിമം കൂലി വാങ്ങുന്ന തൊഴിലാളി 941 വർഷം പണിയെടുക്കണം. വരുമാനത്തിലും സ്വത്തിലും സ്ത്രീ പുരുഷ അസമത്വം വളരെ പ്രകടമാണ്. ഏറ്റവും കുറഞ്ഞ ശമ്പളം ലഭിക്കുന്നതിൽ 60 ശതമാനവും സ്ത്രീകളാണ്. അതേസമയം ഉയർന്ന വരുമാനക്കാരിൽ സ്ത്രീകൾ 15 ശതമാനം മാത്രം. തൊഴിലാളികളുടെയും കർഷകരുടെയും അവകാശങ്ങൾ ഹനിക്കപ്പെടുന്നതാണ് വരുമാനത്തിലും സ്വത്തിലും ഇത്രയധികം അന്തരം വർധിക്കാൻ കാരണം.

2017 ൽ ഇന്ത്യയിൽ ഉദയം ചെയ്ത ശതകോടീശ്വരന്മാർ 17 പേരാണ്. അതോടെ ഇന്ത്യയിലെ ശതകോടീശ്വരന്മാരുടെ എണ്ണം 101 ആയി. 2000 ത്തിൽ ഇന്ത്യയിൽ 9 ശതകോടീശ്വരന്മാർ മാത്രമാണ് ഉണ്ടായിരുന്നത്. ഇന്ത്യയിലെ ഗാർമെന്റ് വ്യവസായത്തിൽ രണ്ടിൽ ഒരു തൊഴിലാളിക്ക് പോലും മിനിമം വേതനം ലഭിക്കുന്നില്ല.

ഇന്ത്യയിലെ 85 ശതമാനം ജനങ്ങളും വിചാരിക്കുന്നത് ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം വലിയ തോതിൽ ഉയർന്നിരിക്കുകയാണെന്നാണ്. ഓക്സ്ഫാം നടത്തിയ ചർച്ചയിൽ പങ്കെടുത്ത മൂന്നിൽ രണ്ടു പേരും പറഞ്ഞത് സമ്പത്തിലെ ഭീമമായ ഈ അന്തരം പരിഹരിക്കപെടേണ്ടതാണെന്നാണ്. ഏറ്റവും ഉന്നത ശ്രേണിയിലുള്ള ഒരു ശതമാനത്തിന്റെ നികുതി ഉയർത്തണം എന്നാണ് ഭൂരിപക്ഷം പേരും അഭിപ്രായപ്പെട്ടത്. മിനിമം വേതനം ഉയർത്തേണ്ടത് അസമത്വങ്ങൾ നേരിടാൻ ഒരു മാർഗമാണെന്ന് മിക്കവരും കരുതുന്നു. കാർഷിക മേഖലയിലും, കൂടുതൽ തൊഴിലാളികൾ ആവശ്യമായ മേഖലകളിലും കൂടുതൽ നിക്ഷേപം ഉണ്ടാവണം. സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണം. സാർവത്രിക വിദ്യാഭ്യാസം സൗജന്യമായി നൽകണം. തുടങ്ങിയ നിർദേശങ്ങളാണ് ധനിക ദരിദ്ര വിടവ് കുറക്കാൻ ഓക്സ്ഫാം മുന്നോട്ടു വയ്ക്കുന്നത്. ■




# ലോക സാമ്പത്തിക ഫോറം സമ്മേളനം- 2018

**നാലു ദിവസത്തെ വിവിധ സെഷനുകളിലും തലങ്ങളിലുമുള്ള ചർച്ചകൾക്കു ശേഷം പുറത്തുവിട്ട ഫോറത്തിന്റെ പ്രസ്താവന ലോക ജനതക്കു പ്രതീക്ഷയല്ല വലിയ ഭീതി യാണ് നൽകുന്നത്. ധനാഢ്യരുടെ സമ്പത്താകെ വലിയ തോതിൽ ഉയർന്നെങ്കിലും അവരുടെ ഭീതിയും അരക്ഷിത ബോധവും അതിലും മേലെ ഉയർന്നു എന്നാണ് റിപ്പോർട്ട് കാണിക്കുന്നത്. വർധിച്ചുവരുന്ന സാമൂഹിക സാമ്പത്തിക പ്രതിസന്ധി കളും യുദ്ധഭീഷണിയും അവർ നേടിയെടുത്ത സമ്പത്താകെ നശിപ്പിക്കുമോ എന്ന ഭീതിയാണ് റിപ്പോർട്ടിൽ നിറഞ്ഞു നിന്നത്.**

**ലോക** സാമ്പത്തിക ഫോറത്തിന്റെ ഈ വർഷത്തെ സമ്മേളനം ജനുവരി 23 മുതൽ ജനുവരി 26 വരെ സിറ്റ്സർലന്റിലെ സുഖവാസ കേന്ദ്രമായ ഡാവോസിൽ നടന്നു. ലോക സാമ്പത്തിക ഫോറത്തിന്റെ സമ്മേളനം എല്ലാവർഷവും ജനുവരിയിൽ ഡാവോസിലാണ് ചേരുന്നത്. അടുത്ത വർഷത്തെ സമ്മേളനം ജനുവരി 22 മുതൽ 25 വരെയാണ് നടക്കുന്നത്. ലോകത്തിലെ പ്രധാനപ്പെട്ട രാഷ്ട്രീയ നേതാക്കന്മാരും ബാങ്ക് മേധാവികളും കമ്പനി സിഇഒമാരും ഗവണ്മെന്റ് ഒഫിഷ്യൽസും ഹെഡ്ജ് ഫണ്ടുകളുടെ സീനിയർ മാനേജർമാരും ഉൾപ്പെടെ ഇന്ന് ലോകത്തിന്റെ അധികാരവും സമ്പത്തും കയ്യാളുന്ന ഏകദേശം 3000 ത്തോളം പേർ ഈ സമ്മേളനത്തിൽ അണിനിരക്കും. 55000 ഡോളറാണ് സമ്മേളനത്തിന്റെ രജിസ്ട്രേഷൻ ഫീസ് (ഏകദേശം 3,64,000 രൂപ). ഈ വർഷം 400 ലധികം സെഷനുകളിലായി സാമ്പത്തികവും സൈനികവും സാമൂഹികവും സാങ്കേതികവുമായ നാനാവിഷയങ്ങൾ ലോക സാമ്പത്തിക ഫോറം ചർച്ച ചെയ്തു.

നാലു ദിവസത്തെ വിവിധ സെഷനുകളിലും തലങ്ങളിലുമുള്ള ചർച്ചകൾക്കു ശേഷം പുറത്തുവിട്ട ഫോറത്തിന്റെ പ്രസ്താവന ലോക ജനതക്കു പ്രതീക്ഷയല്ല വലിയ ഭീതിയാണ് നൽകുന്നത്. ധനാഢ്യരുടെ സമ്പത്താകെ വലിയ തോതിൽ ഉയർന്നെങ്കിലും അവരുടെ ഭീതിയും അരക്ഷിത ബോധവും സമ്പത്തിലേക്കാളും ഉയർന്നു എന്നാണ് റിപ്പോർട്ട് കാണിക്കുന്നത്. വർധിച്ചുവരുന്ന സാമൂഹിക സാമ്പത്തിക പ്രതിസന്ധികളും

യുദ്ധഭീഷണിയും അവർ നേടിയെടുത്ത സമ്പത്താകെ നശിപ്പിക്കുമോ എന്ന ഭീതിയാണ് റിപ്പോർട്ടിൽ നിറഞ്ഞു നിന്നത്. അടുത്ത കാലത്തായി ലോക സാമ്പത്തിക ഫോറം അവരുടെ വാർഷിക സമ്മേളനത്തോടനുബന്ധിച്ച് ഒരു 'Global Risks Report' (ലോകം നേരിടുന്ന അപകട സാധ്യതാ റിപ്പോർട്ട്) പ്രസിദ്ധീകരിക്കാറുണ്ട്. ആ റിപ്പോർട്ടിന്റെ ഈ വർഷത്തെ തലക്കെട്ടു തന്നെ നിരാശാജനകമാണ്. "വിള്ളലുകൾ, ഭയം, പരാജയങ്ങൾ (Fractures, Fears and failures) എന്നാണ് ഈ വർഷത്തെ റിപ്പോർട്ടിന്റെ തലക്കെട്ട്. കഴിഞ്ഞ വർഷത്തെ Global risk report ന്റെ തലക്കെട്ട് "Fundamental reforms to market capiralism" (കമ്പോള മുതലാളിത്തത്തിന്റെ അടിസ്ഥാനപരമായ പരിഷ്കരണം) എന്നായിരുന്നു. ഉയർന്നു കൊണ്ടിരിക്കുന്ന അസമത്വങ്ങളും സാമൂഹിക അസ്വസ്ഥതകളും കമ്പോള മുതലാളിത്തത്തിന്റെ സമഗ്ര പരിഷ്കരണം ആവശ്യപെടുന്നുണ്ട് എന്നായിരുന്നു റിപ്പോർട്ടിലെ കേന്ദ്ര ആശയം. ഈ അന്തരീക്ഷത്തിൽ രാജ്യങ്ങൾക്കുള്ളിലും രാജ്യങ്ങൾ തമ്മിലും കൂടുതൽ സഹകരണവും സഹവർത്തിത്വവും വേണം എന്നും 2017 ലെ റിപ്പോർട്ടാവശ്യപ്പെട്ടു. 2018 ലെ ഗ്ലോബൽ റിസ്ക് റിപ്പോർട്ടിൽ പറയുന്നത് ഒരു വർഷത്തിനു ശേഷം പരിശോധിക്കുമ്പോൾ ലോക അന്തരീക്ഷം അടിയന്തിരമായി കൂടുതൽ ശ്രദ്ധ ആവശ്യപ്പെടുന്ന സ്ഥിതിയിലാണെന്നാണ്. 2017 ൽ സാമ്പത്തിക രംഗത്ത് ചെറിയ പ്രതീക്ഷ ഉയർന്നിട്ടുണ്ടെങ്കിലും സ്ഥിതിഗതികൾ കൂടുതൽ അനിശ്ചിതത്വത്തിലും അസ്ഥിരതയിലും ഉറപ്പില്ലാത്ത അവസ്ഥയിലുമാണ്. ലോക സാമ്പത്തിക ഫോറം എല്ലാ വർഷവും ആഗോള വെല്ലുവിളികളെയും അപകടങ്ങളെയും സംബന്ധിച്ച ധാരണകളെക്കുറിച്ച് ഒരു സർവെ നടത്താറുണ്ട്. (Global risks perceptian survey- GRPS) ഈ വർഷം നടത്തിയ സർവെ പറയുന്നത് ജനങ്ങൾ കൂടുതൽ അശുഭാപ്തി വിശ്വാസത്തിലാണെന്നാണ്. 2018 അപകട സാധ്യതകളും അനിശ്ചിതത്വങ്ങളും കുറയുമോ എന്ന ചോദ്യത്തിന് 7% പേർ മാത്രമാണ് കുറയും എന്ന് പ്രതികരിച്ചത്. 59% പേരും പ്രതികരിച്ചത് കൂടും എന്നാണ്. നാലു വിഷയങ്ങളാണ് 2018 ലെ റിപ്പോർട്ട് പ്രധാനമായും പരിശോധിച്ചത് 1. സ്ഥായിയായ അസമത്വങ്ങളും അനീതിയും. 2. ആഭ്യന്തരവും അന്തർദേശീയവുമായ സംഘർഷങ്ങൾ. 3. പാരിസ്ഥിതിക അപകടാവസ്ഥ. 4. ഇന്റർനെറ്റ് തുടങ്ങിയ ആധുനിക സംവിധാനങ്ങൾക്കുള്ള ഭീഷണി (cyber Security threats)

**അസമത്വങ്ങളും അനീതിയും വർധിക്കുന്നു.**

ആഗോള തലത്തിൽ സ്ഥായിയായ അസമത്വങ്ങളും അനീതിയും വർധിച്ചുവരുന്നു എന്നാണ് ഗ്ലോബൽ റിസ്ക് റിപ്പോർട്ടിന്റെ വിലയിരുത്തൽ. ഐഎംഎഫിന്റെ പഠനം തന്നെ പറയുന്നത് കഴിഞ്ഞ മൂന്നു ദശകത്തിൽ ലോകത്തെ 83 രാജ്യങ്ങളിൽ അസമത്വങ്ങൾ ഉയർന്നു എന്നാണ്. ഇത് കൂടുതലും സംഭവിച്ചത് വികസിത രാജ്യങ്ങളിലാണ്. ഉയരുന്ന ഈ അസമത്വം ഇല്ലാത്തവൻ കൂടുതൽ ഇല്ലാതാവുന്നതും ഉള്ളവർ കൂടുതൽ ഉള്ളവനുമാകുന്ന അവസ്ഥ വലിയ തോതിലുള്ള ദീർഘകാല പ്രശ്നങ്ങൾക്കു കാരണമാകും. വ്യക്തിഗത കടബാധ്യത ഉയരും. പെൻഷൻ കുറഞ്ഞുവരും, ഭാവിയിലേക്കു മിച്ചം പിടിക്കാൻ കഴിയാതെ വരും. ഈ കാരണങ്ങൾ കൊണ്ട് ജനങ്ങൾ നിരാശയിലും ഇച്ഛാഭംഗത്തിലും പെടും. ഇത് സാമൂഹികമായ അസ്വസ്ഥതകൾക്കും കാരണമാകും. 2018 ജനുവരിയിൽ പ്രസിദ്ധീകരിച്ച ഓക്സ്ഫാമിന്റെ റിപ്പോർട്ട് പറയുന്നത് 2017 ൽ ലോകത്ത് സൃഷ്ടിച്ച സമ്പത്തിന്റെ 82% കയ്യടക്കിയത് ധനാഢ്യരായ 1% ആൾക്കാരാണ് എന്നാണ്. ഏറ്റവും താഴെക്കിടയിലുള്ള 50% ജനവിഭാഗത്തിന് ഒന്നും തന്നെ ലഭിച്ചില്ല. ഇതിൽ നിന്നും മറ്റൊരനുമാനത്തിലെത്താൻ നമുക്കു കഴിയും. കൂടുതലായി ഉല്പാദിപ്പിക്കപ്പെട്ട സമ്പത്തിന്റെ ഒരു പങ്കും അതു സൃഷ്ടിച്ച തൊഴിലാളികൾക്കു ലഭിച്ചില്ല എന്നത്.

സാമൂഹ്യനീതിയുടെ രംഗത്ത് ഗ്ലോബൽ റിസ്ക് റിപ്പോർട്ട് കൈകാര്യം ചെയ്ത ഒരു പ്രധാന വിഷയം ലിംഗനീതിയുടേതാണ്. 2006 മുതലാണ് ആഗോള സാമ്പത്തിക ഫോറം ഈ വിഷയം ശ്രദ്ധിക്കാനും പഠിക്കാനും തുടങ്ങിയത്. 2006 നു ശേഷം ആദ്യമായി 2017 ൽ ലിംഗ നീതിയിൽ കുറവു വന്നതായി റിപ്പോർട്ടു രേഖപ്പെടുത്തുന്നു. പുരുഷനും സ്ത്രീയും തമ്മിൽ ആരോഗ്യം വിദ്യാഭ്യാസം രാഷ്ട്രീയം ജോലിസ്ഥലം എന്നീ രംഗങ്ങളിലെല്ലാം അസമത്വം 2017 ൽ ഉയർന്നു. ലൈംഗിക പീഢനങ്ങളും ഉയരുന്ന പ്രവണതയാണ് കാണിക്കുന്നത്.

**ആഗോള സംഘർഷങ്ങൾ ഉയരും**

ആഗോള സംഘർഷങ്ങൾ ഉയരും എന്നാണ് റിസ്ക് സർവെയിൽ പങ്കെടുത്ത 93% പേരും പ്രതികരിച്ചത്. വൻശക്തികൾ തമ്മിലുള്ള സംഘർഷങ്ങൾ രാഷ്ട്രീയവും സാമൂഹികവുമായ സംഘർഷങ്ങൾ, രാജ്യങ്ങൾക്കകത്തു തന്നെയുള്ള വിവിധ ജനവിഭാഗങ്ങൾ തമ്മിലുള്ള സംഘർഷങ്ങൾ എല്ലാം ഉയരും എന്നാണ് റിപ്പോർട്ടിന്റെ അനുമാനം. വിവിധ രാജ്യങ്ങൾ തമ്മിൽ ഒപ്പു വച്ച കരാറുകൾ പാലിക്കാത്തതും കരാറുകളിൽ നിന്നും പിൻമാറുന്നതും സംഘർഷങ്ങൾ ഉയരാൻ കാരണമാവുന്നു. ട്രാൻസ് പസഫിക് കരാറിൽ നിന്നും (Trans Pacififc partnership agreement) കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച പാരീസ് ഉടമ്പടിയിൽ നിന്നുള്ള അമേരിക്കയുടെ പിൻമാറ്റവും ഉദാഹരണമാണ്. ഓരോ രാജ്യവും അവരവരുടെ വ്യാപാര താല്പര്യങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കുന്നത് സംഘർഷങ്ങൾക്കു വഴിവെക്കും എന്നു മാത്രമല്ല ലോക വ്യാപാര സംഘടനയെ തന്നെ പ്രതിസന്ധിയിലാക്കും എന്നും റിപ്പോർട്ടു പറയുന്നു. അമേരിക്ക ലോക വ്യാപാര സംഘടനയുടെ അപ്പലേറ്റ് അതോറിറ്റിയിലേക്കുള്ള നിയമനങ്ങൾക്കു

തന്നെ തടസം നിൽക്കുന്ന സ്ഥിതിയാണ്.

**പാരിസ്ഥിതിക പ്രശ്നങ്ങൾ വഷളാകുന്നു.**

കാലാവസ്ഥയുടെ തീവ്രത പ്രത്യേകിച്ച് ചൂട് കൂടിക്കൊണ്ടിരിക്കുന്നത് വലിയ അങ്കലാപ്പുളവാക്കുന്ന സ്ഥിതിയാണുള്ളത്. വായുമലിനീകരണം, സസ്യ-ജീവജാലങ്ങളുടെ നാശം, മണ്ണിന്റെയും ജലത്തിന്റെയും മലിനീകരണം എല്ലാം ഭീതിദായകമായ സ്ഥിതിയിലേക്കെത്തിക്കൊണ്ടിരിക്കുകയാണ്. വെള്ളത്തിന്റെ ദൗർലഭ്യം മൂലമുള്ള കുടിയേറ്റങ്ങൾ, പ്രകൃതിക്ഷോഭം മൂലം വളരെ വിലപിടിപ്പുള്ള നിർണായകമായ റോഡ്, പാലം തുടങ്ങി നാനാതരം അടിസ്ഥാന സൗകര്യങ്ങൾ നശിക്കുകയും ചെയ്യുന്നുണ്ട്. 2017 ചരിത്രത്തിലെ ഏറ്റവും ചൂടു കൂടിയ മൂന്നു വർഷങ്ങളിലൊന്നാണ്. ലോകത്തിലെ 90% ജനങ്ങളും ശ്വസിക്കുന്നത് മലിനമായ വായുവാണ്. പാരിസ്ഥിതിക പ്രശ്നങ്ങൾ മനുഷ്യനുൾപ്പെടെയുള്ള ജീവജാലങ്ങളുടെ നിലനിൽപു തന്നെ ചോദ്യം ചെയ്യുന്ന സ്ഥിതിയിലാണ്.

**സൈബർ സുരക്ഷിതത്വ ഭീഷണികൾ**

2017 ൽ സൈബർ സുരക്ഷ കൂടുതൽ അപകടത്തിലാണെന്നാണ് റിസ്ക് റിപ്പോർട്ട് കണ്ടെത്തിയിട്ടുള്ളത്.

കഴിഞ്ഞ വർഷത്തെ സർവെയിൽ സൈബർ സുരക്ഷ സംബന്ധിച്ച് ശുഭ പ്രതീക്ഷയാണ് സർവെയിൽ പങ്കെടുത്തവർ പ്രകടിപ്പിച്ചത്. എന്നാൽ ഈ വർഷം സൈബർ സുരക്ഷയെക്കുറിച്ച് വലിയ പ്രതീക്ഷ റിപ്പോർട്ട് വച്ചു പുലർത്തുന്നില്ല. 2012 മുതൽ 2017 വരെയുള്ള കാലയളവിൽ സൈബർ രംഗത്തുള്ള ഭീഷണി ഇരട്ടിയായതായാണ് റിപ്പോർട്ട് പറയുന്നത്. 2016 ൽ മാത്രം 357 മില്യൻ പുതിയ "മാൽവെയറുകൾ" ഇന്റർനെറ്റിലേക്ക് റിലീസ് ചെയ്യപ്പെട്ടു എന്നാണ് കണക്കാക്കപ്പെടുന്നത്. (ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ചോർത്താൻ കഴിയുന്ന "ബാങ്കിംഗ് ട്രോജൻസ്" (banking trojens) 500 ഡോളറിനു പോലും ലഭ്യമാണ്. ഇന്ന് ലോകത്തെ ഊർജം, റെയിൽ, വിമാന സർവീസുകൾ, ബാങ്കിംഗ് എല്ലാം ഡിജിറ്റൽ ടെക്നോളജിയെ ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്. ഈ സംവിധാനത്തിനു നേരെ ഉയരുന്ന ഭീഷണികൾക്ക് വലിയ വില നൽകേണ്ടി വരും.

# വളരുന്ന പ്രതിരോധങ്ങൾ

ഉയർന്നുകൊണ്ടിരിക്കുന്ന അസമത്വങ്ങൾക്കും അനീതികൾക്കുമെതിരെ തൊഴിലാളികളുടെയും ജനങ്ങളുടെയും സമരങ്ങളും പ്രതിഷേധങ്ങളും ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ ഉയരുന്നുണ്ട്.

1984 നു ശേഷം ജർമൻ ഐജി മെറ്റൽ യൂണിയൻ (IG Metall) ജർമൻ വ്യാവസായിക മേഖലയിൽ നടത്തിയ ഏറ്റവും വലിയ സമരമാണ് 2018 ജനുവരി 10-ാം തീയതിയും ജനവരി 31-ാം തീയതിയും നടന്നത്. ഐജി മെറ്റലിന്റെ അംഗബലം 39 ലക്ഷമാണ്. ഐജി മെറ്റലാണ് ജർമനിയിലെ ഏറ്റവും വലിയ യൂണിയൻ. ബിഎംഡബ്ല്യൂ, ബെൻസ്, വോൾസ് വാഗൻ തുടങ്ങി പ്രധാനപ്പെട്ട മോട്ടോർ കമ്പനികളുൾപ്പെടെ അനേകം വ്യവസായങ്ങളിലായി 1,60,000 ത്തിലധികം പേർ സമരത്തിലണിനിരന്നു. 8% വേതന വർധനവ് കുറഞ്ഞ ജോലി സമയം തുടങ്ങിയവയാണ് പ്രധാന ഡിമാന്റുകൾ.

"അറബ് വസന്ത" സമരം തുടങ്ങിയ ടുണീഷ്യയിൽ 2018 ജനുവരി 10, 11 തീയതികളിലും തുടർന്നു വലിയ സമരങ്ങളും ശക്തമായ പ്രതിഷേധങ്ങളുമാണുയരുന്നത്. ഉയരുന്ന നികുതി, വിലക്കയറ്റം കുറഞ്ഞുകൊണ്ടിരിക്കുന്ന വേതനം എല്ലാ തൊഴിലാളികളെയും ജനങ്ങളെയും രോഷാകുലരാക്കി. പോലീസ് വെടിവെപ്പിൽ ഒരാൾ മരിച്ചത് സമരം കുറെയൊക്കെ ആക്രമാസക്തമാക്കാനും കാരണമായി. പ്രതിഷേധങ്ങളും സമരങ്ങളും ഇപ്പോഴും പല രൂപത്തിൽ തുടരുകയാണ്.

ഇറാനിൽ 2017 ഡിസംബർ അവസാനം തുടങ്ങിയ പ്രക്ഷോഭങ്ങളിൽ 10 ലധികം പേർ മരണമടയുകയും അനേകർക്കു പരിക്കേൽക്കുകയും നൂറുകണക്കിനു പേരെ ജയിലിലിടുകയും ചെയ്തു. ജനുവരി മാസത്തിൽ ഇറാനിലെ ഓയിൽ കമ്പനികളെലും, ട്രാൻസ്പോർട്ടേഷൻ കമ്പനികളിലും റെയിൽവെ റോഡ് രംഗങ്ങളിലെയും മുനിസിപ്പാലിറ്റിയിലും എല്ലാം തൊഴിലാളികൾ സമരം നടത്തി. റിട്ടയേർ അധ്യാപകരും സമരത്തിലാണ്. നാനാ മേഖലകളിലെ തൊഴിലാളികൾ കുടിശികയായ വേതനത്തിനും റിട്ടയേറായവർ പെൻഷനും വേണ്ടിയാണ് സമരം നടത്തുന്നത്.

ലോകത്തിന്റെ വിവിധ പ്രദേശങ്ങളിൽ വിവിധ രൂപത്തിൽ സമരങ്ങൾ അരങ്ങേറുന്നുണ്ട്. നിരാലംബരും അസ്വസ്ഥരുമായ ജനവിഭാഗങ്ങളുടെ സമരത്തിന് ഒരു ദിശാബോധവും ലക്ഷ്യവും നൽകാൻ എങ്ങനെ കഴിയും എന്നതാണ് വെല്ലുവിളി. അത് കഴിയാതെ വരുമ്പോൾ പലപ്പോഴും അവർ വലതുപക്ഷ തീവ്രവാദ പാതകളിലെത്തും.

# ആഗോള ഓഹരി വിപണിയിൽ തകർച്ച
## ഇന്ത്യയിലും ഇടിവ്



**2018 ഫെബ്രുവരി 2-ാം തീയതി വെള്ളിയാഴ്ച ആഗോള ഓഹരി കമ്പോളമാകെ കുലുങ്ങി വിറച്ചു. ഓഹരി കമ്പോള ഭാഷയിൽ പറഞ്ഞാൽ രക്തത്തിൽ കുളിച്ചു (Blood bath). ഇന്ത്യൻ ഓഹരിക്കമ്പോളത്തിൽ ഫെബ്രുവരി രണ്ടാം തീയതി ഒറ്റ ദിവസം ഒലിച്ചു പോയത് 4.6 ലക്ഷം കോടി രൂപയാണ്. അമേരിക്കൻ ഓഹരി കമ്പോളത്തിൽ ഒഴുകി പോയത് 10 ലക്ഷം കോടി ഡോളറിലധികമാണ്. ഫെബ്രുവരി 12-ാം തീയതി ഈ കുറിപ്പെഴുതുന്നതുവരെ ഓഹരിക്കമ്പോളങ്ങളിലെ കനത്ത ചാഞ്ചാട്ടങ്ങൾ തുടരുകയാണ്.**

**2018** ഫെബ്രുവരി 2-ാം തീയതി വെള്ളിയാഴ്ച ആഗോള ഓഹരി കമ്പോളമാകെ കുലുങ്ങി വിറച്ചു. ഓഹരി കമ്പോള ഭാഷയിൽ പറഞ്ഞാൽ രക്തത്തിൽ കുളിച്ചു (Blood bath). അമേരിക്കൻ ഓഹരി കമ്പോള സൂചികയായ ഡൗ ജോൺസ് ഇന്റസ്ട്രിയൽ ശരാശരി സൂചിക 665 പോയിന്റ് ഇടിഞ്ഞു. 2.54 % ഇടിവ്. ജൂൺ 2016 നു ശേഷമുണ്ടായ ഏറ്റവും വലിയ ഇടിവ്. യൂറോപ്യൻ ഏഷ്യൻ കമ്പോളങ്ങളിലും വലിയ ഇടിവുണ്ടായി. ഇന്ത്യൻ ബിഎസ്ഇ ഇൻഡക്സ് ഇടിഞ്ഞത് 839.91 പോയിന്റാണ്, 2.34%. 2015 ആഗസ്റ്റ് 24 നു ശേഷമുണ്ടായ ഏറ്റവും വലിയ ഇടിവാണിത്. ഇന്ത്യൻ ഓഹരി വില ഇടിയാൻ അരുൺ ജയ്റ്റ്ലി ഫെബ്രുവരി ഒന്നാം തീയതി അവതരിപ്പിച്ച ബഡ്ജറ്റിലെ ദീർഘകാല ക്യാപ്പിറ്റൽ ഗയിൻസ് നികുതിയും കാരണമായെന്നാണ് വിദഗ്ധരുടെ അഭിപ്രായം (Long term capital gains tax) ഇന്ത്യൻ ഓഹരിക്കമ്പോളത്തിൽ ഫെബ്രുവരി രണ്ടാം തീയതി ഒറ്റ ദിവസം ഒലിച്ചു പോയത് 4.6 ലക്ഷം കോടി രൂപയാണ്. അമേരിക്കൻ ഓഹരി കമ്പോളത്തിൽ ഒഴുകി പോയത് 10 ലക്ഷം കോടി ഡോളറിലധികമാണ്. ഫെബ്രുവരി 12-ാം തീയതി ഈ കുറപ്പെഴുതുന്നതുവരെ ഓഹരിക്കമ്പോളങ്ങളിലെ കനത്ത ചാഞ്ചാട്ടങ്ങൾ തുടരുകയാണ്.

തൊഴിലാളികളുടെ വേതനം വർധിക്കാനുള്ള പ്രവണത കാണിച്ചതാണ് യുഎസ് ഓഹരി വിപണി ഇടിവ് രേഖപ്പെടുത്തിയത് എന്നാണ് നിഗമനമെന്നതാണ് ഏറ്റവും രസകരം. തൊഴിലാളികളുടെ വേതനം അമേരിക്കയിൽ കഴിഞ്ഞ വർഷം

# ഏച്ചൂർ സർവീസ് സഹകരണ ബാങ്ക്

**ക്ലിപ്തം നമ്പർ എൽ എൽ 75, ഹെഡ് ഓഫീസ്- ഏച്ചൂർ,**
**ഫോൺ 2857304, Email: aechoorbank@gmail.com**

Class I Special Grade

**ബ്രാഞ്ചുകൾ:**

| | |
|---|---|
| ഏച്ചൂർ മെയിൻ | 2857304 |
| പടന്നോട്ട് മൊട്ട | 2790304 |
| കാനച്ചേരി | 2790430 |
| ഏച്ചൂർ സായാഹ്ന ശാഖ | 2857406 |
| മൂണ്ടേരി മൊട്ട സായാഹ്ന ശാഖ | 2792460 |

**സഹകരണ നിക്ഷേപം**
**നവകേരള നിർമിതിക്ക്**

**നിക്ഷേപ പദ്ധതികൾ**
സ്ഥിരം നിക്ഷേപം
റിക്കറിംഗ് നിക്ഷേപം
സേവിംഗ് നിക്ഷേപം

**വിവിധയിനം വായ്പാ പദ്ധതികൾ**
വാഹന വായ്പ
ഭവന നിർമാണ വായ്പ
വസ്തു പണയ വായ്പ
പലിശരഹിത കാർഷിക വായ്പ
സ്വർണ പണയ വായ്പ

- **വ്യക്തികൾക്ക് 40 ലക്ഷം രൂപ വരെ വായ്പ**
- **നിക്ഷേപങ്ങൾക്ക് ഇൻഷുറൻസ് സംരക്ഷണം**
- **മെമ്പർമാർക്ക് അപകട മരണ ഇൻഷുറൻസ്**
- **വായ്പക്ക് 1,50,000 രൂപ വരെ റിസ്ക് ഫണ്ട് ആനുകൂല്യം.**

**ടി സി രാജഗോപാലൻ**
പ്രസിഡന്റ്

**രമേഷ് ബാബു എം.**
സെക്രട്ടറി ഇൻ ചാർജ്

# വേങ്ങാട് സർവീസ് സഹകരണ ബേങ്ക്

**പി ഒ വേങ്ങാട്, കണ്ണൂർ ജില്ല- 670612**
**ഹെഡ് ഓഫീസ് വേങ്ങാട്- 0490 2308446**
**Email: thevengadscb@gmail.com**

**ബ്രാഞ്ചുകൾ**
**കല്ലായി ശാഖ, ചെറിയ വളപ്പ്, വേങ്ങാട് അങ്ങാടി ശാഖ, വേങ്ങാട് മൊട്ട**

**കെ പത്മനാഭൻ മാസ്റ്റർ**
പ്രസിഡന്റ്

**എം വിമല**
സെക്രട്ടറി

**ന്യൂയോർക്ക് ടൈംസ് എഴുതിയത് ഇങ്ങിനെയാണ് "ഓഹരി കമ്പോളത്തിലെ പെട്ടെന്നുള്ള തകർച്ചക്കു കാരണം തൊഴിൽ റിപ്പോർട്ടാണ്- തൊഴിൽ റിപ്പോർട്ട് കാണിക്കുന്നത് വളരുന്ന അമേരിക്കൻ സമ്പദ് വ്യവസ്ഥയിൽ കൂലി ഉയരാൻ സാധ്യതയുണ്ടെന്നാണ്. കൂലി ഉയരുന്നത് വിലക്കയറ്റത്തിനും കാരണമാകും"- ഓഹരി കമ്പോള താല്പര്യങ്ങളും തൊഴിലാളികളുടെയും ഒരു രാജ്യത്തിന്റെ യഥാർത്ഥ സമ്പദ് വ്യവസ്ഥയുടെയും താല്പര്യങ്ങൾ പരസ്പര വിരുദ്ധമാണെന്ന് ഇതിൽ നിന്നും വ്യക്തം.**

2.9 ശതമാനം വർധിച്ചതായി റിപ്പോർട്ടു വന്നു. തൊഴിലാളികളുടെ വേതനം വർധിച്ചാൽ മുതലാളിമാരുടെ ലാഭം കുറയും. കൂടാതെ തൊഴിലാളികൾ കൂടുതൽ ഉപഭോഗം ചെയ്യുമ്പോൾ വിലക്കയറ്റമുണ്ടാകും. വിലക്കയറ്റമുണ്ടാകുന്നത് പിടിച്ചു നിർത്താൻ അമേരിക്കൻ ഫെഡറൽ റിസർവ് പലിശ നിരക്കുയർത്തും. പലിശ നിരക്കുയരുന്നത് പണ ലഭ്യത കുറക്കുകയും മുതലാളിമാരുടെ ലാഭം കുറയുകയും ചെയ്യും. ഇത്തരത്തിലാണ് ഓഹരി കമ്പോളത്തിലെ ഊഹക്കച്ചവടക്കാരുടെ കണക്കുകൂട്ടലുകൾ പോകുന്നത്. ഓഹരി കമ്പോള താല്പര്യങ്ങളും തൊഴിലാളികളുടെയും ഒരു രാജ്യത്തിന്റെ യഥാർത്ഥ സമ്പദ് വ്യവസ്ഥയുടെയും താല്പര്യങ്ങൾ പരസ്പര വിരുദ്ധമാണെന്ന് ഇതിൽ നിന്നും വ്യക്തം.

**കാരണം തൊഴിൽസമരങ്ങളും**

യൂറോപ്പിലെയും അമേരിക്കയിലെയും തൊഴിലാളികൾ സമരത്തിനും പ്രതിരോധങ്ങൾക്കും തയാറാകുന്നതും ഓഹരി വിപണി ആശങ്കയോടെയാണ് കാണുന്നത്. ജർമനിയിൽ കഴിഞ്ഞ മുപ്പതു വർഷങ്ങൾക്കിടയിലുണ്ടായ ഏറ്റവും വലിയ തൊഴിലാളി സമരങ്ങളാണ് ജനുവരിയിൽ നടന്നത്. ചിലവു ചുരുക്കൽ നടപടികൾ തുടർന്നു കൊണ്ടു പോകാൻ കഴിയാത്ത സാഹചര്യം വികസിച്ചു വരുകയാണ്. ഈ സമരങ്ങൾക്ക് മെർക്കലിന്റെ നേതൃത്വത്തിൽ ഗവണ്മെന്റുണ്ടാക്കാൻ വേണ്ടി സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയുമായുള്ള (എസ്ഡിപി) ക്രിസ്ത്യൻ ഡെമോക്രാറ്റിക് യൂണിയൻ പാർടിയുടെ (സിപിയു) ചർച്ചകളെയും സ്വാധീനിക്കാൻ കഴിഞ്ഞു. ജർമൻ സമരങ്ങളിൽ നിന്നും ആവേശമുൾക്കൊണ്ട് ഗ്രീസിലെ തൊഴിലാളികൾ, കിഴക്കൻ യൂറോപ്പിലെ മോട്ടോർ മേഖലയിലെ തൊഴിലാളികൾ, ബ്രിട്ടനിലെ റെയിൽവെ തൊഴിലാളികൾ എല്ലാം ജനുവരി- ഫെബ്രുവരി മാസങ്ങളിൽ സമരത്തിനിറങ്ങി. ഇതു കൂടാതെ ഇറാനിലും ടുണീഷ്യയിലും തൊഴിലാളികളും ജനങ്ങളും വലിയ പ്രക്ഷോഭത്തിലാണ്.



ന്യൂയോർക്ക് ടൈംസ് എഴുതിയത് ഇങ്ങിനെയാണ് "ഓഹരി കമ്പോളത്തിലെ പെട്ടെന്നുള്ള തകർച്ചക്കു കാരണം തൊഴിൽ റിപ്പോർട്ടാണ്- തൊഴിൽ റിപ്പോർട്ട് കാണിക്കുന്നത് വളരുന്ന അമേരിക്കൻ സമ്പദ് വ്യവസ്ഥയിൽ കൂലി ഉയരാൻ സാധ്യതയുണ്ടെന്നാണ്. കൂലി ഉയരുന്നത് വിലക്കയറ്റത്തിനും കാരണമാകും" ആഗോള ഓഹരി വിപണിയുടെ തകർച്ചക്ക് മറ്റു ചില വിഷയങ്ങളും കാരണമായി.

1. കൂടിവരുന്ന രാഷ്ട്രീയവും- സാമ്പത്തികവുമായ സംഘർഷങ്ങൾ- ട്രംമ്പിന്റെ "അമേരിക്ക മുന്നിൽ" (America first) നയം ദേശീയതയും സൈനികവൽക്കരണവും ഉയരാൻ കാരണമാകുന്നു. ഇത് കൂടുതൽ യുദ്ധങ്ങൾക്കും വ്യാപാര യുദ്ധങ്ങൾക്കും വഴി തെളിക്കും.

2. അമേരിക്കയിലെയും യൂറോപ്പിലെയും രാഷ്ട്രീയ അനിശ്ചിതത്വങ്ങൾ- അമേരിക്കയിലെ ഭരണവർഗങ്ങൾ തമ്മിൽ ട്രംമ്പ് അധികാരത്തിൽ വന്ന ശേഷം രാഷ്ട്രീയ സംഘർഷങ്ങൾ രൂക്ഷമാണ്. യുഎസ് ട്രഷറി അഭിപ്രായ വ്യത്യാസങ്ങൾ മൂലം മൂന്ന് ദിവസം ജനുവരി മൂന്നാം വാരം പൂർണമായി അടഞ്ഞു കിടന്നു. ജർമനിയിൽ പൊതു തെരഞ്ഞെടുപ്പിനു ശേഷം അഞ്ചു മാസമായിട്ടും ഒരു സർക്കാരുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ബ്രെക്സിറ്റിന്റെ പേരിൽ ബ്രിട്ടനിൽ തർക്കങ്ങൾ രൂക്ഷമാണ്.

3. ഉയർന്നുകൊണ്ടിരിക്കുന്ന സർക്കാരുകളുടെയും കുത്തകകളുടെയും കടം- കടത്തിന്റെ പലിശ ഉയരും എന്ന സൂചന തന്നെ കമ്പോളങ്ങൾക്കു ഭീഷണിയാണ്. 2009 നു ശേഷം അമേരിക്കൻ ഗവണ്മെന്റും ഫെഡറൽ റിസർവും ഏതാണ്ട് പലിശ രഹിത വായ്പ നൽകിയാണ് ബാങ്കുകളെയും ഹെഡ്ജ് ഫണ്ടുകളെയും കുത്തകകളെയും രക്ഷിച്ചുവന്നത്. "ക്വാണ്ടിറ്റേറ്റീവ് ഈസിംഗ്" എന്ന പേരിലാണ് ഇത് നടപ്പാക്കി വന്നത്. ഇതിന്റെ ഭാരമാകെ ചിലവു ചുരുക്കലിന്റെ പേരിൽ തൊഴിലാളികളുടെ മേൽ കെട്ടിവയ്ക്കുകയായിരുന്നു. ഈ സംവിധാനവും രീതിയും ഇനിയും തുടരാൻ കഴിയില്ല എന്നാണ് ആഗോള രാഷ്ട്രീയ സാമൂഹ്യ രംഗത്തെ സൂചനകൾ. ഇത് മുതലാളിമാർക്കും കമ്പോളത്തിനും അങ്കലാപ്പുണ്ടാക്കുന്നു.■

# പഞ്ചാബ് നാഷണൽ ബാങ്ക് തട്ടിപ്പ്



**താഴെ തട്ടിലെ ചില ഉദ്യോഗസ്ഥരെ മാത്രം ബലിയാടാക്കി യഥാർത്ഥ വസ്തുത ചർച്ച ചെയ്യാതിരിക്കാനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. വൻകിട കുത്തകകള വഴിവിട്ട് സഹായിക്കുമ്പോൾ ബാങ്കുകൾക്ക് ഉണ്ടാകുന്ന നഷ്ടം സാധാരണക്കാരായ നിക്ഷേപകരുടെ ചുമലിൽ ചാർത്തുന്നതിനാണ് കേന്ദ്ര സർക്കാർ തിടുക്കത്തിൽ എഫ് ആർഡിഐ ബില്ല് പാസാക്കിയെടുക്കുന്നതിന് ശ്രമിക്കുന്നത്. ഭരണാധികാരികളുടെ നിർബന്ധത്തിനു വഴങ്ങി വൻകിടക്കാർക്കു നൽകിയ വായ്പകളാണ് ഇന്ന് ഇന്ത്യൻ ബാങ്കുകളുടെ തീരാശാപം. ഇത് കേവലം ഒരു പഞ്ചാബ് നാഷണൽ ബാങ്കിൽ മാത്രം ഒതുങ്ങുന്ന വിഷയമല്ല.**

രാജ്യത്തെ ഏറ്റവും വലിയ രണ്ടാമത്തെ പൊതുമേഖലാ ബാങ്കായ പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്നും (പി.എൻ.ബി.) 11,346 കോടി രൂപയുടെ തട്ടിപ്പ് വജ്ര വ്യാപാരി നീരവ് മോദി നടത്തി.

ജനുവരി ഒന്നിന് കുടുംബത്തോടൊപ്പം അദ്ദേഹം രാജ്യം വിട്ടതായാണ് റിപ്പോർട്ട്. സഹോദരനും ബെൽജിയം പൗരനുമായ നിശാൽ, ഭാര്യ ആമി, ഒരു യുഎസ് പൗരൻ, ബിസിനസ് പങ്കാളിയും ഗീതാഞ്ജലി ജ്വല്ലറി ഗ്രൂപ്പിന്റെ ഇന്ത്യൻ പ്രമോട്ടർ മെഹുൽ ചോക്സി, എന്നിവർ ജനുവരി ആറിനും ഇന്ത്യ വിട്ടതായി അധികൃതർ പറയുന്നു. ജനുവരി അവസാനത്തോടെയാണ് പിഎൻബിയുടെ പരാതിയിൽ എഫ്ഐ ആർ രജിസ്റ്റർ ചെയ്തത്. ഇന്ത്യൻ പാസ്പോർട്ടിന് പുറമെ ബെൽജിയം പാസ്പോർട്ടും നീരവിനുണ്ട്. ഇതുയോഗിച്ചാണ് അദ്ദേഹം നാടുവിട്ടതെന്നാണ് റിപ്പോർട്ട്.

അതേ സമയം ബാങ്കുകളിൽ നിന്നും കോടികൾ തട്ടിയ നീരവ് പ്രധാനമന്ത്രി നരേന്ദ്ര മോദിക്കൊപ്പം സ്വിറ്റ്സർലന്റിലെ ദാവോസിൽ ലോക സാമ്പത്തിക ഉച്ചകോടിയിൽ പങ്കെടുത്തതിന്റെ ചിത്രങ്ങൾ പുറത്തുവന്നു. സിപിഎം

ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരിയാണ് ചിത്രം പുറത്തു വിട്ടത്.

നീരവ് മോദിക്ക് നൽകിയ ബയേഴ്സ് ക്രെഡിറ്റ് എന്ന ബാങ്ക് ഗ്യാരണ്ടിയിലൂടെയാണ് തട്ടിപ്പ്. 110 ശതമാനം സെക്യൂരിറ്റി നൽകിയാലെ ബാങ്കുകൾ ഇത്തരം ഗ്യാരണ്ടി സർട്ടിഫിക്കറ്റ് നൽകാറുള്ളൂ. എന്നാൽ 2011 മുതൽ ഒരു ഈടും വാങ്ങാതെയാണ് ഗ്യാരണ്ടി നൽകിയത്. കോടികൾ വിലമതിക്കുന്ന ഇടപാടുകൾ ആറു വർഷത്തോളം ഉന്നത ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപെട്ടില്ലെന്നത് അവിശ്വസനീയമാണ്. ജനുവരി മാസാവസാനമാണ് ബാങ്ക് ഇതിനെതിരെ പരാതി സമർപ്പിച്ചത്. എന്നാൽ അതിനും മുന്നേ നീരവ് മോദി രാജ്യം വിട്ടു.

ക്രമക്കേടിന് കേന്ദ്ര ധനമന്ത്രാലയവും റിസർവ് ബാങ്കും ഒരു പോലെ ഉത്തരവാദികളാണ്. താഴെ തട്ടിലെ ചില ഉദ്യോഗസ്ഥരെ മാത്രം ബലിയാടാക്കി യഥാർത്ഥ വസ്തുത ചർച്ച ചെയ്യാതിരിക്കാനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. വൻകിട കുത്തകകള വഴിവിട്ട് സഹായിക്കുമ്പോൾ ബാങ്കുകൾക്ക് ഉണ്ടാകുന്ന നഷ്ടം സാധാരണക്കാരായ നിക്ഷേപകരുടെ ചുമലിൽ ചാർത്തുന്നതിനാണ് കേന്ദ്ര സർക്കാർ തിടുക്കത്തിൽ എഫ്ആർഡിഐ ബില്ല് പാസാക്കിയെടുക്കുന്നതിന് ശ്രമിക്കുന്നത്.

ഭരണാധികാരികളുടെ നിർബന്ധത്തിനു വഴങ്ങി വൻകിടക്കാർക്കു നൽകിയ വായ്പകളാണ് ഇന്ന് ഇന്ത്യൻ ബാങ്കുകളുടെ തീരാശാപം. ഇത് കേവലം ഒരു പഞ്ചാബ് നാഷണൽ ബാങ്കിൽ മാത്രം ഒതുങ്ങുന്ന വിഷയമല്ല.

പഞ്ചാബ് നാഷണൽ ബാങ്കിന് തട്ടിപ്പിലൂടെ നഷ്ടപ്പെട്ടത് കഴിഞ്ഞ 8 വർഷത്തെ ലാഭത്തിനോടടുത്ത തുകയാണ്. 1324 കോടി രൂപയായിരുന്നു കഴിഞ്ഞ എട്ടു വർഷത്തെ ലാഭത്തുക.

### തട്ടിപ്പ് പുറത്തായത് ഇങ്ങനെ

പുതിയ വായ്പക്കായി നീരവ് പഞ്ചാബ് നാഷണൽ ബാങ്കിനെ വീണ്ടും സമീപിച്ചതാണ് വൻ തട്ടിപ്പിനു പിന്നിലെ ചുരുളഴിയാൻ കാരണമായത്. വിദേശത്തെ ബാങ്കുകളിൽ നിന്നു ഹ്രസ്വ വായ്പയെടുക്കാനുള്ള ജാമ്യച്ചീട്ട് മുൻപ് നൽകിയിരുന്ന ഉദ്യോഗസ്ഥർ അപ്പോഴേക്കും ബാങ്കിൽ നിന്നു വിരമിച്ചിരുന്നു. അവരില്ലെങ്കിലും പഴയതുപോലെ ജാമ്യച്ചീട്ട് കിട്ടുമെന്ന് അദ്ദേഹം ധരിച്ചു. എന്നാൽ, ജാമ്യച്ചീട്ടിന് ഉദ്യോഗസ്ഥർ ഈട് ആവശ്യപ്പെട്ടു.

ഈടില്ലാതെ നേരത്തെ പല തവണ ബാങ്ക് ജാമ്യച്ചീട്ട് തന്നിരുന്നല്ലോ എന്നായി നീരവ്. അതെപ്പോഴാണ് നൽകിയതെന്നു പരിശോധിച്ചപ്പോഴാണ് 2010 മുതൽ ബാങ്കിൽ നിന്നു നീരവിന് ഉത്തരത്തിൽ ജാമ്യച്ചീട്ട് നൽകിയതായി മനസിലായത്. 150 ജാമ്യച്ചീട്ടുകളുടെ ലിസ്റ്റ് ബാങ്ക് സിബിഐക്ക് കൈമാറിയിട്ടുണ്ട്. ■

ആശംസകൾ
KOTTIYOOR METALS
പൊയ്യമല, ചുങ്കക്കുന്ന്, കേളകം
email: Kottiyoormetalsts@gmail.com
എല്ലാവിധ ക്രഷർ ഉൽപ്പന്നങ്ങൾക്കും സമീപിക്കുക
7593888880, 759388888, 7593888882, 7593888882
40 MM, 20 MM, 12 MM, 6 MM, DUST, GSB
എന്നിവ ഓർഡർപ്രകാരം സൈറ്റിൽ എത്തിച്ചുകൊടുക്കുന്നു.

# കാരിയാട് സർവീസ് സഹകരണ ബാങ്ക്

ലിമിറ്റഡ് നമ്പർ സി 1518,
കാരിയാട് സൗത്ത്, കണ്ണൂർ ജില്ല

വി കെ ശശീന്ദ്രൻ
പ്രസിഡന്റ്

കെ അജിത് കുമാർ
സെക്രട്ടറി

# കൂട്ടുമുഖം സർവീസ് സഹകരണ ബാങ്ക്

ലിമിറ്റഡ് നമ്പർ സി 72, എച്ച്.ഒ. കൂട്ടുമുഖം- 0460 2230214

ബ്രാഞ്ചുകൾ: ചെരിക്കോട് (ഫോൺ- 0460 2265675)
ഐച്ചേരി (ഫോൺ- 0460 2266650)

എം സി ഹരിദാസൻ മാസ്റ്റർ
പ്രസിഡന്റ്

പി പി വി പ്രദീപൻ
സെക്രട്ടറി

# മലപ്പട്ടം സർവീസ് സഹകരണ ബാങ്ക്

ലിമിറ്റഡ് നമ്പർ സി 1172, എച്ച്.ഒ. മലപ്പട്ടം, ഫോൺ- 2235246
Email: cobankmalappattam@gmail.com

ബ്രാഞ്ചുകൾ

ചൂളിയാട് ഫോൺ- 2235256
ചൂളിയാട് കടവ് ഫോൺ- 2236356

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തുന്നു ■ ലോക്കർ സൗകര്യം ലഭ്യമാണ്
വേഗതയാർന്ന സേവനം..... പരിപൂർണ സുരക്ഷിതത്വം

വി പി വത്സരാജൻ
പ്രസിഡന്റ്

ഇ കെ പ്രഭാകരൻ
സെക്രട്ടറി

# രണ്ട് വൈജാത്യ യാഥാർത്ഥ്യങ്ങൾ

**ഇ**ന്ത്യയിലെ ജനങ്ങൾ യാഥാർത്ഥ്യത്തിന്റെ രണ്ട് വൈരുദ്ധ്യങ്ങൾ നേരിൽ കാണുകയാണ്. ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിൽ വിദേശ കോർപറേറ്റുകളെ അഭിസംബോധന ചെയ്തുകൊണ്ട് പ്രധാനമന്ത്രി നരേന്ദ്രമോദി തന്റെ സർക്കാരിന്റെ അജണ്ടയായി പ്രഖ്യാപിച്ചത് 'സുഗമമായി ബിസിനസ് നടത്താം, അതിനുള്ള ചുവപ്പ് പരവതാനി വിരിച്ചിരിക്കുന്നു.' (പ്രധാനമന്ത്രിയുടെ വാക്കുകൾ) ഇതൊരു യാഥാർത്ഥ്യമെങ്കിൽ മറുവശത്ത് ഇന്ത്യയുടെ തലസ്ഥാന നഗരിയായ ഡൽഹിയുടെ ഹൃദയഭാഗത്ത് ബവാന വ്യവസായ മേഖലയിൽ 17 തൊഴിലാളികൾ മരണത്തിന് കീഴടങ്ങേണ്ടി വന്നത് ഒരു യാഥാർത്ഥ്യമായി നിലനിൽക്കുന്നു.

പ്രധാനമന്ത്രിയും ധനമന്ത്രിയും ദാവോസ് അടക്കമുള്ള അന്താരാഷ്ട്ര വേദികളിൽ വിദേശ കോർപറേറ്റുകളെ ചുവപ്പ് പരവതാനി വിരിച്ച് സ്വീകരിക്കാനുള്ള വെമ്പലിലാണ്. അവർ പറയുന്നതനുസരിച്ച് രാജ്യത്തിന്റെ അനൗപചാരിക സമ്പദ്ഘടനയെ ഔപചാരിക സമ്പദ്ഘടനയാക്കി മാറ്റാനുള്ള പരിഷ്കരണ നടപടികളാണ് 2016-17 കാലഘട്ടത്തിൽ സ്വീകരിച്ചിച്ചുള്ളത്. 2016 ന്റെ അവസാനത്തിൽ തുടങ്ങി 2017 കഴിയുമ്പോൾ ബിജെപി നേതൃത്വം നൽകുന്ന കേന്ദ്ര സർക്കാർ ഇതിനുവേണ്ടി മൂന്ന് സുപ്രധാന തീരുമാനങ്ങളാണ് എടുത്തത്. (1) നോട്ട് അസാധുവാക്കിയതും, പണമിടപാടുകൾ ഡിജിറ്റലൈസ് ചെയ്തതും. (2) ജിഎസ്ടിയും (3) ഫൈനാൻഷ്യൽ റെസലൂഷൻ ആന്റ് ഡെപോസിറ്റ് ഇൻഷുറൻസ് (FRDI) ബിൽ അവതരിപ്പിച്ചതും. ഇവയെല്ലാം ആഗോള ധനമൂലധനത്തിന്റെ നിർദേശപ്രകാരമാണ് നടപ്പാക്കപ്പെടുന്നത്. ലോക ബാങ്കും, അന്താരാഷ്ട്ര നാണയനിധിയും ആഗോള സമ്പദ്വ്യവസ്ഥയിൽ മോദി സർക്കാരിന് അമിത ലാളനയാണ് നൽകുന്നത്. എന്നാൽ ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ അടക്കമുള്ള ഐക്യരാഷ്ട്രസഭയുടെ വിവിധ ഏജൻസികൾ മാനവശേഷി വികസനത്തിൽ ഇന്ത്യ ഏറെ പിന്നിലാണെന്നും തൊഴിലില്ലായ്മ വർധിക്കുകയാണെന്നും അവരുടെ റിപ്പോർട്ടിൽ പറയുന്നുണ്ട്.

ദാവോസിലെ പ്രസംഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിമാനപൂർവം പറഞ്ഞത് 'ലൈസൻസ് രാജും ഇൻസ്പെക്ഷൻ രാജും' അവസാനിപ്പിക്കുമെന്നാണ്. ഇത് ബിജെപി സർക്കാരിന്റെ ആവർത്തിച്ചുള്ള പ്രഖ്യാപനമാണ്. വ്യവസായ യൂണിറ്റുകൾ ലൈസൻസ് ഇല്ലാതെയും ബന്ധപ്പെട്ട തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ പരിശോധനയും മേൽനോട്ടവും ഇല്ലാതെ പ്രവർത്തിക്കുമ്പോഴാണ് ബവാന അടക്കവുമുള്ള രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ തൊഴിലാളികൾ മരണത്തിന് വിധിക്കപ്പെടുന്നത്. 'സുഗമമായി ബിസിനസ്' നടത്തുന്നതിന് രാജ്യത്ത് നിലനിൽക്കുന്ന 44 തൊഴിൽ നിയമങ്ങൾ ഭേദഗതി ചെയ്ത് 4 ലേബർ കോഡുകളാക്കി മാറ്റുകയാണ്. അതിലൊന്ന് പാർലമെന്റിൽ അവതരിപ്പിച്ച് കഴിഞ്ഞിരിക്കുന്നു. ഇതിൽ 'സുരക്ഷ' കോഡ് ഏറ്റവും അവസാനത്തേതാണ്. മൂലധന താല്പര്യത്തിനു വിധേയമായി 'സുഗമമായി ബിസിനസ്' നടത്തുന്നതിന് തൊഴിൽ നിയമങ്ങളിൽ ഭേദഗതി വരുത്തുന്നതിൽ കേന്ദ്ര സർക്കാരും ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിലെ സർക്കാരും മത്സരിക്കുകയാണ്. ഇക്കാര്യത്തിൽ രാജസ്ഥാൻ സർക്കാരാണ് ഏറ്റവും മുമ്പിൽ നിൽക്കുന്നത്. തൊഴിലാളികളുടെ ജീവനും ഉപജീവനത്തിനും സംരക്ഷണം നൽകുന്ന യാതൊരു വ്യവസ്ഥയും പുതിയ നിയമ ഭേദഗതിയിൽ ഇല്ലെന്നു കാണാം.

തൊഴിലാളി ഐക്യ പ്രസ്ഥാനം ആശയത്തിലും സംഘടനാ രൂപത്തിലും ശക്തമാണ്. എന്നിരുന്നാലും തൊഴിലാളി വിരുദ്ധ നയങ്ങളെ കുറിച്ചുള്ള പ്രചാരണം താഴെ തട്ട് വരെയുള്ള തൊഴിലാളികളിൽ എത്തിക്കാൻ കഴിയുന്നില്ല. ഈ തൊഴിലാളി വിരുദ്ധ നയങ്ങളെക്കുറിച്ച് തൊഴിലാളികളെ അറിവുള്ളവരാക്കി മാറ്റേണ്ടതുണ്ട്. ജനാധിപത്യത്തിൽ ബദൽ ശക്തിയാകാനുള്ള പ്രവർത്തനത്തിൽ കർഷകരെയും അധ്വാനിക്കുന്ന ഇതര ജനവിഭാഗങ്ങളെയും കൂട്ടി യോജിപ്പിക്കാൻ കഴിയുന്നില്ല. സിഐടിയു ആ ലക്ഷ്യം ഏറ്റെടുക്കണം. തൊഴിലാളികളുടെ പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതോടൊപ്പം അധ്വാനിക്കുന്ന ഇതര ജനവിഭാഗങ്ങളെയും കൂട്ടിയോജിപ്പിച്ച് തൊഴിലാളി വർഗത്തിന്റെ ഐക്യനിര ഉണ്ടാക്കാനുള്ള പ്രവർത്തനങ്ങൾ ആണ് മുഖ്യമായും ഉണ്ടാകേണ്ടത്.

(വർക്കിംഗ് ക്ലാസ് എഡിറ്റോറിയൽ, 2018 ഫെബ്രുവരി)

> **ലോക സാമ്പത്തിക ഫോറത്തിൽ വിദേശ കോർപറേറ്റുകളെ അഭിസംബോധന ചെയ്തുകൊണ്ട് പ്രധാനമന്ത്രി നരേന്ദ്രമോദി തന്റെ സർക്കാരിന്റെ അജണ്ടയായി പ്രഖ്യാപിച്ചത് 'സുഗമമായി ബിസിനസ് നടത്താം, അതിനുള്ള ചുവപ്പ് പരവതാനി വിരിച്ചിരിക്കുന്നു.' എന്നാണ്. എന്നാൽ മറുവശത്ത് ഇന്ത്യയിൽ തൊഴിലാളികളുടെ അവസ്ഥ പരിതാപകരമാണെന്ന യാഥാർഥ്യം അദ്ദേഹം അവഗണിക്കുന്നു.**

# ബിറ്റ്കോയിൻ എന്ത്?




ഡിജിറ്റൽ കറൻസി, ക്രിപ്റ്റോ കറൻസി, വെർച്വൽ കറൻസി തുടങ്ങി പല പല പേരുകളിൽ വിളിക്കപ്പെടുന്ന ബിറ്റ്കോയിൻ ഉൾപ്പെടെയുള്ള 'അയഥാർത്ഥ' കറൻസികൾക്ക് അംഗീകാരമില്ലെന്നും നിക്ഷേപം നടത്തരുതെന്നും കേന്ദ്ര ബാങ്കുകളും സർക്കാരുകളും മുന്നറിയിപ്പു നൽകിക്കൊണ്ടിരിക്കുമ്പോഴും നിക്ഷേപകരുടെ എണ്ണം അനുദിനം കൂടിക്കൊണ്ടിരിക്കുന്നു.

ഇന്ത്യയിൽ തന്നെ ഒന്നര കോടിയിലേറെ നിക്ഷേപകർ ഈ രംഗത്തുണ്ടെന്നാണ് കണക്ക്. ദിവസവും പുതുതായി അയ്യായിരത്തിലേറെ അപേക്ഷകൾ അക്കൗണ്ട് തുടങ്ങാൻ എക്സ്ചേഞ്ചുകളിൽ ലഭിക്കുന്നു. പ്രതിമാസം രണ്ടായിരം കോടി രൂപയുടെ ഇടപാടുകൾ ഇന്ത്യയിലെ മാത്രം എക്സ്ചേഞ്ചുകളിലിൽ നടക്കുന്നുണ്ടെന്ന് ആദായനികുതി വകുപ്പ് കണ്ടെത്തി.

ഏറ്റവും ലളിതമായി പറഞ്ഞാൽ, ഓൺലൈൻ ലോകത്തുമാത്രം ഇടപാടു നടക്കുന്ന കറൻസികളാണിവ. അതുകൊണ്ടാണ് ഡിജിറ്റൽ കറൻസി എന്നു വിളിക്കുന്നത്. ലാളിത്യം അവിടെ തീരുന്നു. കമ്പ്യൂട്ടർ നെറ്റ്വർക്കിൽ ഗോപ്യഭാഷ (ക്രിപ്റ്റോഗ്രഫി) ഉപയോഗിച്ച് സൃഷ്ടിച്ചതായതിനാൽ ഇതിനെ ക്രിപ്റ്റോ കറൻസി എന്നു വിളിക്കുന്നു. അതേസമയം മറ്റു പരമ്പരാഗത കറൻസികളെ പോലെ കടലാസ് നിർമിതമോ ലോഹനിർമിതമോ ആയ യഥാർഥ രൂപം ഇല്ലാത്തതിനാൽ അയഥാർത്ഥ (വെർച്വൽ) കറൻസി എന്നും വിളിക്കപ്പെടുന്നു. ബിറ്റ്കോയിൻ കൂടാതെ എതീരിയം, റിപ്പിൾ, ലൈറ്റ്കോയിൻ, ബിറ്റ്കോയിൻ കാഷ്, ട്രോൺ, സ്റ്റെല്ലാർ, മണീറോ, ഡാഷ് അയോട്ട തുടങ്ങി രണ്ടായിരത്തോളം ക്രിപ്റ്റോ കറൻസികൾ നിലവിലുണ്ട്. ദിനംപ്രതി പുതിയവ സൃഷ്ടിക്കപ്പെട്ടുകൊണ്ടുമിരിക്കുന്നു.

## ബിറ്റ്കോയിൻ മൈനിംഗ്

ആകെ 2.1 കോടി ബിറ്റ്കോയിനുകളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ഇവ ലഭിക്കാൻ രണ്ടു വഴിയുണ്ട്. ഒന്നാമത്തേത് സ്വർണം ഖനനം ചെയ്തെടുക്കുന്നതുപോലെ ഓരോ കോയിനും ഖനനം ചെയ്തെടുക്കണം. എന്നാൽ ഈ ഖനനം നടത്തേണ്ടത് കംമ്പ്യൂട്ടർ നെറ്റ് വർക്കിൽ ഗോപ്യഭാഷ ഉപയോഗിച്ചാണെന്നു മാത്രം. രണ്ടാമത്തേത്, ബിറ്റ്കോയിൻ നേടിക്കഴിഞ്ഞവരിൽ നിന്നു വില കൊടുത്തു വാങ്ങാം.

കമ്പ്യൂട്ടർ നെറ്റ് വർക്കിൽ നടത്തുന്ന ഖനനം അഥവാ ബിറ്റ്കോയിൻ മൈനിംഗ് തീർത്തും സങ്കീർണമായ പ്രക്രിയയാണ്. ഈ ആശയത്തെ അതിസങ്കീർണമായ ഒരു കമ്പ്യൂട്ടർ പസിൽ ഗെയിമായി സങ്കൽപിക്കാം. ഈ പസിലിലെ ഓരോ കണ്ണിയും പൂർത്തീകരിക്കുന്നതിനുള്ള പ്രതിഫലമായാണ് ഓരോ ബിറ്റ്കോയിനും റിലീസ് ചെയ്യപ്പെടുന്നത്. 1.68 കോടിയോളമേ ഇത്തരത്തിൽ ലഭ്യമായിട്ടുള്ളൂ. ബാക്കിയുള്ളവ നേടാനായി പലരും ശ്രമം നടത്തിവരികയാണ്.

പസിൽ ഗെയിമിന്റെ ഓരോ ഘട്ടം കഴിയുന്തോറും അതു പരിഹരിക്കാനുള്ള ബുദ്ധിമുട്ടും കൂടിവരുന്നതുപോലെ തന്നെയാണ് ബിറ്റ്കോയിൻ മൈനിംഗും.

## ബിറ്റ്കോയിൻ ട്രേഡിംഗ്

ബിറ്റ്കോയിൻ മൈനിംഗ് എന്ന പ്രക്രിയ സങ്കീർണമാണെങ്കിലും ട്രേഡിംഗ് തീർത്തും ലളിതമാണ്. ഓഹരി എക്സ്ചേഞ്ചുകളിൽ നിന്ന് വിവിധ കമ്പനികളുടെ ഓഹരികൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതുപോലെ ക്രിപ്റ്റോ കറൻസി എക്സ്ചേഞ്ചുകൾ വഴിയാണ് ബിറ്റ്കോയിൻ ഇടപാടു നടക്കുന്നത്. ഇന്ത്യയിൽ തന്നെ പത്തിലേറെ ട്രേഡിംഗ് പ്ലാറ്റ്ഫോമുകളുണ്ട്. കോയിൻ സെക്യൂർ, യൂനോ കോയിൻ, സെബ്പേ എന്നിവ ഇതിൽ ചിലതാണ്. ബിറ്റ് സ്റ്റാംപ്, കോയിൻ ബേസ്, ബിറ്റ്ഫിനെക്സ്, ബിടിസി ചൈന തുടങ്ങി ആഗോള തലത്തിൽ ഒട്ടേറെ എക്സ്ചേഞ്ചുകൾ വിവിധ രാജ്യങ്ങളിലായി ഉണ്ട്. ഒരു ബിറ്റ്കോയിന് നിലവിൽ നാലു ലക്ഷം രൂപയ്ക്കു മുകളിൽ വിലയുണ്ടെങ്കിലും ഇതിന്റെ ചെറിയ ഘടകങ്ങളായും ഇടപാടു നടത്താം.

## ഉറങ്ങാത്ത വിപണി

പരമ്പരാഗത ഓഹരി വിപണികൾക്കെല്ലാം

നിയന്ത്രിതമായ പ്രവർത്തന സമയമുള്ളപ്പോൾ ദിവസവും 24 മണിക്കൂറും ഇടപാടു നടക്കുന്നവയാണ് ക്രിപ്റ്റോ കറൻസി എക്സ്ചേഞ്ചുകൾ. അതുകൊണ്ടു തന്നെ ഒരു ദിവസത്തെ ക്ലോസിംഗ് പ്രൈസ് എന്നൊരു വിലയില്ല. അതതു ദിവസം രാത്രി 12 മണിക്കുള്ള വില അന്നത്തെ അവസാന വിലയായി വേണമെങ്കിൽ കണക്കാക്കാമെന്നു മാത്രം. ഒരേ കറൻസിക്കു തന്നെ വിവിധ എക്സ്ചേഞ്ചുകളിലായി പല വിലയുമായിരിക്കും. പ്രതികൂല വാർത്തകൾ വരുമ്പോൾ വൻ വിലയിടിവുണ്ടാകുന്നതിനാൽ ഈ വിപണി നിക്ഷേപകനു നൽകുന്നതും അക്ഷരാർത്ഥത്തിൽ ഉറക്കമില്ലാത്ത രാവുകൾ.

### വിലക്കുകൾ മുറുകുന്നു

ക്രിപ്റ്റോ കറൻസികൾക്കെതിരെ മുന്നറിയിപ്പു നൽകുന്ന രാജ്യങ്ങളുടെയും സാമ്പത്തിക വിദഗ്ധരുടെയും എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്.

ഇന്ത്യയിൽ ആർബിഐ പല തവണ മുന്നറിയിപ്പു നൽകിയതു കൂടാതെ ക്രിപ്റ്റോ കറൻസികൾക്കു രാജ്യത്ത് അംഗീകാരമില്ലെന്നു ധനമന്ത്രി കേന്ദ്ര ബജറ്റിൽ തന്നെ പ്രഖ്യാപിച്ചു. നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കു സാമ്പത്തിക സഹായം നൽകാൻ ഇവ ഉപയോഗിക്കുന്നതു തടയുമെന്നു വ്യക്തമാക്കി. ഇതിലൂടെയുള്ള വരുമാനത്തിനു നികുതി ഊടാക്കാൻ ആദായനികുതി വകുപ്പും നടപടി തുടങ്ങിക്കഴിഞ്ഞു. ഇന്ത്യയിലെ വൻ നിക്ഷേപകരിൽ ഭൂരിഭാഗവും ടെക്കികളായ യുവാക്കളും റിയൽ എസ്റ്റേറ്റ്, ജ്വല്ലറി മേഖലകളിലുള്ളവരുമാണെന്നു നികുതി വകുപ്പു പറയുന്നു.

ക്രിപ്റ്റോ കറൻസികളെ അംഗീകരിക്കില്ലെന്നതിനു നാലു കാരണങ്ങളാണ് ആർബിഐ വ്യക്തമാക്കിയത്.

1. നിയന്ത്രിക്കാൻ കേന്ദ്ര അതോറിറ്റികളില്ല.
2. തർക്ക പരിഹാരത്തിന് അംഗീകൃത ചട്ടക്കൂടുകളില്ല.
3. അടിസ്ഥാനമൂല്യമില്ല.
4. വരുമാനം നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നു.

നിലവിലുള്ള എല്ലാ ക്രിപ്റ്റോ കറൻസികളും സ്വകാര്യവ്യക്തികളോ സ്ഥാപനങ്ങളോ സൃഷ്ടിച്ചതാണ്. പരമ്പരാഗത കറൻസികൾക്കുള്ളതുപോലെ ഒരു സമ്പദ്‌വ്യവസ്ഥയുടെ പിന്തുണയോ കമ്പനികളുടെ ഓഹരികളുടേതുപോലെ ബിസിനസിലൂടെയുള്ള വരുമാനമോ ഇല്ല. ഊഹക്കച്ചവടത്തിലൂടെ ലഭിക്കുന്ന മൂല്യവർധന മാത്രം. അതുകൊണ്ടു തന്നെ ഇതൊരു കുമിളയായി പൊട്ടിത്തകരുമെന്നു ലോകത്തെ പ്രശസ്തരായ നിക്ഷേപക വിദഗ്ധരെല്ലാം മുന്നറിയിപ്പു നൽകുന്നു.

### പ്രതിസന്ധിയായി ചാഞ്ചാട്ടം

അനുനിമിഷം വിലയിലുണ്ടാകുന്ന വൻ ചാഞ്ചാട്ടം ക്രിപ്റ്റോ കറൻസികളുടെ മുഖ്യ പ്രതിസന്ധിയാണ്. കൈവശമുള്ള ബിറ്റ്കോയിനിന്റെ ഇപ്പോഴത്തെ മൂല്യം പ്രകാരം ഒരു ഉല്പന്നം വാങ്ങാമെന്നു വച്ചാൽ ആ ഇടപാടു നടക്കുമ്പോഴേക്കും കോയിനിന്റെ മൂല്യം മാറിയിരിക്കും. ഇടപാടിനാകട്ടെ വളരെ സമയമെടുക്കുകയും ചെയ്യും. ഈ അസ്ഥിരത ഉപഭോക്താവിനെ മാത്രമല്ല വ്യാപാരിയെയും ബാധിക്കും. ബിസിനസ് ഒരു ചൂതാട്ടമാകും. ഇക്കാരണത്താൽ, പണത്തിനു പകരം ബിറ്റ്കോയിൻ സ്വീകരിച്ചിരുന്ന ചില ഓൺലൈൻ ഷോപ്പുകൾ ഈയിടെ അതു നിർത്തി.

### ലോക സാമ്പത്തികക്രമത്തിന് ഭീഷണി

നിലവിലുള്ള രീതിയിൽ ക്രിപ്റ്റോ കറൻസികൾ ലോക സാമ്പത്തിക ക്രമത്തിനു സൃഷ്ടിക്കുന്ന ഭീഷണി ചില്ലറയല്ല. കൃത്യമായ നിയമങ്ങളും നിയന്ത്രണങ്ങളുമുള്ള സമ്പദ്‌വ്യവസ്ഥകൾക്കു സമാന്തരമായി ആരും നിയന്ത്രിക്കാനില്ലാത്ത മറ്റൊരു സാമ്പത്തിക ക്രമം നിലനിൽക്കുന്നതാണു പ്രശ്നം. നിയമപരമായ ഇടപാടിനായി (ലീഗൽ ടെൻഡർ) അംഗീകരിച്ചിട്ടില്ല എന്നു പറയുമ്പോഴും ക്രിപ്റ്റോ കറൻസികളെ നിയമ വിരുദ്ധമെന്നു പറഞ്ഞ് എവിടെയും പൂർണമായി വിലക്കിയിട്ടുമില്ല.

ഡിസംബറിലെ ഉയർന്ന വില പ്രകാരം ബിറ്റ്കോയിന്റെ മാത്രം വിപണിമൂല്യം 32,500 കോടി ഡോളറിന് (ഉദ്ദേശം 21 ലക്ഷം കോടി രൂപ) മുകളിലായിരുന്നു. അതായത് റിലയൻസ് ഇൻഡസ്ട്രീസും ടിസിഎസും എച്ച്ഡിഎഫ്സി ബാങ്കും ഉൾപ്പെടെ ഇന്ത്യയിലെ ഏറ്റവും വലിയ അഞ്ചു കമ്പനികൾ ചേർന്നുള്ള വിപണി മൂല്യത്തേക്കാൾ കൂടുതൽ. ■

### ബ്ലോക് ചെയിനിൽ

**ബിറ്റ്കോയിൻ സ്രഷ്ടാവ് സതോഷി നകമോട്ടോയുടെ യഥാർഥ സംഭാവന ബ്ലോക് ചെയിൻ ആണെന്ന് ഇന്നു ലോകം അംഗീകരിക്കുന്നു. ഇ-മെയിൽ വികസിപ്പിച്ചെടുക്കാനുള്ള ശ്രമത്തിനിടെ ഇന്റർനെറ്റ് കണ്ടുപിടിച്ചു എന്നു പറയുന്നതുപോലെയാണത്. ക്രിപ്റ്റോ കറൻസികളുടെയെല്ലാം അടിസ്ഥാനം ബ്ലോക് ചെയിൻ ആണ്. ഇവയ്ക്കു വേണ്ടി വാദിക്കുന്നവർ ആദ്യം പറയുന്നതും ബ്ലോക് ചെയിനിന്റെ മേന്മയെക്കുറിച്ചു തന്നെ. സാമ്പത്തിക രംഗത്തെ മാത്രമല്ല, ദൈനംദിന ജീവിതത്തിലെ എല്ലാ മേഖലകളെയും ഗുണപരമായി സ്വാധീനിക്കാൻ കഴിയുന്ന സാങ്കേതിക വിദ്യയാണത് എന്ന കാര്യത്തിൽ ബിറ്റ്കോയിനിന്റെ കടുത്ത വിമർശകർക്കു പോലും തർക്കമില്ല. എന്നാൽ ഈ മൂല്യം സ്വകാര്യ വ്യക്തികളോ കമ്പനികളോ സൃഷ്ടിക്കുന്ന, ഒരു രാജ്യത്തെയും നിയമവ്യവസ്ഥയുടെ അംഗീകാരമില്ലാത്ത കറൻസികൾക്കു പതിച്ചു നൽകുന്നിടത്താണ് പ്രശ്നം തുടങ്ങുന്നത്.**

# തൊഴിലില്ലായ്മയിലും തൊഴിലിന്റെ സ്വഭാവത്തിലും 2018 ൽ മാറ്റമുണ്ടാവില്ല: ഐഎൽഒ റിപ്പോർട്ട്

തൊഴിലില്ലായ്മയുടെ സ്ഥിതിയും തൊഴിലിന്റെ ഗുണനിലവാരവും 2018 ൽ കാര്യമായി മെച്ചപ്പെടില്ല എന്നാണ് ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ 2018 ജനുവരിയിൽ പ്രസിദ്ധീകരിച്ച World Employment and social out look- 2018 റിപ്പോർട്ട് പറയുന്നത്. ആഗോള സമ്പദ് രംഗം 2018 ൽ ചെറിയ പുരോഗതി നേടുമെന്നാണ് പ്രതീക്ഷയെങ്കിലും തൊഴിലില്ലായ്മയിൽ യാതൊരു കുറവും ഉണ്ടായില്ല. തൊഴിലില്ലാത്തവരുടെ എണ്ണം 19.2 കോടിയായിരിക്കും 2018 ൽ. വികസിത രാജ്യങ്ങളിൽ തൊഴിലില്ലായ്മയിൽ ചെറിയ കുറവുണ്ടാകാം എന്ന ഐഎൽഒ റിപ്പോർട്ട് പ്രതീക്ഷിക്കുന്നു. എന്നാൽ വികസ്വര രാജ്യങ്ങളിൽ തൊഴിലിന്റെ വളർച്ച താഴേക്ക് പോകാം.

തൊഴിലില്ലായ്മ ഉയർന്നിരിക്കുമ്പോൾ തന്നെ തൊഴിലിന്റെ ഗുണനിലവാരവും ഇടിഞ്ഞുകൊണ്ടിരിക്കുകയാണ്. തൊഴിലിന്റെ ഗുണനിലവാരം ഉയർത്തി വളർച്ചയുടെ ഫലം എല്ലാവർക്കും ലഭ്യമാക്കണമെന്ന് ഐഎൽഒ ഡയറക്ടർ ജനറൽ സുധാ ഗേ റയിഡർ പറഞ്ഞു. ഗുണനിലവാരമില്ലാത്ത അസ്ഥിരമായ തൊഴിലുകൾ 2012 മുതൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. 2017 ൽ ലോകത്തെ 140 കോടി തൊഴിലും ഗുണനിലവാരമില്ലാത്തതായിരുന്നു. 2018 ൽ സ്ഥിതി മെച്ചപ്പെടില്ല എന്നാണ് കണക്കാക്കപ്പെടുന്നത്. വികസ്വര രാജ്യങ്ങളിലെ നാലിൽ മൂന്നു തൊഴിലും ഗുണനിലവാരം കുറഞ്ഞതും അസ്ഥിരവുമാണ്. 2018 ൽ തൊഴിലെടുക്കുന്നവരിൽ തന്നെ 40 ശതമാനം അതീവ ദരിദ്ര അവസ്ഥയിലായിരിക്കും ജീവിക്കുന്നത്. തൊഴിലിൽ സ്ത്രീകളുടെ പങ്ക് വളരെ താഴ്ന്നിരിക്കും എന്ന് മാത്രമല്ല അവരുടെ വേതനവും പുരുഷന്മാരെക്കാൾ കുറഞ്ഞിരിക്കും.

### ഘടനാപരമായ മാറ്റങ്ങളും വർധിച്ചുവരുന്ന പ്രായവും തൊഴിൽമേഖലയിൽ സമ്മർദ്ദങ്ങൾ സൃഷ്ടിക്കും

സർവ്വീസ് മേഖലയിലെ തൊഴിലായിരിക്കും ഭാവിയിൽ കൂടുതൽ വർധിക്കുക. കൃഷിയിലും ഉൽപാദനത്തിലുമുള്ള തൊഴിൽ കുറഞ്ഞുവരും. ശക്തമായ നയപരമായ തീരുമാനങ്ങൾ എടുത്തില്ലെങ്കിൽ തൊഴിലിന്റെ ഗുണനിലവാരം ഉയരില്ല എന്ന് റിപ്പോർട്ട് പറയുന്നു. ജനങ്ങളുടെ ഉയർന്നുകൊണ്ടിരിക്കുന്ന പ്രായം തൊഴിൽമേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കും. ഇത് കൂടുതൽ സംഭവിക്കുന്നത് വികസിത രാജ്യങ്ങളിലാണ്. തൊഴിലെടുക്കുന്നവരുടെ ശരാശരി പ്രായം 2030 ൽ 41 ആയി ഉയരും എന്നാണ് ഐഎൽഒ കണക്കാക്കുന്നത്. തൊഴിലാളികളുടെ ഉയരുന്ന പ്രായം ഉൽപാദനക്ഷമത കുറക്കും മാത്രമല്ല പെൻഷൻ സംവിധാനങ്ങളും കൂടുതൽ സമ്മർദ്ദത്തിലാവും.

2018 ൽ വടക്കൻ ആഫ്രിക്കയിൽ 11.5 ശതമാനവും സബ്സഹാറൻ ആഫ്രിക്കയിൽ 7.2 ശതമാനവും ലാറ്റിൻ അമേരിക്കയിൽ 7.7 ശതമാനവും ഈസ്റ്റേൺ യൂറോപ്പിൽ 5.3 ശതമാനവും ഏഷ്യാ പെസഫിക് മേഖലയിൽ 4.2 ശതമാനവും ആയിരിക്കും തൊഴിലില്ലായ്മ. ഏഷ്യാ പെസഫിക് മേഖലയിൽ തൊഴിലിൽ 50 ശതമാനവും ഗുണനിലവാരം വളരെ കുറഞ്ഞതാണ്. ■


# പിണറായി സർവീസ് കോ–ഓപ്പറേറ്റീവ് ബേങ്ക്

**ലിമിറ്റഡ് നമ്പർ 6970, പി ഒ പിണറായി, തലശേരി, കണ്ണൂർ– 670641**
**Email: pinarayibank@gmail.com**

**ബ്രാഞ്ചുകൾ:**

| | |
|---|---|
| മെയിൻ ബ്രാഞ്ച്, പിണറായി | 2382448 |
| പാറപ്രം ബ്രാഞ്ച് | 23821 79 |
| ഉമ്മൻചിറ ബ്രാഞ്ച് | 2306415 |
| ഈവനിംഗ് ബ്രാഞ്ച്, പിണറായി | 2382860 |
| പടന്നക്കര ബ്രാഞ്ച് | 2385039 |

**കോർ ബാങ്കിംഗ് സംവിധാനത്തിൽ പ്രവർത്തിക്കുന്ന ക്ലാസ് 1 സൂപ്പർ ഗ്രേഡ് ബാങ്ക്**

**ജനഹിതമറിഞ്ഞ് .... ജനങ്ങൾക്കൊപ്പം**

**സി വി സുമജൻ**
പ്രസിഡന്റ് (9847583755)

**എ ശ്രീഗണൻ**
സെക്രട്ടറി (9847104766)

## ആയിരങ്ങൾ ബെർലിനിൽ പ്രകടനം നടത്തി

# വ്യവസായിക കൃഷി അവസാനിപ്പിക്കണം

**കാ**ർഷിക രംഗത്തെ വ്യവസായിക അടിസ്ഥാന ത്തിലുള്ള കുത്തക കൃഷി അവസാനിപ്പിക്കണ മെന്നാവശ്യപ്പെട്ട് പതിനായിരക്കണക്കിനു ജനങ്ങൾ ജർമനിയിലെ ബർലിൻ നഗരത്തിൽ ജനുവരി മൂന്നാം വാരത്തിൽ പ്രകടനം നടത്തി. നൂറ്റിയൻപ തിലധികം ട്രാക്ടറുകളും പ്രതിഷേധ പ്രകടന ത്തിൽ അണിനിരന്നു. കുത്തക കൃഷി മതിയാക്കി പ്രകൃതിക്ക് അനുഗുണമായ കൃഷിയും അതിനു സഹായകരമായ നയങ്ങളും നടപ്പാക്കണമെന്ന് പ്രകടനത്തിൽ പങ്കെടുത്തവർ ആവശ്യപ്പെട്ടു. ചെറു കിട കൃഷിയെയും പരിസ്ഥിതിയെയും കുത്തക കൃഷി നശിപ്പിച്ചുകൊണ്ടിരി ക്കുകയാണെന്ന് പ്രകടനത്തിൽ പങ്കെ ടുത്തവർ പറഞ്ഞു. യൂറോപ്പിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നൂറില ധികം സംഘടനകൾ പ്രകടനത്തിൽ പങ്കെടുത്തു.

'ഭക്ഷണം' ഒരു രാഷ്ട്രീയ വിഷയ മാണ് എന്ന് കൂടുതൽ കൂടുതൽ ജന ങ്ങൾ മനസിലാക്കി വരികയാണ്. എന്നാൽ ഉല്പാദനക്ഷമതയുടെ പേരിൽ രാഷ്ട്രീയക്കാർ പ്രകൃതി യെയും ചെറുകിട കൃഷിയെയും ഇല്ലാ താക്കുന്ന കാർഷിക നയമാണ് നടപ്പാ ക്കുന്നത് എന്ന് പ്രകടനത്തിന്റെ സംഘാ ടകരിലൊരാളായ ജോച്ചൻ ഫ്രാട്സ് പറഞ്ഞു.

**അമേരിക്കയിലെ "ലോവ"ജനങ്ങൾ വ്യാവ സായി കൃഷിക്കെതിരെ**

അമേരിക്കയിലെ "ലോവ" സംസ്ഥാനത്ത് 50 ലേറെ ഗ്രൂപ്പുകൾ ചേർന്ന് വ്യാവസായിക കൃഷി ക്കെതിരെ (Factory Farming) ഫെബ്രുവരി ആദ്യ വാരത്തിൽ പ്രക്ഷോഭത്തിലാണ്. ലോപയിൽ 10,000 ത്തോളം വ്യാവസായിക കൃഷിയിടങ്ങളുണ്ട്. അമേ രിക്കയിലെ കാർഷിക ഉല്പാദനമാകെ വ്യാവസാ യിക അടിസ്ഥാനത്തിലായിക്കൊണ്ടിരിക്കുകയാണ്. അമേരിക്കയിൽ പരമ്പരാഗതമായി ഉണ്ടായിരുന്ന കുടുംബകൃഷിയിടങ്ങൾ അന്യം നിന്നുകൊണ്ടിരി ക്കുകയാണ്. കന്നുകാലി, കോഴി തുടങ്ങിയവയുടെ വളർത്തലും വ്യാവസായിക അടിസ്ഥാനത്തിലാണ് നടക്കുന്നത്. ആയിരക്കണക്കിനു മൃഗങ്ങളെ ഇടു ങ്ങിയ സ്ഥലത്ത് ഒരുമിച്ച് കൃത്രിമ ആഹാരം നൽകി വളർത്തുന്നു. അമേരിക്കയിൽ ഉൽപാദിപ്പി ക്കുന്ന 80% ആന്റിബയോട്ടിക്കുകൾ മൃഗ ങ്ങൾക്കാണ് നൽകുന്നത്. ഈ മൃഗങ്ങളുടെ വളർത്തലും പരിപാലനവും കൊന്ന് ഇറച്ചി തയാ റാക്കുന്നതും എല്ലാം വലിയ തോതിൽ പാഴ്‌വസ്തു ക്കളും അവശിഷ്ടങ്ങളും സൃഷ്ടിക്കുന്നു. ഇത് അനാരോഗ്യത്തിനും പരിസ്ഥിതിക്കും വലിയ നാശ മുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്.

ലോവയിൽ 750 ഓളം തടാകങ്ങൾ ഉൾപ്പെടെയുള്ള ജലസ്രോതസുകളുണ്ട്. അവ യെല്ലാം ഇപ്പോൾ വ്യാവസയായിക കൃഷിയുടെ പ്രത്യാഘാതങ്ങൾ മൂലം മലിനമാണ്. ജലമാകെ ഇ-കോളി ബാക്ടീരിയ, ആൽഗെ തുടങ്ങിയവ യാൽ മലിനമാണ്. ശ്വാസകോശരോഗങ്ങളും ആസ്മ, ത്വക് രോഗങ്ങൾ, തലവേദന തുടങ്ങിയവ വ്യാപകമാണ്. ലോവയിലെ കുടുംബ കൃഷിയിട ങ്ങളും തദ്ദേശ വാസികളും ഒരുതരം ജയിലിലട ക്കപ്പെട്ട അവസ്ഥയിലാണ്. അലക്കിയ തുണകൾ തുറസായ സ്ഥലത്തിട്ട് ഉണക്കാൻ പറ്റാത്ത അവ സ്ഥയാണ് ലോവയിൽ. പുരത്തിടുന്ന തുണികൾക്ക് ദുർഗന്ധം പിടിപെടുകയാണ്. ലോവയിലെ വീടു കൾക്കും സ്ഥലത്തിനും വിറ്റാൽ വില ലഭിക്കാത്ത സ്ഥിതിയുമുണ്ട്.



കൃഷിക്കാരുടെയും പരിസ്ഥിതി പ്രവർത്തകരു ടെയും 50 ലധികം സംഘടനകൾ വ്യവസായി കൃഷി അവസാനിപ്പിക്കണമെന്ന ആവശ്യം ഉയർത്തിയാണ് പ്രക്ഷോഭം നടത്തുന്നത്. ലോപ യിലെ ജനറൽ അസംബ്ലി അംഗങ്ങൾക്കെല്ലാം പ്രക്ഷോഭത്തിലുള്ള സംഘടനകൾ കത്തയച്ച് വ്യാവസായിക കൃഷി നിർത്തിവക്കണമെന്ന് ആവ ശ്യപ്പെട്ടു.

വ്യാവസായിക കൃഷി ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങളിലും വ്യാപകമായി വരികയാണ്. ഇത് പാരിസ്ഥിതിക പ്രശ്നങ്ങളും മലിനീകരണവും സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ■

# കോർപ്പറേറ്റുകളുടെ സമ്പത്ത് വർദ്ധിപ്പിക്കുന്ന ബഡ്ജറ്റ്

**ഒരു ശതമാനം വരുന്ന സമ്പന്നവർഗ്ഗത്തിന് 2017 ലെ സമ്പത്ത് വർദ്ധനവിന്റെ 73% വും കയ്യടക്കാൻ അവസരം നൽകിയിരിക്കുന്നു. കോർപ്പറേറ്റുകളുടെ താല്പര്യങ്ങൾക്കാണ് പ്രഥമ പ്രാധാന്യം നൽകുന്നത്. തൊഴിലെടുത്തു ജീവിക്കുന്ന മഹാഭൂരിപക്ഷം വരുന്ന ജനസാമാന്യത്തെ കൂടുതൽ ആക്രമണവിധേയമാക്കുന്നു.**

**മോ**ഡിസർക്കാരിന്റെ 2018-19 ലെ ബഡ്ജറ്റ് ഇന്ത്യയിലാകെ വിശദമായ ചർച്ചയ്ക്ക് വിധേയമായികൊണ്ടിരിക്കയാണ്. 2019 ഏപ്രിലിലോ അതിനു മുമ്പ് 2018 മൂന്നാം പാദത്തിലോ നടക്കാൻ പോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിനെ ഉന്നം വച്ചുകൊണ്ടുള്ള ഒരു കരട് പ്രകടന പത്രികയാണ് പുതിയ ബഡ്ജറ്റ് എന്നു വിലയിരുത്തുന്നതിൽ തെറ്റില്ല. എന്നാൽ ഒരു ഭാഗത്ത് കോർപ്പറേറ്റുകൾക്കും അവർ വഴിയുള്ള ബാങ്കുകളുടെ കിട്ടാക്കട (NPR) തട്ടിപ്പിനു വ്യക്തമായ സൗജന്യങ്ങൾ നൽകുന്ന ബഡ്ജറ്റ് തൊഴിലെടുക്കുന്നവരെയും ഇടത്തരക്കാരെയും പാടെ അവഗണിച്ചിരിക്കുന്നു എന്ന പൊതു അഭിപ്രായം ഉയർന്നുവന്നിരിക്കുന്നു. ബഡ്ജറ്റിനെ പുകഴ്ത്തുന്ന കുത്തകപത്രങ്ങളും ദൃശ്യമാധ്യമങ്ങളും പോലും ഈ വസ്തുത തുറന്നു സമ്മതിക്കുന്നുണ്ട്. എന്നാൽ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരെ ബാധിക്കുന്ന വിലക്കയറ്റം, ശിശു-മാതൃ സംരക്ഷണം, കുട്ടികളുടെ ആരോഗ്യം, പൊതു പ്രാഥമിക വിദ്യാഭ്യാസം എന്നിവയുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ ഇല്ലെന്നുമാത്രമല്ല പല സ്കീമുകളിലും വെള്ളം ചേർക്കാനും അട്ടിമറിക്കാനും ബഡ്ജറ്റ് വിഭാവനം ചെയ്തിരിക്കുന്നു. അതുപോലെ തന്നെ വളരെ പ്രധാനമാണ് ബഹുഭൂരിപക്ഷം സാധാരണക്കാരെ ബാധിക്കുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ ആഹോരാത്രം തുഛമായ സാമ്പത്തിക സൗജന്യങ്ങൾ കൈപ്പറ്റികൊണ്ട് സേവനം നടത്തുന്ന സ്കീം വർക്കേഴ്സിന്റെ മേഖലകളെ അവഗണിക്കാനും സ്വകാര്യ ഏജൻസികളെ ഏല്പ്പിക്കാനും ഉള്ള നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ പ്രകടമാണ്. ഈ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാരിന്റെ ബഡ്ജറ്റിനെപ്പറ്റി പ്രമുഖ സാമ്പത്തിക വിദഗ്ധരും സാമൂഹ്യ സംഘടനകളും റേറ്റിങ് എജൻസികളും നടത്തിയ വിലയിരുത്തലുകൾ ഓടിച്ചെന്നു പരിശോധിക്കുന്നത് ബഡ്ജറ്റിന്റെ ജനവിരുദ്ധ കോർപ്പറേറ്റ് അനുകൂല നിലപാട് മനസ്സിലാക്കാൻ സഹായകരമായിരിക്കുന്നു.



ആദ്യമായും പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞൻ പ്രഭാത്പട്നായിക്കിന്റെ വിലയിരുത്തൽ പരിശോധിക്കാം. ഗവൺമെന്റ് ഓഫ് ഇന്ത്യാസ് എക്കോണോമിക് സർവ്വേ - 2017-18 ന്റെ പശ്ചാത്തലത്തിലാണ് അദ്ദേഹം ബഡ്ജറ്റിന്റെ കാഴ്ചപ്പാടിനെ വിലയിരുത്തുന്നത്. ഇന്ത്യൻ സമ്പദ്ഘടന വളരെ വിഷമകരമായ ഘട്ടത്തിലൂടെയാണ് കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. ചിന്തിക്കുന്നവർക്കു ഈ പരിതസ്ഥിതി തുടരാനാണു സാദ്ധ്യത എന്നുതന്നെ കാണേണ്ടിവരും. ഈ സാമ്പത്തിക വർഷത്തെ - 2017-18 - ജി.ഡി.പി വളർച്ചാനിരക്ക് 6.76% ആണ്. ഇതാകട്ടെ ദാവോസിൽ നടന്ന വേൾഡ് ഇക്കണാമിക് ഫോറത്തിൽ അവതരിപ്പിക്കാൻ IMF തയ്യാറാക്കിയ ഇന്ത്യയുടെ സാമ്പത്തിക വളർച്ചാനിരക്കിന് സമീപത്താണ്. IMF വിലയിരുത്തൽ. 6.7% വും സെന്റർ ഓഫ് സോഷ്യൽ ഓർഗനൈസേഷന്റേത് - 6.5% ആണ്. ആ നിലയ്ക്ക് ഈ സ്ഥിതി തുടരു

ന്ന പക്ഷം 2018-19 ലെ ജി.ഡി.പി വളർച്ചാനിരക്ക് 7 - 7.5 വരെ ആയിരിക്കും എന്നു പ്രതീക്ഷിക്കാം. 2018-19 ലേക്ക് I-M-F വിലയിരുത്തൽ - 7.4% ആണ്.

ആഗോള സമ്പദ് വളർച്ച മുന്നോട്ട് പോകാനുള്ള സാദ്ധ്യതയുടെ പശ്ചാത്തലത്തിൽ ഇന്ത്യയുടെ കയറ്റുമതി വർദ്ധിപ്പിക്കും എന്നാണ് ബഡ്ജറ്റ് കാണുന്നത്. എന്നാൽ മോഡീ സർക്കാരിന്റെ നോട്ട് നിരോധനം പ്രതികൂല സാഹചര്യം സൃഷ്ടിച്ചിരിക്കുന്നു എന്നാണ് സർക്കാരിന്റെ സർവ്വേ റിപ്പോർട്ട് ശരിയായി വിലയിരുത്തിയിരിക്കുന്നത്. ഇത്തരം ശല്ല്യപ്പെടുത്തലുകൾ ഇനിയും ഉണ്ടാകാതിരിന്നാൽ സ്വകാര്യ നിക്ഷേപം വഴി എക്സ്പോർട്ട് ഒരു പക്ഷേ ഉയർന്നേക്കാം എന്നും വിലയിത്തുന്നു. എന്നാൽ രണ്ട് തരം ദോഷകരമായ ശല്യപ്പെടുത്തലിന് സാദ്ധ്യത ഉള്ളതായി പാട്നായിക് വിലയിരുത്തുന്നു. ഒന്ന്, ലോക കമ്പോളത്തിൽ ക്രൂഡോയിലിന്റെ വില ഉയർച്ച, മറ്റൊന്ന്, ഓഹരി കമ്പോളത്തിന്റെ കുതിപ്പിനേറ്റാക്കാവുന്ന തകർച്ച. അതുമൂലം സമ്പത്ത് പുറത്തേക്ക് ഒഴുകി പോകാവുന്ന അവസ്ഥ. ഇതൊക്കെ കൂടി സമ്പത്ത് വ്യവസ്ഥയെ പിന്നോട്ടടിക്കും എന്നും കാണാതിരിന്നുകൂടാ.

സർവ്വേ ചൂണ്ടിക്കാണിച്ച രണ്ട് വിഷയങ്ങൾക്കു പുറമേ സമ്പദ്ഘടനയുടെ വളർച്ചയെ ബാധിക്കാവുന്ന മറ്റ് വിഷയങ്ങളും പട്നായിക് ചൂണ്ടിക്കാണിക്കുന്നു. അമേരിക്കൻ പലിശനിരക്ക് വർദ്ധിപ്പിക്കാനുള്ള സാധ്യത. അമേരിക്കൻ ഫെഡറൽ റിസർവ് ബോർഡിന്റെ ചെയർപേഴ്സൺ ജാനറ്റ് എല്ലൻ ഇപ്പോൾ പലിശ കൂട്ടണമെന്ന അഭിപ്രായക്കാരിയല്ല. എല്ലൻന്റെ കാലാവധി അവസാനിക്കുകയാണ്. പകരം ചെയർമാനായി വരുന്ന ജറോം പവൽ നികുതി വർദ്ധിപ്പിക്കണെന്ന അഭിപ്രായക്കാരാനാണ്. റിപ്പബ്ലിക്കൻ പാർട്ടിയും പ്രസിഡന്റ് ട്രംമ്പും പലിശ വർദ്ധിപ്പിക്കണമെന്ന അഭിപ്രായക്കാരാണ്. ആ നിലയ്ക്ക് സമീപഭാവിയിൽ യു.എസ് പലിശ നിരക്ക് വർദ്ധിക്കും. ഇന്ത്യൻ ഷെയർമാർക്കറ്റിൽ നിന്നും പണം അമേരിക്കൻ ഡോളർ ബോണ്ടിലേക്ക് ഒഴുകും. തന്മൂലം ഇന്ത്യൻ മാർക്കറ്റ് തകർച്ചയും ഇന്ത്യൻ സമ്പദ് ഘടനയുടെ വളർച്ചപിന്നോട്ടടിക്കലും സംഭവിക്കും.

മറ്റൊരു പ്രധാന ഘടമാണ് ക്രൂഡ്ഓയിൽ വിലക്കയറ്റം. ഇപ്പോൾ ബാരലിന് വില 70 ഡോളറിന് മുകളിൽ എത്തിക്കഴിഞ്ഞു. അമേരിക്കൻ ക്രൂഡ്ഓയിൽ സ്റ്റോക്ക് കുറഞ്ഞിട്ടുണ്ട്. എണ്ണിവില ഇടിവിനെതുടർന്ന് ഉല്പ്പാദനചിലവ് കൂടിയ ഷേൽ ഓയിലിന്റെ ഉല്പാദനം യു.എസ് കുറവു ചെയ്തു. ക്രൂഡോയിൽ വില ഉയർന്നതിനെ തുടർന്ന് ഷേൽ ഓയിൽ നിർമ്മാണം വീണ്ടും വർദ്ദിപ്പിച്ചേക്കാം. എങ്കിലും ഒപ്പെക് രാജ്യങ്ങൾ ക്രൂഡ് ഓയിൽ ഉല്പാദനം കുറച്ചിരിക്കയാണ്. കൂടാതെ ഇറാനെതിരെ ട്രംമ്പ് വ്യാപാര നിരോധനം ശക്തിപ്പെടുത്തിയാൽ ക്രൂഡ് ഓയിൽ വില വീണ്ടും ഉയരും. അത് ഇന്ത്യയെ ദോഷകരമായി ബാധിക്കും. വിദേശനാണയ കരുതലിൽ ഇടിവുണ്ടാക്കും. ഇന്ത്യയുടെ ഇറക്കുമതിയേയും കയറ്റുമതിയേയും, ഇന്ത്യൻ ഉറുപ്പികയുടെ മൂല്യ ശോഷണത്തിലേക്കും അത് നയിക്കും.



എൻ. പത്മലോചനൻ

ഓയിൽ വിലവർദ്ധനവും അമേരിക്കൻ പലിശവർദ്ധനവും അതുമൂലം ലോക ഓഹരി കമ്പോളത്തിലുണ്ടാകാവുന്ന ഇടിവും ആഗോളസാമ്പത്തിക വളർച്ചയിൽ ഇടിവുണ്ടാക്കും. അത് ഇന്ത്യയുടെ സാമ്പത്തിക വളർച്ചയെ വരും മാസങ്ങളിൽ പിറകോട്ടടിക്കും. യു.എസിന്റെ ഓട്ട്സേഴ്സിങ്ങിലും, ഐ.റ്റി മേഖലയിലും മറ്റും തൊഴിലിനെത്തുന്നവരുടെ വിസ നൽകലിലും മറ്റും ഏർപ്പെടുത്തിയ കർശന നിയന്ത്രങ്ങൾ ഇന്ത്യൻ ഐ.റ്റി.സർവ്വീസ് സേവന മേഖലയെ വളരെ ദോശകരമായി ബാധിക്കുന്നതാണ്.

മറ്റൊരു ഘടകം ചൈനയുടെ നിലപാടാണ്. ചൈന ആഭ്യന്തരസാമ്പത്തിക വളർച്ചാ നിരക്ക് സ്വയം കുറച്ചുനിയന്ത്രിച്ചിരിക്കുന്നു. അമേരിക്കൻ ഇറക്കുമതിയിലെ കാർക്കശ്യം മൂലം ഉണ്ടാകുന്ന കയറ്റുമതി ഇടിവുനേരിടാൻ ഇന്ത്യയെപോലുള്ള വികസര രാജ്യങ്ങളുടെ ആഭ്യന്തര കമ്പോളം പടിക്കാൻ ചൈന വലിയ ശ്രമം നടത്തും. വിശിഷ്യ ദാവോസ് കൺഫ്രൻസിൽ ഇന്ത്യൻ പ്രധാനമന്ത്രി മോഡി പ്രസംഗിച്ചത് - വ്യാപാര ഉപരോധം ഭീകരവാദം പോലെ ചീത്ത കാര്യം ആണെന്നാണ്. (protatanism is as bad as terrorioum).

ചൈനയുടെ സമ്പദ് ഘടനയിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തികൊണ്ടിരിക്കയാണ്. ലോക സാമ്പത്തിക കുഴപ്പത്തെ തുടർന്ന് ചൈന കയറ്റുമതിയിലുള്ള ആശ്രിതത്വം കുറയ്ക്കുകയും അഭ്യന്തര കമ്പോളം വികസിപ്പിക്കുകയും ചെയ്യുന്നു. അതിനുവേണ്ടി ആഭ്യന്തര തൊഴിൽ മേഖലയിൽ പണി എടുക്കുന്നവരുടെ വേതനവും വർദ്ധിപ്പിക്കുന്നു. വിശിഷ്യ സമുദ്രതീര മേഖലകളിൽ പ്രത്യേകിച്ചും, അങ്ങിനെ ആഭ്യന്തര കമ്പോളം വികസിപ്പിക്കുന്നു.

മാത്രമല്ല കയറ്റുമതി കുറയുന്നതുമൂലം ചൈന വിദേശനാണ്യക്ഷാമം നേരിടാൻ പോകുന്നില്ല. ലോകത്തിലെ ഏറ്റവും കൂടുതൽ വിദേശനാണ്യ കരുതൽ ഉള്ള രാജ്യം ചൈനയാണ്. മൂന്നുലക്ഷം കോടി ഡോളറിനുമേൽ വിദേശനാണ്യ കരുതലുണ്ട്. എന്നാൽ ഇന്ത്യയുടെ സ്ഥിതി നേരെ മറിച്ചാണ്. വിദേശനാണ്യ കരുതൽ ശോഷിച്ചതാണ്. കയറ്റുമതി ഇടിവുണ്ടായാൽ വിദേശനാണ്യ കരുതൽ ഇടിയും. ഇന്ത്യൻ സമ്പദ് വ്യവസ്ഥാ വളർച്ചയ്ക്ക് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഇറക്കുമതി ഉല്പന്നങ്ങളാണ് ക്രൂഡോയിലും ഉരുക്ക് ഉൾപ്പെടെയുള്ള പല ലോഹങ്ങളും ചില ഭക്ഷ്യ വിഭവങ്ങളും. അതു

പോലെതന്നെ പ്രധാനമാണ് വലിയതോതിലുള്ള യുദ്ധോപകരണ ഇറക്കുമതിയും.

ഇന്ത്യൻ സാമ്പത്തിക സർവ്വേയിൽ ചിലവിപത്തുകൾ ചൂണ്ടി കാണിക്കുമ്പോൾ തന്നെ ആഭ്യന്തരസാമ്പത്തിക വളർച്ചയെ ദോഷകരമായി ബാധിക്കുന്ന പ്രശ്നങ്ങളാകെ കണക്കിലെടുത്തുകൊണ്ടുള്ള ഒരു ബദൽ നിർദേശം സർവ്വോപരി റിപ്പോർട്ടിലും ബഡ്ജറ്റിലും നിർദേശിക്കപ്പെട്ടില്ല.

ബഡ്ജറ്റിലാകട്ടെ ആകെ പ്രതിഫലിച്ചുകാണുന്നത് -2022 ഓടു കൂടി കാർഷികമേഖലയിൽ നിന്നും ഉള്ള വരുമാനം ഇരട്ടി ആക്കുമെന്നാണ്. എന്നാൽ ഈ ലക്ഷ്യം നേടാൻ എന്തെക്കെ നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുന്നതുമില്ല.

ഇനി ബഡ്ജറ്റിന്റെ പൊതുസ്വഭാവത്തെ ഒന്ന് പരിശോധിക്കാം :- മോഡി സർക്കാരിന്റെ വരുന്ന പൊതുതിരഞ്ഞെടുപ്പിനു മുമ്പുള്ള ഒരു പുർണ്ണ ബഡ്ജറ്റ് ആണ് - 2018-19. വൈദേശികവും ദേശീയവുമായ കോർപ്പറേറ്റുകളുടെ താല്പര്യങ്ങൾക്കാണ് പ്രഥമ പ്രാധാന്യം നൽകുന്നത്. തൊഴിലെടുത്തു ജീവിക്കുന്ന മഹാഭൂരിപക്ഷം വരുന്ന ജനസാമാന്യത്തെ കൂടുതൽ ആക്രമണവിധേയമാക്കുന്നു. സമ്പന്ന വിഭാഗത്തിനുമേലുള്ള നേരിട്ടുള്ള നികുതി വർദ്ധിപ്പിച്ച് റവന്യു വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിച്ചിട്ടില്ല. മറിച്ച് 1% വരുന്ന സമ്പന്നവർഗ്ഗത്തിന് 2017 ലെ സമ്പത്ത് വർദ്ധനവിന്റെ 73% വും കയ്യടക്കാൻ അവസരം നൽകിയിരിക്കുന്നു. മറിച്ച് കൂടുതൽ കൂടുതൽ പൊതുജനങ്ങളിൽ നിന്നും ഈടാക്കുന്ന പരോക്ഷ നികുതി ഉപയോഗിച്ച് സർക്കാരിന്റെ ചിലവുകൾ നടത്തുക എന്നതാണുനയം. സമ്പന്നരിൽ നിന്നീടാക്കുന്ന നേരിട്ടുള്ള നികുതി മൊത്തം നികുതി വരവിന്റെ 51% ത്തിൽ നിന്നും 50.6% ആയി കുറവ് ചെയ്തിരിക്കുന്നു. തൊഴിലവസരസൃഷ്ടിക്കും സാമൂഹ്യപരിരക്ഷയ്ക്കുമുള്ള വിഹിതം ജി.ഡി.പി യുടെ 13.2% ത്തിൽ നിന്നും 13% ആയി കുറച്ചു. കഴിഞ്ഞ വർഷം കേന്ദ്ര സാമൂഹ്യ പരിരക്ഷയ്ക്ക് മാറ്റിവച്ച തുക മുഴുവൻ ചെലവഴിക്കാതെ ധനകമ്മി പിടിച്ചു നിർത്തുന്നതിനാണ് ശ്രമിച്ചത്. ടാക്സ് റവന്യൂ കളക്ഷനിലും കഴിഞ്ഞ നിശ്ചയിച്ച നിരക്കിൽ കുറവുണ്ടായി. അതുമൂലം ധനകമ്മി പിടിച്ചുനിർത്താൻ ജനങ്ങളെ നേരിട്ട് ബാധിക്കുന്ന മേഖലകളിൽ ചിലവിൽ കുറവ് വരുത്തുന്നുണ്ട്. കാർഷിക മേഖലയിലും ഗ്രാമീണ മേഖലയിലും ചിലവ് ജി.ഡി.പി യുടെ 1.15% ത്തിൽ നിന്നും 1.08% ആയി കുറച്ചു. മൊത്തത്തിലുള്ള ആരോഗ്യസംരക്ഷണ ചിലവ് ജി.ഡി.പി യുടെ 0. 32%ത്തിൽ നിന്നും 0.29% ആയി കുറച്ചു. കേന്ദ്ര പൊതുവിദ്യാഭ്യാസ ചിലവ് 0.48% ത്തിൽ നിന്നും 4.5% ആയി കുറച്ചു. ഷെഡ്യൂൾഡ് ട്രൈബ്സിന്റെ പരിരക്ഷയ്ക്ക് മൊത്ത ബഡ്ജറ്റിന്റെ 1.6% വും ഷെഡ്യൂൾഡ് കാസ്റ്റിന്റെ പരിരക്ഷയ്ക്ക് ബഡ്ജറ്റിന്റെ 2.3% ആണ് വകയിരുത്തിരിക്കുന്നത്. ഈ രണ്ടു വിഭാഗങ്ങളുടെ ജനസംഖ്യാനുപാതികവുമായി നോക്കിയാൽ ഈ തുക വളരെ കുറവാണ്. തൊഴിലുറപ്പ് പദ്ധതിക് (MNREGA) കഴിഞ്ഞ ബഡ്ജറ്റിലെ 48000 കോടി തന്നെയാണ് ഈ ബഡ്ജറ്റിലും നീക്കിവച്ചിട്ടുള്ളത്.

ബഡ്ജറ്റിലെ മറ്റൊരു പ്രധാന പ്രഖ്യാപനം കാർഷിക ധാന്യഉല്പന്നങ്ങൾക്ക് ഉല്പാദന ചെലവിന്റെ പകുതി കൂടി (50%) വർദ്ധിപ്പിച്ച് താങ്ങുവില നൽകുമെന്നതാണ്. രാജ്യത്താകെ റാബി വിളവെടുപ്പിലെ ബഹുഭൂരിപക്ഷം ഉല്പന്നങ്ങൾക്കും ചുരുങ്ങിയത് ചിലവിന്റെ 50% കൂടി വർദ്ധിപ്പിച്ചു താങ്ങുവില നൽകും എന്ന് കഴിഞ്ഞ വർഷം പ്രഖ്യാപിച്ചിരുന്നു. പക്ഷേ രാജ്യത്ത് ഒരിടത്തും ഇതു നടപ്പിൽ വരുത്തിയില്ല. വിള വായ്പാ വ്യാപ്തത്തെപ്പറ്റി വ്യക്തമായി ഒന്നും പറഞ്ഞിട്ടില്ല. കർഷകകരുടെ വായ്പ്പ ബാദ്ധ്യത എഴുതി തള്ളുന്നതിനെപ്പറ്റി ഒന്നും പറഞ്ഞിട്ടില്ല. കടബാദ്ധ്യത മൂലം കൂടുതൽ കർഷകർ ആത്മഹത്യയിലേക്ക് തള്ളപ്പെടും. ഇടത്തരം വിഭാഗത്തിന് നേരിട്ടുള്ള യാതൊരു ഗുണവും ബഡ്ജറ്റിൽ ലഭിക്കുന്നില്ല. ഫലത്തിൽ ജീവനക്കാരുടെ വരുമാനത്തിൽ ഇടിവുണ്ടാകും. പെട്രോളിന്റെയും ഡീസലിന്റെയും വില 2% കുറച്ചു. പകരം സെസ്സ് 6 രൂപയിൽ നിന്നും 8 രൂപയാക്കി ഉയർത്തി. വലത്തേകയ്യിൽ നിന്നും ഇടത്തേകയ്യിലേക്കുള്ള മാറ്റം. കാൺട്രാക്ട് സമ്പ്രദായവും വ്യാപകമാക്കുന്നു. ലാഭകരമായി പ്രവർത്തിക്കുന്ന നിർണ്ണായക മേഖലകളിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റ് തുലയ്ക്കുന്നു. ഇത് വ്യാപകമായ സ്വകാര്യവത്ക്കരണമാണ്.

**വ്യാപാര കമ്മി പെരുകുന്നു**

ജനുവരിയിൽ കയറ്റുമതി 9% കൂടിയപ്പോൾ ഇറക്കുമതി 26% വർദ്ധിച്ചു. കയറ്റുമതി 2438 കോടി ഡോളർ ആയി. മുൻ വർഷം ജനുവരിയെക്കാൾ 9% കൂടി. ഇറക്കുമതി 4068 കോടി ഡോളർ. മുൻ വർഷത്തെ അപേക്ഷിച്ച് 26.1% കൂടി. ഇറക്കുമതി ചിലവും കയറ്റുമതി ചിലവും തമ്മിലുള്ള അന്തരമായ വ്യാപാരകമ്മി 1630 കോടി ഡോളർ ആയി. മുൻ വർഷത്തെ ഏറ്റവും ഉയർന്ന വ്യാപാര കമ്മിയാണിത്. മുൻ വർഷം ഏപ്രിൽ മുതൽ 2018 ജനുവരി വരെ 24789 കോടി ഡോളർ ഇറക്കുമതിയിലൂടെ നേടയിപ്പോൾ 37900 കോടി ഡോളറിന്റെ ഇറക്കുമതിയാണ് നടന്നത്. വ്യാപാരകമ്മി 13115 കോടി ഡോളർ. കയറ്റുമതിയിലെ പ്രധാന ഇനമായിരുന്ന റെഡിമെയിഡ് വസ്ത്ര കയറ്റുമതി കുറഞ്ഞു. സ്വർണ്ണം ഇറക്കുമതി 2017 ജനുവരിയിലേതിനേക്കാൾ 22% താഴ്ന്നു. എന്നാൽ എണ്ണ ഇറക്കുമതി 42.64% വർദ്ധിച്ചു.

## ബഡ്ജറ്റിനെപ്പറ്റി

**ബി.എം.എസ് ജനറൽ സെക്രട്ടറി വിർജേഷ് ഉപാധ്യായ - ഫ്രണ്ട് ലൈനിനു നൽകിയ അഭിമുഖം**

മോഡി സർക്കാർ ട്രേഡ് യൂണിയനുകളെ തകർക്കുന്നു എന്ന് ബി.എം.എസ് ആക്ഷേപം ഉന്നയിച്ചിരിക്കുന്നു. ട്രേഡ് യൂണിയനുകളുടെ പ്രസക്തി

നഷ്ടപ്പെടുത്തും വിധമുള്ള നിരവധി നിർദേശം അടങ്ങിയതാണ് ധനമന്ത്രി അരുൺ ജെറ്റ്ലി അവതരിപ്പിച്ച ബഡ്ജറ്റ് എന്ന് ബി.എം.എസ് ജനറൽ സെക്രട്ടറി വിർജേഷ് ഉപാധ്യായ ഫ്രണ്ട് ലൈനിനു നൽകിയ അഭിമുഖത്തിൽ പറഞ്ഞു. നികുതി സ്ലാബ് പരിഷ്കരിക്കാത്തതു മൂലം എട്ടാം ശമ്പളകമ്മീഷൻ റിപ്പോർട്ട് നടപ്പാക്കിയതിന്റെ സാമ്പത്തികനേട്ടം ജീവനക്കാർക്കു ലഭിക്കില്ല. ശമ്പളത്തിലെ വർദ്ധനനികുതിയായി സർക്കാരിനു തന്നെ തിരികെ ലഭിക്കും. ശമ്പളം അദ്ധ്വാനത്തിന്റെ പ്രതിഫലമാണ്. അതിൽ നികുതി ഏർപ്പെടുത്താൻ പാടില്ലെന്നും അദ്ദേഹം പറഞ്ഞു. അങ്കണവാടി ജീവനക്കാർ ഉൾപ്പെടെഉള്ള സ്കീം വർക്കേഴ്സിനെ തൊഴിലാളികളായി കാണാത്തത് അനീതിയാണ്. എല്ലാ മേഖലയിലും കരാർ തൊഴിൽ അനുവദിച്ചുകൊണ്ടുള്ള ബഡ്ജറ്റിലെ പ്രഖ്യാപനം ട്രേഡ് യൂണിയനുകളോടുള്ള അവഹേളനമാണ്. വനിതാ ജീവനക്കാരുടെ പി. എഫ് വിഹിതം 12% ത്തിൽ നിന്നും 8% ആയി കുറച്ചത് അനീതിയാണ്. മൂന്ന് ഇൻഷ്വറൻസ് കമ്പനികളെ ലയിപ്പിക്കാനുള്ള തീരുമാനം ഏകപക്ഷീയമാണ്. ജീവനക്കാരുടെ ട്രേഡ് യൂണിയനുകളുമായി ആലോചിക്കണമായിരുന്നു. തിരഞ്ഞെടുപ്പുകൾ വെറും കച്ചവടമായി മാറികൊണ്ടിരിക്കുന്നു. ആരു ഭരിക്കണമെന്ന കോർപ്പറേറ്റുകൾ തീരുമാനിക്കുന്ന സ്ഥിതി. രാജ്യത്തെ 73% സ്വത്ത് കൈയാളുന്നത് 1% അതിസമ്പന്നർ. ഏറ്റവും കൂടുതൽ ദരിദ്രർ ജീവിക്കുന്ന രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയുടെ സ്ഥാനം 6 -മതാണ്. ദരിദ്രർ കൂടുതൽ ദരിദ്രരാകുന്ന സാമ്പത്തിക മാതൃക മാറിയില്ലെങ്കിൽ ദരിദ്രകോടികൾക്കു ഇന്ത്യയിൽ രക്ഷ ഇല്ലെന്നും ഉപാധ്യായ പറഞ്ഞു.

### ബഡ്ജറ്റിനെപ്പറ്റി ലളിത്ശേഷൻ മുക്തി മഞ്ചിന്റെ പ്രതികരണം

ഷെഡ്യൂൾഡ് കാസ്റ്റ് വിഭാഗത്തിന് ബഡ്ജറ്റിൽ അനുവദിച്ച തുകയിൽ കടുത്ത നിരാശ പ്രകടിപ്പിച്ചു. കഴിഞ്ഞ ബഡ്ജറ്റിൽ അനുവദിച്ച - 52000 രൂപയുടെ സ്ഥാനത്ത് 2018-19 ലെ ബഡ്ജറ്റിൽ 56000 രൂപയാണ് വകകൊള്ളിച്ചിരിക്കുന്നത്. ഷെഡ്യൂൾഡ് വിഭാഗത്തിനുള്ള സബ് പ്ലാൻ സംവിധാനം കഴിഞ്ഞ ബഡ്ജറ്റിൽ തന്നെ ഒഴിവാക്കിയിരുന്നു. മാത്രമല്ല നരേന്ദ്ര ജാദവ് കമ്മിറ്റിയുടെ ശുപാർശകളും തള്ളിക്കളഞ്ഞു. ശുപാർശ അനുസരിച്ച് ഷെഡ്യൂൾഡ് കാസ്റ്റിന്റെ വെൽഫെയർ പരിപാടികൾക്ക് മൊത്തം ബഡ്ജറ്റിന്റെ 4.5% വകയിരുത്തണം എന്നാണ്. ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത് 3.8% മാണ്. മാത്രമല്ല അനുവദിക്കുന്ന ഫണ്ടിൽ നല്ല ഒരു ഭാഗം ലാപ്സാക്കുകയാണ് പതിവ്. ഈ ബഡ്ജറ്റിൽ അനുവദിച്ച തുക മുഴുവൻ പദ്ധതികൾക്കും വെൽഫെയറിനുമായി ചിലവാക്കും എന്നതിന് യാതൊരു ഉറപ്പും ഇല്ല. അതുകൊണ്ട് ബഡ്ജറ്റിൽ ജനസംഖ്യാനുപാതികമായി ഫണ്ട് അനുവദിക്കണമെന്നും, അനുവദിച്ച ഫണ്ട് മുഴുവൻ ക്രമപ്രകാരം ചിലവാക്കുമെന്ന് ഉറപ്പ് ചെയ്യണമെന്നും അവർ ആവശ്യപ്പെട്ടു.

### കാർഷികമേഖല

കാർഷിക മേഖലയിലെ വിളമ്പരം വെറും ഒരു പുകമറയാണ്. 2017-18 ലെ കാർഷികമേഖലയിലെ പരിതാപകരായ വളർച്ചാനിരക്ക് ശക്തമായ കർഷക പ്രക്ഷോഭണങ്ങൾക്കു വഴിതെളിച്ചു. അവർ ഉന്നയിച്ച പ്രധാനപ്പെട്ട രണ്ട് ആവശ്യങ്ങളിൽ ഒന്ന്, ഉല്പാദന ചിലവിന്റെ ഒന്നരഇരട്ടി ഉല്പന്നങ്ങൾക്ക് താങ്ങുവില പ്രഖ്യാപിക്കുക, രണ്ട്, കാർഷിക തകർച്ചയ്ക്ക് ആശ്വാസമെന്ന നിലയിൽ ഗവൺമെന്റ് അർദ്ധ പൂർണ്ണമായ കടാശ്വാസ പാക്കേജ് പ്രഖ്യാപിക്കണം.

ബഡ്ജറ്റിൽ ഉല്പാദനചിലവിന്റെ ഒന്നരഇരട്ടി താങ്ങുവിലയായി പ്രഖ്യാപിക്കും എന്ന് ജറ്റ്ലി പ്രഖ്യാപിച്ചു. അനുഭവത്തിൽ നിന്നും ഇത് എത്രത്തോളം പാലിക്കും എന്ന് പറയാനാവില്ല. ഭൂരിഭാഗം റാബി വിളകൾക്കും കഴിഞ്ഞ പ്രാവശ്യം തന്നെ താങ്ങുവില പ്രഖ്യാപിച്ചു എന്ന് ജറ്റ്ലി അവകാശപ്പെട്ടു. എന്നാൽ കണക്കുപ്രകാരം കഴിഞ്ഞ പ്രാവശ്യം ഗോതമ്പിന്റെ ഉല്പാദന ചിലവിനെക്കാൽ 35.1% വും ബാർലിയുടേത് 18.4%, പയറിന്റേത് 25.6% വും കടുകിന്റേത് 6.4% വും മാത്രമാണ് താങ്ങുവിലയായി പ്രഖ്യാപിച്ചത്. ഫലപ്രദമായ സംഭരണ സംവിധാനം ഉണ്ടാവണം. ഗവൺമെന്റ് നിശ്ചയിക്കുന്ന ഏജൻസിക്കോ സഹകരണ സ്ഥാപനത്തിനോ ഉല്പന്നംനൽകുന്നത് വെറും 5% കർഷകർ മാത്രമാണ്. നെൽകർഷകരിൽ 31% വും ഗോതമ്പ് കർഷകരിൽ 29% മാത്രമേ താങ്ങുവിലയെപ്പറ്റി അറിഞ്ഞിട്ടുപോലുമുള്ളു.

2013 -14 -ൽ കോൺഗ്രസ്സ് സർക്കാർ ബഡ്ജറ്റിൽ മാറ്റി വച്ചതിനെക്കാൾ കുറഞ്ഞ ശതമാനമാണ് 2018 ലെ ബഡ്ജറ്റിൽ വിദ്യാഭ്യാസ മേഖലയ്ക്ക് വകയിരുത്തിയിരിക്കുന്നത്. 25 വയസ്സിനു താഴെയുള്ളവരുടെ കണക്കിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന രാജ്യമാണ് ഇന്ത്യ. പ്രൈമറി തലം മുതൽ ഉന്നത വിദ്യാഭ്യാസം വരെ കടന്നുവരണ്ടവരാണിവർ, പക്ഷേ അതു കണക്കിലെടുത്തല്ല ബഡ്ജറ്റ് തുക നിശ്ചയിച്ചിരിക്കുന്നത്.

വിസർജ്യ ശുചീകരണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളിൽ 99% ഷെഡ്യൂൾഡ് ജാതിയിലും പിന്നോക്ക ജാതികളിലും പെട്ടവരാണ്. അവരുടെ പുനരധിവാസത്തിനു മാറ്റി വച്ചിരിക്കുന്നത് വെറും 20 കോടി രൂപയാണ്. സഫായ് കർമ്മചാരി ഫിനാൻസ് കോർപ്പറേഷൻ മുൻ വർഷം നീക്കി വച്ച 45 കോടി രുപയിൽ നിന്നും ഈ വർഷവും 30 കോടി രൂപയായി ചുരുക്കിയിരിക്കുന്നു.

ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നത് ഈ ബഡ്ജറ്റ് മഹാഭൂരിപക്ഷം ജനവിഭാഗങ്ങളെ സംബന്ധിച്ചും, അദ്ധ്വാനിച്ചു ഉപജീവനം നടത്തുന്നവരെ സംബന്ധിച്ചും ഒരു വലിയ തട്ടിപ്പാണ്. ഈ വസ്തുതകൾ തുറന്നുകാട്ടി ബഡ്ജറ്റിനെതിരെ വമ്പിച്ച ബഹുജനാഭിപ്രായം രൂപീകരിക്കാൻ തൊഴിലാളി സംഘടനകൾ മുന്നിട്ടിറങ്ങണം. ■

# പട്ടുവം സർവീസ് സഹകരണ ബാങ്ക്

**ലിമിറ്റഡ് നമ്പർ സി 132, പട്ടുവം പി ഒ, Email: pattuvamscb@gmail.com**

Class I Special Grade Bank

**ഹെഡ് ഓഫീസ്:** പട്ടുവം 04602 220075

**ബ്രാഞ്ചുകൾ:** മെയിൻ ബ്രാഞ്ച്, പട്ടുവം (04602 221105), പറപ്പൂൽ ബ്രാഞ്ച് (04602 220312)
മംഗലശേരി ബ്രാഞ്ച് (04602 221075), പാലേരി പറമ്പ ബ്രാഞ്ച് (04602 200710)
വെള്ളിക്കീൽ റോഡ് ജംഗ്ഷൻ ഈവനിംഗ് ബ്രാഞ്ച് (04602 879146)

**മെയിൻ ബ്രാഞ്ചിൽ ലോക്കർ സൗകര്യം ലഭ്യമാണ്**

**നീലാങ്കോൽ ബാലൻ**
പ്രസിഡന്റ്

**ശ്രീനിവാസൻ കെ പി**
സെക്രട്ടറി

# ആലക്കോട് സർവീസ് സഹകരണ ബാങ്ക്

**ക്ലിപ്തം നമ്പർ സി 239, ഹെഡ് ഓഫീസ്- ആലക്കോട്, ആലക്കോട് പി ഒ,**
**കണ്ണൂർ, Pin 670571, Phone No- 0460 2255527**

**ബ്രാഞ്ചുകൾ:** കാർത്തികപുരം (2286749), ഉദയഗിരി (2286627),രയറോം (2285227),
ആലക്കോട് ഈവനിംഗ് (2256421), നെല്ലിപ്പാറ ഈവനിംഗ് (2255024)

നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ നിരക്ക്
സേഫ് ഡെപോസിറ്റ് ലോക്കർ സൗകര്യം
വിവിധ സലകളിൽ പ്രതിമാസ നിക്ഷേപ പദ്ധതികൾ

**ജോസ് പുള്ളീറ്റ്**
പ്രസിഡന്റ്

**സെലിൻ മാത്യു**
സെക്രട്ടറി

# മയ്യിൽ സർവീസ് സഹകരണ ബാങ്ക്

**ലിമിറ്റഡ് നമ്പർ സി 343, മയ്യിൽ, കണ്ണൂർ ജില്ല- 670602**
**Phone- 04602 275217, 2774287, mob. 9446315217**
**Email: mayyilbank@gmail.com, Website- mayyilbank.com**

Class I Super Grade Bank

**ബ്രാഞ്ചുകൾ:** മയ്യിൽ മെയിൻ- 2275217, കടൂർ- 2275317, അരിമ്പ്ര- 2240117, പെരുമാച്ചേരി- 2242689
മയ്യിൽ ടൗൺ- 2275891, പറശിനിക്കടവ് റോഡ് ഈവനിംഗ്- 2240217, ഇരുവാമ്പുഴ നമ്പ്രം- 2277817

**സെൻട്രലൈസ്ഡ് കോർ ബാങ്കിംഗ് സംവിധാനത്തിൽ**
**എല്ലാ ബ്രാഞ്ചുകളിലെയും ഇടപാട് നടത്താൻ സൗകര്യം**

**എ ബാലകൃഷ്ണൻ**
പ്രസിഡന്റ്

**സി രാജൻ**
സെക്രട്ടറി

# സംഘടനാ വാർത്തകൾ

### ജനുവരി 19: തൊഴിലാളികർഷക ഐക്യദിനം

വിലക്കയറ്റം നിയന്ത്രിക്കുക, പൊതുവിതരണ സമ്പ്രദായം സാർവത്രികമാക്കുക, അവശ്യസാധനങ്ങളുടെ അവധിവ്യാപാരം നിയന്ത്രിക്കുക, സ്വാമിനാഥന്‍ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കാർഷിക വിളകൾക്ക് ന്യായവില ഉറപ്പാക്കുക, പാവപ്പെട്ട കർഷകരുടെയും കർഷക തൊഴിലാളികളുടെയും കടങ്ങൾ എഴുതി തള്ളുക തുടങ്ങിയ വിവിധ ആവശ്യങ്ങളുന്നയിച്ച് സിഐടിയു, കർഷക സംഘം, കർഷക തൊഴിലാളി യൂണിയൻ എന്നീ സംഘടനകൾ സംസ്ഥാന വ്യാപകമായി സംയുക്തമായി ദിനാചരണം സംഘടിപ്പിച്ചു.

### കൈത്തറി തൊഴിലാളി സമരം

കൈത്തറിയെ ജിഎസ്ടിയിൽ നിന്ന് ഒഴിവാക്കുക, ക്ഷേമനിധി പെൻഷൻ വർധിപ്പിക്കുക, മിനിമം കൂലി പുതുക്കി നിശ്ചയിക്കുക, തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് ജനുവരി 23 ന് സെക്രട്ടറിയേറ്റിലേക്ക് മാർച്ച് നടത്തി. സ: ആനത്തലവട്ടം ആനന്ദൻ ഉത്ഘാടനം ചെയ്തു. അന്നേ ദിവസം ജില്ലാ കലക്ട്രേറ്റിലേക്കും പ്രതിഷേധ മാർച്ചും ധർണയും നടത്തി.

### വാട്ടർ അതോറിറ്റി കരാർ തൊഴിലാളികൾ

വാട്ടർ അതോറിറ്റി കരാർ തൊഴിലാളികളെ തൊഴിലാളികളായി അംഗീകരിക്കുക, തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുക, ക്ഷേമനിധി നടപ്പിലാക്കുക എന്നീ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് 2018 ജനുവരി 23 ന് നിയമസഭാ മാർച്ച് നടത്തി. സിഐടിയു സെക്രട്ടറി പി പി ചിത്തരഞ്ജൻ ഉത്ഘാടനം ചെയ്തു.

### മോട്ടർ തൊഴിലാളി പണിമുടക്കം

മോട്ടോർ വ്യവസായ സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ പെട്രോൾ ഡീസൽ വില വർധനവിനെതിരെ സ്വകാര്യ മോട്ടോർ വാഹന തൊഴിലാളികളും ഓപ്പറേറ്റർമാരും കെഎസ്ആർടിസി ജീവനക്കാരും ജനുവരി 24 ന് നടത്തിയ പണിമുടക്കം സംസ്ഥാനത്ത് നല്ല വിജയമായിരുന്നു. തിരുവനന്തപുരത്ത് 6 ഏരിയാ കമ്മിറ്റികൾ കേന്ദ്രീകരിച്ച് തമ്പാനൂർ റെയിൽവെ സ്റ്റേഷനിൽ നിന്ന് ആരംഭിച്ച പ്രകടനം ഏജീസ് ഓഫീസിനു മുന്നിൽ സിഐടിയു സംസ്ഥാന സെക്രട്ടറി എളമരം കരീം ഉത്ഘാടനം ചെയ്തു. സഖാക്കൾ കെ കെ ദിവാകരൻ, വി ശിവൻകുട്ടി എന്നിവർ സംസാരിച്ചു. അന്നേ ദിവസം 13 ഏരിയാ കേന്ദ്രങ്ങളിലും തൊഴിലാളികൾ പ്രതിഷേധ പ്രകടനം നടത്തി. 23 ന് എല്ലാ ഏരിയയിലും പന്തം കൊളുത്തി പ്രകടനം നടത്തി.

### കെഎംഎസ്ആർഎ

പേറ്റന്റ് മരുന്നുകൾ ഉൾപ്പെടെ എല്ലാ മരുന്നുകളുടെയും ചികിത്സാ ഉപകരണങ്ങളുടെയും വില നിയന്ത്രിക്കുക, പൊതുമേഖലാ ഔഷധ കമ്പനികളെ പുനരുജ്ജീവിപ്പിക്കുക നിർദ്ദിഷ്ട നാഷണൽ മെഡിക്കൽ കമ്മീഷൻ ബില്ല് പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് തൊഴിലാളികൾ ജനുവരി 22 ന് രാജ്ഭവൻ മാർച്ച് സംഘടിപ്പിച്ചു. ആനത്തലവട്ടം ആനന്ദൻ ഉത്ഘാടനം ചെയ്തു.

### ഹൗസിംഗ് ബോർഡ് ജീവനക്കാർ

കടക്കെണിയിൽ നിന്ന് ഹൗസിംഗ് ബോർഡിനെ രക്ഷിക്കുക, ശമ്പള പരിഷ്കരണം നടപ്പിലാക്കുക, ലൈഫ് പദ്ധതിയിൽ ഹൗസിംഗ് ബോർഡിനെ ഉൾപ്പെടുത്തുക തുടങ്ങിയ വിവിധ ആവശ്യങ്ങളുന്നയിച്ച് സംയുക്ത സമരസമിതിയുടെ നേതൃത്വത്തിൽ ജീവനക്കാർ ജനുവരി 25 ന് ഹെഡ് ഓഫീസിനു മുമ്പിൽ ഏകദിന സത്യാഗ്രഹ സമരം നടത്തി.

കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ നടന്ന ഫെബ്രുവരി ഏഴിന്റെ ദേശീയ പ്രക്ഷോഭത്തിന്റെ ഭാഗമായി മലപ്പുറത്ത് നടന്ന ദൂരദർശൻ മാർച്ചും ധർണയും സ. ജോർജ് കെ. ആന്റണി ഉൽഘാടനം ചെയ്യുന്നു.



# സ്കീം വർക്കേഴ്സിന്റെ ദേശീയ സമരം

സ്കീം വർക്കേഴ്സിന് മിനിമം വേതനം 18,000 രൂപ ആക്കുക, 3000 രൂപയിൽ കുറയാത്ത പെൻഷൻ ആവിഷ്കരിക്കുക, സ്വകാര്യവൽക്കരണ നീക്കം ഉപേക്ഷിക്കുക, കേന്ദ്രാവിഷ്കൃത പദ്ധതിയിൽ മാന്യമായ മിനിമം വേതനവും മറ്റാനുകൂല്യങ്ങളും വർധിപ്പിക്കാൻ കഴിയുംവിധം 2018- 19 ബജറ്റിലെ തുക വകയിരുത്തുക തുടങ്ങിയ വിവിധ ആവശ്യങ്ങളുന്നയിച്ച് 2018 ജനുവരി 17 ന് അംഗൻവാടി, ആഷ, സ്കൂൾ പാചകം, മഹിളാ പ്രധാൻ തുടങ്ങിയ ജീവനക്കാർ സംയുക്തമായി തിരുവനന്ത



തിരുവനന്തപുരം



കോഴിക്കോട്

പുരത്ത് ഏജീസ് ഓഫീസിലേക്കും മറ്റ് ജില്ലകളിൽ കേന്ദ്ര സർക്കാർ ഓഫീസുകളിലേക്ക് പ്രതിഷേധ മാർച്ചും തുടർന്ന് ധർണയും നടത്തി.

സമരം വിജയിപ്പിക്കുന്നതിന്റെ ഭാഗമായി 2017 ഡിസംബർ 20 ന് സിഐടിയു ഓഫീസിൽ വച്ച് സ: കെ പി സഹദേവന്റെ അധ്യക്ഷതയിൽ കേന്ദ്ര ട്രേഡ് യൂണിയനുകളുടെയും സ്കീം



കണ്ണൂർ



മലപ്പുറം

വർക്കേഴ്സിന്റെയും സംയുക്ത യോഗം ചേർന്നു. ഐഎൻടിയുസി, എഐടിയുസി, സിഐടിയു, എസ്ടിയു എന്നീ സംഘടനകളുടെ പ്രതിനിധികൾ പങ്കെടുത്തു. ജനുവരി 10 നകം ജില്ലകളിൽ വിപുലമായ ജില്ലാ കൺവെൻഷനുകളും പിന്നീട് ബ്ലോക്ക് തല കൺവെൻഷനുകളും നടന്നു. നോട്ടീസ്, പോസ്റ്റർ, ബോർഡ് എന്നിവ ജില്ലാടിസ്ഥാനത്തിൽ തയാറാക്കി പ്രചരണം നടത്തി.

---



ഓർഗനൈസേഷൻ ഓഫ് വർക്കേഴ്സ് ആന്റ് സോഷ്യൽ കൗൺസിലേഴ്സ് യൂണിയൻ ശേഖരിച്ച സിഐടിയു സന്ദേശത്തിന്റെ വരിസംഖ്യ സ. എളമരം കരീമിന് കൈമാറുന്നു. സമീപം സ. ആനത്തലവട്ടം ആനന്ദൻ.

ഇലക്ട്രിക്കൽ വയർമെൻ ആന്റ് സൂപ്പർവൈസേഴ്സ് അസോസിയേഷൻ ഓഫ് കേരള സംഘടിപ്പിച്ച സംസ്ഥാന കൺവൻഷൻ സ. എം.എം. വർഗീസ് ഉൽഘാടനം ചെയ്യുന്നു.



# ന്യൂ ജനറേഷൻ ബാങ്ക്സ് ആന്റ് ഇൻഷുറൻസ് സ്റ്റാഫ് അസോസിയേഷന്റെ ഹ്രസ്വ ചിത്ര പ്രദർശനം



ന്യൂ ജനറേഷൻ ബാങ്ക്സ് ആന്റ് ഇൻഷുറൻസ് സ്റ്റാഫ് അസോസിയേഷൻ- സിഐടിയു തയാറാക്കിയ ഹ്രസ്വ ചിത്ര പ്രദർശനം തിരുവനന്തപുരം സിഐടിയു സംസ്ഥാന കമ്മിറ്റി ഓഫീസിൽ വച്ച് സംസ്ഥാന ജനറൽ സെക്രട്ടറി സ. എളമരം കരീം ഉത്ഘാടനം ചെയ്തു.

കേരളത്തിലെ സിഐടിയുവിന്റെ എല്ലാ തൊഴിലാളി നേതാക്കന്മാരും പങ്കെടുത്ത ചടങ്ങിൽ വ്യത്യസ്തമായ രീതിയിൽ ഈ മേഖലയിലെ ജീവനക്കാർ സംഘടിക്കേണ്ടതിന്റെ ആവശ്യം ബോധ്യപ്പെടുത്താനുള്ള NGBISA-CITU വിന്റെ ശ്രമത്തെ എളമരം കരീം പ്രത്യേകം പ്രശംസിച്ചു. അഖിൽ പോണ്ടി സംവിധാനവും അഭിലാഷ് മുല്ലശേരി ഛായാഗ്രഹമവും നിർവഹിച്ച ഹ്രസ്വചിത്രത്തിൽ നായകവേഷവും കഥയും നിർവഹിച്ചിരിക്കുന്ത് ശ്രീകാന്ത് ബാലചന്ദ്രനാണ്. ആശയം സംഘടനാ ജനറൽ സെക്രട്ടറി സുമേഷ് പത്മന്റേതുമാണ്. ചടങ്ങിൽ സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ, സംഘടനാ സംസ്ഥാന പ്രസിഡന്റ് എ സിയാവുദീൻ, ജനറൽ സെക്രട്ടറി സുമേഷ് പത്മൻ, വൈസ്പ്രസിഡന്റുമാരായ കെ എസ് സുനിൽകുമാർ, എസ് കൃഷ്ണമൂർത്തി തുടങ്ങി കേരളത്തിലെ എല്ലാ സംഘടനാ നേതാക്കന്മാരും പങ്കെടുത്തു.

---




ആർട്ടിസാൻസ് യൂണിയൻ സംഘടിപ്പിച്ച ധർണ പത്തനംതിട്ടയിൽ ഹെഡ് പോസ്റ്റ് ഓഫീസിന് മുന്നിൽ യൂണിയൻ ജനറൽ സെക്രട്ടറി സ. നെടുവത്തൂർ സുന്ദരേശൻ ഉൽഘാടനം ചെയ്യുന്നു.




പാളയം രക്തസാക്ഷി മണ്ഡപത്തിൽ നിന്ന് ആരംഭിച്ച ആഭരണ നിർമാണ തൊഴിലാളികളുടെ സെക്രട്ടറിയറ്റ് മാർച്ച്.



കേരള സ്റ്റേറ്റ് പ്രൈവറ്റ് ഹോസ്പിറ്റൽ എംപ്ലോയീസ് ഫെഡറേഷൻ (സിഐടിയു) 10-ാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ചു തയാറാക്കിയ സുവനീർ പ്രകാശനം ചെയ്തു. കണ്ണൂർ സി കണ്ണൻ സ്മാരക മന്ദിരത്തിൽ വെച്ച് നടന്ന ചടങ്ങിൽ സിഐടിയു സംസ്ഥാന സെക്രട്ടറി സ. കെ പി സഹദേവൻ പ്രകാശനം നിർവഹിച്ചു.

# മുഹമ്മദ് അമീന്റെ നിര്യാണം ഇന്ത്യൻ തൊഴിലാളി വർഗത്തിന് തീരാനഷ്ടം



ഇന്ത്യൻ തൊഴിലാളി വർഗ പ്രസ്ഥാനത്തിന്റെ സമുന്നത നേതാവും, സിഐടിയു അഖിലേന്ത്യാ ജനറൽ സെക്രട്ടറിയും, സിപിഐഎം പോളിറ്റ് ബ്യൂറോ അംഗവുമായിരുന്ന സ: മുഹമ്മദ് അമീന്റെ നിര്യാണത്തിൽ സിഐടിയു സംസ്ഥാന സെക്രട്ടറിയേറ്റ് അഗാധമായ ദുഖവും അനുശോചനവും രേഖപ്പെടുത്തി. ഒരു ചണമിൽ തൊഴിലാളിയായി പതിനാലാം വയസിൽ ജോലിയിൽ പ്രവേശിച്ച സ: അമീൻ പ്രക്ഷോഭ സമരത്തിൽ പങ്കെടുത്തുകൊണ്ട് തൊഴിലാളി സംഘടനകൾക്ക് നേതൃത്വം നൽകുകയും പശ്ചിമ ബംഗാളിലെ നിരവധി ട്രേഡ് യൂണിയൻ സംഘടനകളുടെ നേതൃത്വത്തിലേക്ക് ഉയർന്നു വരികയും ചെയ്തു. 1987 ൽ സിഐടിയുവിന്റെ അഖിലേന്ത്യാ ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. പശ്ചിമ ബംഗാളിലെ ഇടതുപക്ഷ ഗവണ്മെന്റിൽ തൊഴിൽ ഗതാഗത വകുപ്പ് മന്ത്രിയായും രണ്ടു തവണ രാജ്യസഭാംഗമായും തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം സിപിഐഎംന്റെ പോളിറ്റ് ബ്യുറോ മെമ്പറായി പ്രവർത്തിക്കുകയുണ്ടായി. സ. മുഹമ്മദ് അമിന്റെ ത്യാഗനിർഭരമായി ജീവിതം തൊഴിലാളി വർഗ പ്രസ്ഥാനത്തിന് എന്നും ഒരു വഴികാട്ടിയാണ്. സഖാവിന്റെ നിര്യാണത്തിൽ സിഐടിയു സംസ്ഥാന സെക്രട്ടറിയേറ്റ് അഗാധമായ ദുഖം രേഖപ്പെടുത്തുന്നു.

# സിഐടിയു അഖിലേന്ത്യാ ജനറൽ കൗൺസിൽ

## കോഴിക്കോട് (2018 മാർച്ച് 23-26)

കോഴിക്കോട് ചേരുന്ന സിഐടിയുഅഖിലേന്ത്യാ ജനറൽ കൗൺസിൽ സമ്മേളനം ചരിത്ര വിജയമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതമായി നടന്നു വരുന്നു.

2017 ഡിസംബർ 21 ന് കോഴിക്കോട് മുതലക്കുളം മൈതാനിയിൽ ചേർന്ന സ്വാഗതസംഘം രൂപീകരണയോഗം സി.ഐ.ടി.യു. സംസ്ഥാന ജനറൽ സെക്രട്ടറി സ.എളമരംകരീം ഉദ്ഘാടനം ചെയ്തു. ബഹു. തൊഴിൽ എക്സൈസ് വകുപ്പ് മന്ത്രി സ.ടി.പി.രാമകൃഷ്ണൻ, സി.ഐ.ടി.യു. ദേശീയ സെക്രട്ടറി പി. നന്ദകുമാർ, സി.പി.ഐ.എം. ജില്ലാ സെക്രട്ടറി പി. മോഹനൻ മാസ്റ്റർ, എം.എൽ.എ. മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, മേയർ, മറ്റ് ജനപ്രതിനിധികൾ, രാഷ്ട്രീയ-സാംസ്ക്കാരിക പ്രവർത്തകർ,വർഗ്ഗ-ബഹു ജന സർവ്വീസ് സംഘടനാ നേതാക്കൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങൾ സ്വാഗതസംഘം യോഗത്തിൽ പങ്കുചേർന്നു. മന്ത്രി ടി. പി. രാമകൃഷ്ണൻ, സി.പി.ഐ.(എം)ജില്ലാ സെക്രട്ടറി എം. മോഹനൻ, വി.കെ.സി. മമ്മദ്കോയ എം.എൽ.എ, മേയർ തോട്ടത്തിൽ രവീന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബാബു പറശ്ശേരി എന്നിവർ രക്ഷാധികാരികളായും, എളമരംകരീം (ചെയർമാൻ)എ.പ്രദീപ്കുമാർ എം.എൽ.എ (വർക്കിങ്ങ് ചെയർമാൻ, പി.കെ.മുകുന്ദൻ (ജനറൽ കൺവീനർ)ടി.ദാസൻ (ട്രഷറർ) എന്നിവർ പ്രധാന ഭാരവാഹികളായി 1001 അംഗ സ്വാഗതസംഘമാണ് കൗൺസിൽ സമ്മേളനം വിജയിപ്പിക്കാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഇതിന് പുറമെ 14 സബ്ബ് കമ്മിറ്റികളും പ്രവർത്തിക്കുന്നുണ്ട്.

ദേശീയ കൗൺസിൽ സമ്മേളനത്തിന്റെ സമ്മേളന ലോഗോ പ്രകാശനം ജില്ലാ പ്രവർത്തക കൺവെൻഷനിൽ വെച്ച് കോഴിക്കോട് കോർപ്പറേഷൻ മേയർ തേട്ടത്തിൽ രവീന്ദ്രൻ പ്രകാശനം ചെയ്തു..